# പഞ്ചായത്ത് രാജ്

പുസ്തകം 56 ◆ ലക്കം 11
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ഫെബ്രുവരി 2017



## കേരളത്തിൽ ആസൂത്രണവസന്തം

ലക്ഷ്യം നവകേരളസൃഷ്ടി : പിണറായി വിജയൻ

നവചൈതന്യമാർജ്ജിച്ച് മുന്നോട്ട് : ഡോ: കെ.ടി.ജലീൽ

സ്ഥാപനവൽക്കരണ ശ്രമങ്ങൾ പൂർണ്ണമാക്കണം : എസ്.എം. വിജയാനന്ദ് ഐ.എ.എസ്.

ജനകീയാസൂത്രണം പതിമൂന്നാം പദ്ധതിയിൽ : ഡോ. കെ.എൻ. ഹരിലാൽ

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 നവകേരളത്തിനായി ജനകീയാസൂത്രണം
(റിപ്പോർട്ട്) പഞ്ചായത്ത് ന്യൂസ് സർവ്വീസ്)



9 ലക്ഷ്യം നവകേരളസൃഷ്ടി :
പിണറായി വിജയൻ



13 നവചൈതന്യമാർജ്ജിച്ച് മുന്നോട്ട് :
ഡോ: കെ.ടി.ജലീൽ



15 സ്ഥാപനവൽക്കരണ ശ്രമങ്ങൾ
പൂർണ്ണമാക്കണം
എസ്.എം. വിജയാനന്ദ് ഐ.എ.എസ്.



20 ജനകീയാസൂത്രണം പതിമൂന്നാം പദ്ധതിയിൽ
ഡോ. കെ.എൻ. ഹരിലാൽ



26 ഫോർ ദി പീപ്പിൾ/തദ്ദേശഭരണം
സുതാര്യതയിലേക്ക്

28 നാരായണഗുരുവിന്റെ
ശുചിത്വപ്രബോധനങ്ങൾ
എം.വിജയകുമാരൻ നായർ

32 ദിശ 2017
പ്രമോദ്.കെ.വി

34 കഥ - ചെന്നായ/കലഹം
സതീഷ് കിടാരക്കുഴി

35 മികവിന്റെ വിദ്യാലയങ്ങളൊരുക്കാൻ
പൊതുവിദ്യാഭ്യാസ സംരക്ഷണ
യജ്ഞത്തിന് തുടക്കമായി



38 മികവിന് അംഗീകാരം



# മികച്ച തെരഞ്ഞെടുപ്പ് പ്രവർത്തനത്തിനുള്ള ദേശീയ പുരസ്കാരം പി. ബാല കിരണിന്




*മികച്ച തെരഞ്ഞെടുപ്പ് മാതൃക നടപ്പാക്കിയതിനുള്ള ദേശീയ പുരസ്കാരം രാഷ്ട്രപതി പ്രണബ് മുഖർജിയിൽ നിന്നും പി. ബാല കിരൺ ഐ.എ.എസ് ഏറ്റുവാങ്ങുന്നു.*

കണ്ണൂർ ജില്ലാ തെരഞ്ഞെടുപ്പ് ആഫീസർ എന്ന നിലയിൽ 2016 ലെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ പ്രശ്നരഹിത തെരഞ്ഞെടുപ്പ് നടത്തിയതിനും പുതിയ തെരഞ്ഞെടുപ്പ് മാതൃകകൾ നടപ്പാക്കിയതിനുമുള്ള ദേശീയ പുരസ്കാരം പി.ബാല കിരൺ ഐ.എ.എസിനു ലഭിച്ചു. ന്യൂദില്ലിയിലെ മനേക്ഷാ സെന്ററിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി പ്രണബ് മുഖർജിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയ മികച്ച തെരഞ്ഞെടുപ്പ് മാതൃകകൾ -നൂതന വിഭാഗം എന്ന കാറ്റഗറിയിലാണ് അവാർഡ് ലഭിച്ചത്.

# പഞ്ചായത്ത് വകുപ്പിൽ

## ആയിരത്തിലധികം തസ്തികകളിൽ സ്ഥാനക്കയറ്റം

പഞ്ചായത്ത് വകുപ്പിൽ കഴിഞ്ഞ പതിനെട്ട് മാസങ്ങളായി ഒഴിഞ്ഞുകിടന്ന ആയിരത്തിലധികം തസ്തികകളിൽ പുതിയ സർക്കാർ ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിച്ചു. വകുപ്പിലെ സുപ്രധാന തസ്തികയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 204 തസ്തികകളിലാണ് ജീവനക്കാരെ നിയമിച്ചത്. ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറി - 253, ഹെഡ്ക്ലർക്ക്-209, അക്കൗണ്ടന്റ് -179, സീനിയർ ക്ലർക്ക് - 228 എന്നിങ്ങനെ പ്രൊമോഷനുകൾ നടപ്പിലാക്കിക്കഴിഞ്ഞു. പുതിയ സ്ഥാനക്കയറ്റ ഉത്തരവുകൾ തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി.ജലീൽ, പ്രിൻസിപ്പൽ സെക്രട്ടറി റ്റി.കെ.ജോസ് എന്നിവരുടെ നിർദ്ദേശാനുസരണമാണ് പഞ്ചായത്ത് ഡയറക്ടർ ഉത്തരവുകൾ പുറപ്പെടുവിച്ചത്.

ഇപ്രകാരം വലിയ അളവിലുള്ള സ്ഥാനക്കയറ്റ ഉത്തരവുകൾ നടപ്പിലാക്കിയതിന്റെ ഫലമായി പഞ്ചായത്ത് വകുപ്പിലേക്കായി മാത്രം ഏകദേശം 250-നും 300-നും ഇടയിൽ പുതിയ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി.ലിസ്റ്റിൽ നിന്നും ക്ലർക്ക് തസ്തികയിലേക്ക് നിയമനം ലഭിക്കും.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 2017 | പുസ്തകം 56 | ലക്കം 11 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. കെ.ടി. ജലീൽ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ

**ടി.കെ. ജോസ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**ഡോ. കെ. അമ്പാടി** ഐ.ഐ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. തുളസിഭായ് പത്മനാഭൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**കെ.ആർ. അജയൻ**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ

**പി. ബാല കിരൺ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

**പി. ബാല കിരൺ ഐ.എ.എസ്.**
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**ജി. ഹരികൃഷ്ണൻ**
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
Aadhi Graphics
(mayasanthoshm@gmail.com)

കവർ പെയിന്റിംഗ്
**ബി.എൻ. മേച്ചേരി**

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


# എഡിറ്റോറിയൽ

## സ്വരാജ് വിജയികൾക്ക്

ഹൃദയോഷ്മളമായ അഭിനന്ദനം. 2015-16ൽ ജനകീയവും ശാസ്ത്രീയവുമായ പ്രവർത്തനമികവിലൂടെ നേട്ടങ്ങളുടെ നെറുകയിലെത്തിയത് രണ്ട് ഗ്രാമപഞ്ചായത്തുകളാണ്. സ്വരാജ് ട്രോഫി, ഒന്നാം സ്ഥാനത്തോടെ കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിലും പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലുമെത്തി. മൂന്നാം സ്ഥാനത്തിന്റെ തിളക്കം കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിനാണ്. ജില്ലാ തലത്തിൽ പുരസ്കാരം നേടിയവരും അഭിനന്ദനം അർഹിക്കുന്നു.

വിജയികൾക്ക് അഭിനന്ദനം ചൊരിയുമ്പോഴും ചില അപ്രിയകാര്യങ്ങൾ പറയാതെവയ്യ. പാലക്കാടും കണ്ണൂരും - ജില്ലാതലത്തിൽ ആരും യോഗ്യത നേടിയിട്ടില്ല, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ അർഹതാമാനദണ്ഡം പാലിച്ച പഞ്ചായത്തുകൾ ഇല്ലായിരുന്നു എന്ന ദുഃഖകരമായ അവസ്ഥ കാണണം. തിരുവനന്തപുരം, പത്തനംതിട്ട, കോഴിക്കോട്, എറണാകുളം, വയനാട് ജില്ലകളിൽ രണ്ടാം സ്ഥാനത്തിനർഹരില്ലായിരുന്നു എന്ന ദുഃഖസത്യം നമ്മെ തുറിച്ചുനോക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് പുരസ്കാരവും കണ്ണൂർ ജില്ല നിലനിർത്തി. എടക്കാട് ബ്ലോക്ക് പഞ്ചായത്താണ് ഒന്നാം സ്ഥാനത്ത് മുത്തമിട്ടത്. തെക്കൻ പെരുമയും പുറകിലല്ല. കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കാണ് രണ്ടാം സ്ഥാനത്തിൽ ജ്വലിച്ചത്. പ്രവർത്തിച്ചാൽ ഫലമുറപ്പെന്ന് തെളിയിച്ച് എറണാകുളം ജില്ലയിലെ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് മൂന്നാം സ്ഥാനം നേടി. കൊല്ലം ജില്ലയെ തേടിയെത്തിയ മറ്റൊരു സുവർണ്ണസമ്മാനമാണ് ജില്ലാ പഞ്ചായത്തിന് ലഭിച്ച ഒന്നാം സ്ഥാനം. നിരവധി മേഖലകളിൽ മുന്നേറ്റം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മലപ്പുറം ജില്ലയിൽ നിന്നും ജില്ലാ പഞ്ചായത്ത് രണ്ടാം സ്ഥാനം നേടിയത് എടുത്തുപറയത്തക്ക കാര്യം തന്നെ. ഗ്രാമീണജനതയുടെ ഹൃദയത്തുടിപ്പായി മാറിയ തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമായി, സുതാര്യമായി, മികവോടെ നിർവ്വഹണം നടത്തി മഹാത്മാ പുരസ്കാരം കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകളേയും മാതൃകയാക്കാം. തളിക്കുളവും ഏങ്ങണ്ടിയൂരും കടുങ്ങല്ലൂരും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തി. ഇനിയും എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും വികസനോന്മുഖവും ക്ഷേമദായകവും ആരോഗ്യകരവുമായ മത്സരബുദ്ധിയോടെ നാടിന്റെ മുഖഛായ ഗുണപരമായി മാറ്റുവാൻ ജാഗ്രത കാണിക്കേണ്ടതാണ്. അടുത്ത സമ്മാനം നിങ്ങൾക്കാകട്ടെ.

ഈ മാസം മുതൽ പദ്ധതിപുരോഗതി അനുനിമിഷം അറിയുന്നതിനായി എസ്.എം.എസ്. സംവിധാനമൊരുങ്ങി. ഇതിലൂടെ ദിനംപ്രതി പദ്ധതി പ്രവർത്തനനില വിശകലനം ചെയ്യുന്നതിനും, മുന്നേറുന്നതിനും ചെലവിടുന്നതിൽ ഏറ്റവും മുന്നാക്കവും, പിന്നാക്കവും നില്ക്കുന്ന സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിനും സാധിക്കും.

ഏറ്റവും പിന്നാക്കം നില്ക്കുന്ന 40 ഗ്രാമപഞ്ചായത്തുകൾക്കും പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന 10 പഞ്ചായത്തുകൾക്കും 10 മുനിസിപ്പാലിറ്റികൾക്കും എന്നിങ്ങനെ ആകെ 60 സ്ഥാപനങ്ങൾക്ക് 2 കോടി രൂപ വീതം മൊത്തം 120 കോടി രൂപ തദ്ദേശമിത്രം ധനസഹായം അനുവദിച്ചിട്ടുണ്ടെന്നുള്ള സന്തോഷവാർത്ത പറയട്ടെ. തദ്ദേശമിത്രം പദ്ധതികൾക്ക് സാങ്കേതികാനുമതി വാങ്ങി ടെൻഡർ നടപടിക്രമം പൂർത്തീകരിച്ച് മാർച്ച് 31-നകം കരാറിലേർപ്പെട്ടില്ലെങ്കിൽ ഉറപ്പായും പണം നഷ്ടപ്പെടും എന്ന കാര്യം വളരെ ഗൗരവമായിത്തന്നെ എടുക്കേണ്ടതാണ്.

ശുദ്ധീകരണത്തിന്റെ മാസമാണ് ഫെബ്രുവരി. അലസതയോ, അനാസ്ഥയോ നമുക്കില്ല. എങ്കിലും പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ശുദ്ധീകരിച്ച് അടിയന്തരമായി പദ്ധതിപ്പണം പരമാവധി ചെലവ് വരുത്താൻ ശ്രമിക്കണം, ശ്രദ്ധിക്കണം. 'കുതികൊൾക ശക്തിയിലേക്കു നമ്മൾ' എന്ന ഇടശ്ശേരിവാക്യം ആവർത്തിച്ച് ഓർമ്മിച്ച് പ്രവർത്തിക്കേണ്ട സമയമാണിത്. ഭൂമിയെ നിറയ്ക്കുന്ന കുംഭമാസത്തിൽ കർമ്മോൻമേഷം നിറഞ്ഞ മനസ്സുകളാണ് പഞ്ചായത്ത് ഭരണ സമിതികൾക്കും ജീവനക്കാർക്കും വേണ്ടത്.

**പി. ബാല കിരൺ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ



# നവകേരളത്തിനായി
## ജനം ഭരിക്കുന്ന മണ്ണ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് (2017-2022) വികസനോജ്ജ്വലമായ തുടക്കമായി. 2017 ജനുവരി 21ന് തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ പ്രത്യേകം സജ്ജമാക്കിയ വേദിയിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരെ സാക്ഷിനിർത്തി "നവകേരളത്തിനായി ജനകീയാസൂത്രണം"സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി.ജലീൽ അദ്ധ്യക്ഷത വഹിച്ചു.

മന്ത്രിമാരായ ഇ.ചന്ദ്രശേഖരൻ, ഡോ.ടി.എം.തോമസ് ഐസക്ക്, എ.സി. മൊയ്തീൻ, അഡ്വ.വി.എസ്.സുനിൽകുമാർ, പ്രൊഫ.സി.രവീന്ദ്രനാഥ്, സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാൻ ഡോ.വി.കെ.രാമചന്ദ്രൻ, മേയർ അജിത ജയരാജൻ, എം.പി.മാരായ സി.എൻ.ജയദേവൻ, പി.കെ.ബിജു, സി.പി.നാരായണൻ, എം.എൽ.എ മാരായ ബി.ഡി.ദേവസ്സി, ഗീതഗോപി, പ്രൊഫ.കെ.യു.അരുണൻ, യു.ആർ.പ്രദീപ്, അഡ്വ.കെ.രാജൻ, കെ.വി.അബ്ദുൾ ഖാദർ, മുരളി പെരുനെല്ലി, ഇ.ടി.ടൈസൺ മാസ്റ്റർ, അഡ്വ.വി.ആർ.സുനിൽകുമാർ, ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ്, ആസൂത്രണ ബോർഡംഗങ്ങളായ ഡോ.കെ.എൻ.ഹരിലാൽ, ഡോ.മൃദുൽ ഈപ്പൻ, ഡോ.ടി.ജയരാമൻ, ഡോ.ആർ.രാംകുമാർ, ഡോ.ജയൻ ജോസ് തോമസ്, ഡോ.കെ.രവിരാമൻ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി ഡോ.വി.വേണു, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ഡോ.വി.കെ.ബേബി തുടങ്ങി നിരവധി പേർ സംബന്ധിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ സ്വാഗതവും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.ജോസ് നന്ദിയും പറഞ്ഞു.

പരിപാടിയുടെ ഭാഗമായി 12 വേദികളിലായി വിവിധ വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകൾ നടന്നു. വിദ്യാർത്ഥി-യുവജന വിഭാഗങ്ങളെ കർമ്മനിരതരാക്കാൻ ഉപയുക്തമായ "യുവസംഗമം" ഒരുക്കിയിരുന്നു. പങ്കെടുത്തവരെയെല്ലാം ക്ഷേമവികസനചിന്തകളാൽ ധന്യരാക്കിയ അമ്പതോളം സ്റ്റാളുകളുടെ പ്രദർശനനഗരിയും പുതിയ അനുഭവമായി. ജനകീയാസൂത്രണത്തിന് കലാത്മകപിന്തുണയുമായി "ജനകീയ ചിത്രകലാ സംഗമം" നടന്നു.



*"നവകേരളത്തിനായി ജനകീയാസൂത്രണം" സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു*

# ജനകീയാസൂത്രണം ആസൂത്രണവസന്തം

നാടിന്റെ നന്മ കാംക്ഷിക്കുന്ന ഏവരേയും ആവേശോജ്ജ്വലരാക്കിയ ശുഭതുടക്കത്തിന്റെ വിശദാംശങ്ങളിലേക്ക്...

## അനുബന്ധ സെമിനാറുകൾ

ഊർജ്ജദായകമായ ചിന്തകളുണർന്ന 12 വേദികൾ. സർവ്വതല സ്പർശിയായ 12 വിഷയങ്ങളിൽ സെമിനാർ നടന്നു. ഭരണാധികാരികൾ, പ്രാദേശിക സർക്കാർ പ്രതിനിധികൾ, വിദഗ്ധർ, ഉദ്യോഗസ്ഥർ, സാമ്പത്തിക - ആസൂത്രണ വിദഗ്ധർ, യുവജന - വിദ്യാർത്ഥി പ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ എന്നിവരെല്ലാം സദസ്സിലും വേദിയിലും ശ്രദ്ധേയമായ ഇടപെടലുകൾ നടത്തി.

## സദ്ഭരണം

അഴിമതി ഇല്ലാതാക്കലാണ് സർക്കാരിന്റെ നയമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി.ജലീൽ പറഞ്ഞു. ഇതിനായി ഉദ്യോഗസ്ഥരാണ് മുന്നിട്ടിറങ്ങേണ്ടത്. ജനകീയമനോഭാവത്തോടെയുള്ള സദ്ഭരണം കാഴ്ചവെയ്ക്കാൻ ഏറ്റവും അധികം പങ്ക് വഹിക്കേണ്ടത് ഉദ്യോഗസ്ഥരാണെന്ന് നവകേരളത്തിന് ജനകീയാസൂത്രണത്തിന്റെ സദ്ഭരണം എന്ന സെമിനാറിൽ പങ്കെടുത്ത് സംസാരിക്കവെ അദ്ദേഹം പറഞ്ഞു. അഴിമതിനിർമ്മാജ്ജനത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുന്നിലാണ്. അഴിമതിമുക്ത കേരളത്തിനായി ഫെബ്രുവരിയിൽ 'ഫോർ ദി പീപ്പിൾ' എന്ന പേരിൽ ഒരു വെബ്സൈറ്റ് ആരംഭിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറി വി.കെ.ബേബി ആമുഖാവതരണം നടത്തി. ഇ.ടി. ടൈസൺ മാസ്റ്റർ എം.എൽ.എ., വി. ശ്രീകുമാർ, സംസ്ഥാന ആസൂത്രണബോർഡംഗം ഡോ.കെ.വി.ഗംഗാധരൻ, കെ.കെ.ശശികുമാർ എന്നിവർ സംസാരിച്ചു.

## വികേന്ദ്രീകൃത/മാലിന്യമാനേജ്മെന്റ്

നാട്ടിൻപുറത്ത് സമ്പൂർണ്ണശുചിത്വ ക്യാമ്പയിന്റെ പ്രധാനഘടകം കമ്പോസ്റ്റ്പിറ്റുകളാണെന്ന് ധനകാര്യവകുപ്പുമന്ത്രി ഡോ.തോമസ് ഐസക് അഭിപ്രായപ്പെട്ടു. സെമിനാറിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇത്തരം പ്രവർത്തനങ്ങൾ

*ശേഷം 22-ാം പേജിൽ*




# ലക്ഷ്യം നവകേരളസൃഷ്ടി

## പിണറായി വിജയൻ

കേരളത്തിലെ പുതിയ സർക്കാർ എടുത്ത ആദ്യ തീരുമാനങ്ങളിൽ ഒന്ന് പഞ്ചവത്സരപദ്ധതികളും ആസൂത്രണവും തുടരും എന്നതാണ്. കേന്ദ്ര സർക്കാർ ആസൂത്രണത്തിന്റെ വഴി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടും വികസനാസൂത്രണം തുടരാൻ കേരളം തീരുമാനിച്ചതിന്റെ കാരണം ജനാധിപത്യത്തിലുള്ള ഉറച്ച വിശ്വാസമാണ്. കേരളത്തിന്റെ ഭാവിയെ വിധിക്കും കമ്പോളത്തിനും വിട്ടുകൊടുക്കാൻ നമ്മൾ തയ്യാറല്ല. കൂട്ടായ ഇടപെടലിലൂടെ ചരിത്രം നിർമ്മിക്കാൻ കേരളത്തിലെ ജനങ്ങൾ കാണിച്ച നിശ്ചയദാർഢ്യമാണല്ലോ വിശ്വവിഖ്യാതമായ കേരളമാതൃക ഉണ്ടാവാൻ കാരണം. പൊതുനന്മയ്ക്കായി ഒത്തുചേരാനും പൊതുജനാഭിപ്രായം രൂപീകരിക്കാനും കൂട്ടായി ഇടപെടാനും കേരളീയർ കാണിച്ച ഉത്സാഹമാണ് ഇന്നു നാം അഭിമാനം കൊള്ളുന്ന കേരളത്തിന്റെ എല്ലാ നേട്ടങ്ങൾക്കും കാരണം. ചരിത്രത്തിന്റെ ഗതിയെ സ്വാധീനിക്കാനും നയിക്കാനും കേരളത്തിലെ ജനങ്ങൾ കാണിക്കുന്ന ഈ ഉത്സാഹം പതിമൂന്നാം പദ്ധതി കാലത്തും തുടരും. കൂട്ടായ പ്രവർത്തനത്തിന്റെ മൂർത്ത രൂപമായിരിക്കും കേരളത്തിന്റെ പതിമൂന്നാം പദ്ധതി.

സംസ്ഥാനത്തിന്റെ പതിമൂന്നാം പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഏകദേശം രണ്ടുലക്ഷം കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയാണ് നാം വിഭാവനം ചെയ്യുന്നത്. കേരളത്തിന്റെ വികസന ചരിത്രത്തിൽ ഈ പദ്ധതി ഒരു നാഴികക്കല്ലാവും എന്ന കാര്യത്തിൽ ഈ സർക്കാരിനു ആത്മവിശ്വാസമുണ്ട്. നമ്മുടെ സഹകരണ പ്രസ്ഥാനത്തെയാകെ പ്രതിസന്ധിയിലാക്കിയ നോട്ട് പിൻവലിക്കലും തുടർന്നുണ്ടായ നിയന്ത്രണങ്ങളും ഉയർത്തുന്ന വെല്ലുവിളികളെ അതിജീവിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി മുന്നേറുന്നുണ്ട്. വരൾച്ച സൃഷ്ടിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് മുൻകൂർ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കറൻസി പ്രശ്നവും വരൾച്ചയും സൃഷ്ടിക്കുന്ന പ്രതിസന്ധി വളരെ വൈകാതെ അവസാനിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പ്രശ്നങ്ങൾ ഒഴിച്ചു നിർത്തിയാൽ കേരളത്തെ വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേക്ക് ഉയർത്താൻ പറ്റിയ ഒരു സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. വളർച്ചയുടെ

ഉയർന്ന പന്ഥാവ് എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് കേവലം ഉയർന്ന വളർച്ചാനിരക്കുകൾ മാത്രമല്ല. തുടർച്ച യായുള്ള ഉയർന്ന വളർച്ചയോടൊപ്പം സാമൂഹ്യനീതിയും പരിസ്ഥിതി രക്ഷയും വിനോദവും വിശ്രമവും സാംസ്കാ രികളുണർവും ഉറപ്പാക്കുന്ന വികസനത്തിന്റേയും അഭി വൃദ്ധിയുടേയും ഒരു പുതിയ ഘട്ടത്തിലേക്ക് കടന്നുചെ ല്ലാൻ പതിമൂന്നാം പദ്ധതി കേരളത്തെ പ്രാപ്തമാക്കും. പതിമൂന്നാം പദ്ധതി ലക്ഷ്യമിടുന്നത് നവകേരളത്തിന്റെ സൃഷ്ടിയാണ്.

ജനകീയാസൂത്രണം പതിമൂന്നാം പദ്ധതിയിൽ നേ രത്തെ സൂചിപ്പിച്ച രണ്ടു ലക്ഷം കോടി രൂപയുടെ പദ്ധതി അടങ്കലിൽ ഏകദേശം 60,000 കോടി രൂപയോളം പ്രാദേ ശിക സർക്കാരുകളുടെ പദ്ധതികൾക്കായി നീക്കിവെയ് ക്കാനാണ് ആലോചിക്കുന്നത്. എന്നുപറഞ്ഞാൽ പതി മൂന്നാം പദ്ധതി ലക്ഷ്യമിടുന്ന നവകേരളത്തിന്റെ സൃഷ്ടി സാധ്യമാവണമെങ്കിൽ സംസ്ഥാനതല പദ്ധതിയോടൊപ്പം പ്രാദേശിക പദ്ധതികളും വലിയ വിജയമായി മാറണം.

എഴുപത്തിമൂന്നും എഴുപത്തിനാലും ഭരണഘടനാ ഭേദഗതികളുടെ സാധ്യത ഏറ്റവും ഫലപ്രദമായി ഉപയോ ഗിച്ചത് കേരളമാണ് എന്ന കാര്യം ഇന്ന് ഏവരും സമ്മതി ക്കും. കേരളഭരണത്തിന്റെ ജനാധിപത്യവൽക്കരണത്തിന് ജനകീയാസൂത്രണപ്രസ്ഥാനം വലിയ പങ്കുവഹിച്ചു എന്ന കാര്യവും നിസ്തർക്കമാണ്. എന്നാൽ ജനകീയാസൂത്ര ണത്തെ സംബന്ധിച്ചു നടന്ന പഠനങ്ങളും കമ്മീഷൻ റിപ്പോർട്ടുകളും ജനകീയ സംവാദങ്ങളും നേട്ടങ്ങളോടൊ പ്പം അതിന്റെ പോരായ്മകളും ശുപാർശ ചെയ്തിട്ടുണ്ട്. അനുഭവങ്ങളിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ട് നന്മകൾ നിലനിർത്തി പോരായ്മകൾ പരിഹരിച്ച് മുന്നേറാനാണ് പതിമൂന്നാം പദ്ധതിയിൽ ശ്രമിക്കുക. ജനകീയാസൂത്രണം സാധ്യമാക്കിയ നേട്ടങ്ങൾ ഇവിടെ പ്രത്യേകിച്ച് എടുത്തു പറയുന്നില്ല. ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ ഏറെ വിലപ്പെട്ടതാണ് എന്നതുകൊണ്ടാണ് അത് തുടരുന്നത്. എന്നാൽ നാളിതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാ നത്തിൽ പോരായ്മകൾ പരിഹരിച്ച് മുന്നേറാനാണ് നാം ശ്രമിക്കേണ്ടത്.

## നടപടിക്രമങ്ങൾ ലളിതമാക്കണം

ആദ്യം വേണ്ടത് നടപടിക്രമങ്ങൾ ലളിതമാക്കുക യാണ്. ഇതുമായി ബന്ധപ്പെട്ട് ഞാൻ ഒരു ചോദ്യം ചോ ദിച്ചോട്ടെ? പഞ്ചായത്തുകളുടെയും നഗരസഭകളുടെയും 2017-18 ലേക്കുള്ള വാർഷിക പദ്ധതിയുടെ രൂപീകരണം എപ്പോഴാണ് പൂർത്തിയാവുക ? മാർച്ച് 31നു മുമ്പ് പദ്ധതി പൂർത്തിയാക്കി ഏപ്രിൽ ഒന്നു മുതൽ നിർവ്വഹണം ആരം ഭിക്കാൻ കഴിയുമോ? ഇതുവരെയുള്ള അനുഭവംവെച്ചാ ണെങ്കിൽ പദ്ധതി തയ്യാറാവാൻ ആഗസ്ത്-സെപ്തംബർ മാസം വരെയാകും. പണം ചെലവാക്കുന്നത് ഏതാണ്ട് എൺപതു ശതമാനവും അവസാനത്തെ മൂന്നുമാസം; അതിൽ തന്നെ ഏറ്റവും കൂടുതൽ മാർച്ച് മാസമായിരി ക്കും. ഈ നില തുടരാനാവില്ല. നടപടിക്രമങ്ങൾ ലളിത മാക്കിയേ മതിയാവൂ. ഒപ്പം പ്രാദേശിക ഗവൺമെന്റുകൾ കൂടുതൽ ഉണർന്നു പ്രവർത്തിക്കുകയും വേണം.

പദ്ധതിരൂപീകരണവും നടത്തിപ്പും സമയബന്ധിതമാ ക്കാൻ ജനപങ്കാളിത്തം ഉറപ്പാക്കുന്ന നടപടിക്രമങ്ങൾ ഉപേ ക്ഷിക്കാൻ കഴിയുമോ എന്ന ചോദ്യം ഇവിടെ പ്രസക്ത മാണ്. ജനപങ്കാളിത്തവും സമയനിഷ്ഠയും ഒരുമിച്ച് കൈവരിക്കാനാവുമോ എന്നതാണ് നാം ഏറ്റെടുക്കേണ്ട വെല്ലുവിളി. പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനം കാ ലേകൂട്ടി ആരംഭിക്കുക എന്നതാണ് നിർദ്ദേശിക്കാവുന്ന പോംവഴി. വരുന്ന ധനകാര്യവർഷത്തേക്കുള്ള പദ്ധതി രൂപീകരണം ഇപ്പോൾ തന്നെ തുടങ്ങുകയും വേണ്ടത്ര ഉത്സാഹിക്കുകയും ചെയ്താൽ ഏപ്രിൽ ഒന്നിനു നിർ വ്വഹണം ആരംഭിക്കാൻ കഴിയും. അതിനുള്ള ശ്രമം സംസ്ഥാന സർക്കാരിന്റെ തലത്തിൽ ആരംഭിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ സമയക്രമം പാലിക്കാൻ ജാ ഗ്രത കാണിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

**ജനപങ്കാളിത്തവും സമയനിഷ്ഠയും ഒരുമിച്ച് കൈവരിക്കാനാവുമോ എന്നതാണ് നാം ഏറ്റെടുക്കേണ്ട വെല്ലുവിളി. പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനം കാലേകൂട്ടി ആരംഭിക്കുക എന്നതാണ് നിർദ്ദേശിക്കാവുന്ന പോംവഴി. വരുന്ന ധനകാര്യവർഷത്തേക്കുള്ള പദ്ധതിരൂപീകരണം ഇപ്പോൾ തന്നെ തുടങ്ങുകയും വേണ്ടത്ര ഉത്സാഹിക്കുകയും ചെയ്താൽ ഏപ്രിൽ ഒന്നിനു നിർവ്വഹണം ആരംഭിക്കാൻ കഴിയും. അതിനുള്ള ശ്രമം സംസ്ഥാന സർക്കാരിന്റെ തലത്തിൽ ആരംഭിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ സമയക്രമം പാലിക്കാൻ ജാഗ്രത കാണിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.**

യഥാർത്ഥത്തിൽ ആസൂത്രണത്തെ ഒരു തുടർച്ച യായ പ്രക്രിയയായാണ് നാം കാണേണ്ടത്. ധനകാര്യ വർഷം തുടങ്ങാറാവുമ്പോൾ വെപ്രാളപ്പെട്ട് നടത്തേണ്ട ഒരുകാര്യമായി ആസൂത്രണത്തെ കാണരുത്. നാം ജീ വിക്കുന്ന ഗ്രാമത്തിന്റെ അല്ലെങ്കിൽ നഗരത്തിന്റെ ഭാവി വികസനം എങ്ങനെയാവണം എന്നതു സംബന്ധിച്ച് അന്വേഷണങ്ങളും പഠനങ്ങളും സംവാദവും തുടർച്ചയാ യി നടക്കണം. അങ്ങനെയുള്ള തയ്യാറെടുപ്പ് ഉണ്ടെങ്കിൽ പദ്ധതി തയ്യാറാക്കാൻ പ്രോജക്ടുകൾക്കു വേണ്ടി നെ ട്ടോട്ടം ഓടേണ്ടി വരില്ല. നാടിന്റെ പൊതുനന്മയേയും വികസനത്തേയും കുറിച്ച് ചിന്തിക്കുകയും പ്രവർത്തി ക്കുകയും ചെയ്യുന്നവരുടെ ഒരു കൂട്ടായ്മയിലേക്ക് എല്ലാ പൗരന്മാരെയും ആകർഷിക്കാൻ കഴിയണം. എല്ലാ പൗരന്മാരും ആസൂത്രകരായി മാറുന്ന അവസ്ഥയാണ് നാം ആത്യന്തികമായി ലക്ഷ്യംവയ്ക്കേണ്ടത്.

## ജനപങ്കാളിത്തം

ഗ്രാമസഭകളിലും ഇതര പ്രവൃത്തികളിലും ജന ങ്ങൾ പങ്കെടുക്കുന്നത് കുറയുന്നു എന്നതാണ് നമ്മുടെ സമീപകാലയനുഭവം. പുതിയ പദ്ധതി മുതൽ പങ്കാളി ത്തം എണ്ണത്തിലും ഗുണത്തിലും വർദ്ധിപ്പിക്കണം.

**യഥാർത്ഥത്തിൽ ആസൂത്രണത്തെ ഒരു തുടർച്ചയായ പ്രക്രിയയായാണ് നാം കാണേണ്ടത്. ധനകാര്യവർഷം തുടങ്ങാറാവുമ്പോൾ വെപ്രാളപ്പെട്ട് നടത്തേണ്ട ഒരുകാര്യമായി ആസൂത്ര ണത്തെ കാണരുത്. നാം ജീവിക്കുന്ന ഗ്രാമത്തിന്റെ അല്ലെങ്കിൽ നഗരത്തിന്റെ ഭാവിവികസനം എങ്ങനെയാവണം എന്നതു സംബന്ധിച്ച് അന്വേഷണങ്ങളും പഠനങ്ങളും സംവാദവും തുടർച്ചയായി നടക്കണം. അങ്ങനെയുള്ള തയ്യാറെടുപ്പ് ഉണ്ടെങ്കിൽ പദ്ധതി തയ്യാറാക്കാൻ പ്രോജക്ടുകൾക്കു വേണ്ടി നെട്ടോട്ടം ഓടേണ്ടി വരില്ല.**

ഔപചാരിക പങ്കാളിത്തമല്ല അർത്ഥവത്തായ പങ്കാളിത്തമാണ് ഉണ്ടാവേണ്ടത്. തെരഞ്ഞെടുപ്പു കഴിഞ്ഞാൽ പൗരന്മാരുടെ ഉത്തരവാദിത്തം അവസാനിച്ചു എന്നാണ് ഇപ്പോൾ തെരഞ്ഞെടുക്കുന്നവരുടേയും തെരഞ്ഞെടുക്കപ്പെടുന്നവരുടേയും ധാരണ. ഇതാണ് മാറേണ്ടത്. തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിൽ അവസാനിക്കുന്നതല്ല ജനാധിപത്യത്തിൽ പൗരന്മാരുടെ ഉത്തരവാദിത്തം. കേരളമാതൃകയുടെ അടിസ്ഥാനം തന്നെ കൂട്ടായ ഇടപെടലുകളുടെ പാരമ്പര്യമാണെന്നു തുടക്കത്തിലെ സൂചിപ്പിച്ചല്ലോ. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ സംസ്ഥാനതലത്തിൽ ദൃശ്യമാവുന്ന തുടർച്ചയായ ഇടപെടലിന്റെ ഈ രീതി നമ്മുടെ ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും കാര്യത്തിൽ കാണുന്നില്ല. പ്രദേശങ്ങളിൽ വികസനവാദങ്ങൾ ഉണ്ടാകുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ പൗരന്മാരുടെ ഭാഗത്തുനിന്നും തുടർച്ചയായ ഇടപെടൽ ഉണ്ടാകുന്നില്ല. പതിമൂന്നാം പദ്ധതിയിൽ ഈ നില മാറണം. ജനകീയസംവാദങ്ങളും തുടർച്ചയായ ഇടപെടലുകളും വളർത്തിയെടുക്കാൻ ഭരണസമിതികളും ഒപ്പം രാഷ്ട്രീയപാർട്ടികളും ജനങ്ങളുടെ ഇതര പ്രസ്ഥാനങ്ങളും സമൂഹമാകെയും മുൻകൈയെടുക്കണം.

## ബഹുതല ആസൂത്രണം

പതിമൂന്നാം പദ്ധതിയിലെ ജനകീയാസൂത്രണത്തിന്റെ മറ്റൊരു പ്രത്യേകത ബഹുതല ആസൂത്രണത്തിന് നൽകുന്ന പ്രാധാന്യമായിരിക്കും. ഇത് ഒരു പ്രധാന വ്യത്യാസമാണ്. നാം വളരെ വളരെ പ്രാദേശികം എന്നു കരുതുന്ന പല പ്രശ്നങ്ങളും യഥാർത്ഥത്തിൽ അത്ര പ്രാദേശികമല്ല എന്നു കൂടുതൽ ആഴത്തിൽ പരിശോധിക്കുമ്പോൾ മനസ്സിലാവും. ഉദാഹരണത്തിന് മാലിന്യപ്രശ്നം, കുടിവെള്ളപ്രശ്നം തുടങ്ങി ഏത് പ്രശ്നമെടുത്താലും പ്രദേശത്തിനപ്പുറത്തേക്കു നീളുന്ന വേരുകളും ശാഖകളും ഒക്കെ കാണാൻ കഴിയും.

പ്രാദേശികപ്രശ്നങ്ങൾക്കു പ്രദേശത്തിനു പുറത്തേക്കു വേരുകളും ശാഖകളും ഉണ്ട് എന്നത് എടുത്തു പറയുന്നത് എല്ലാ പ്രശ്നങ്ങൾക്കും പ്രാദേശികമായി പങ്കാളിത്ത ആസൂത്രണത്തിലൂടെ പരിഹാരം കാണാൻ കഴിയും എന്ന ധാരണ തെറ്റാണ് എന്നു സ്ഥാപിക്കാനാണ്. മുൻകാലത്ത് പ്രാദേശിക ആസൂത്രണത്തെ മുകൾത്തട്ട് ഗവൺമെന്റുകളുമായും വകുപ്പുകളുമായും കൂട്ടിയിണക്കുന്ന കാര്യം നാം വേണ്ടത്ര ശ്രദ്ധിച്ചിരുന്നില്ല. ഈ പോരായ്മ പരിഹരിക്കാൻ പതിമൂന്നാം പദ്ധതിയിൽ ആത്മാർത്ഥമായ ശ്രമം ഉണ്ടാവും. പ്രാദേശിക വികസനപ്രശ്നങ്ങൾ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ഗ്രാമസഭകളുടെയും അയൽസഭകളുടെയും സ്വയംസഹായസംഘങ്ങളുടെയും ചുമലിൽ കെട്ടിവച്ചിട്ട് മാറിനിൽക്കുന്ന സമീപനമല്ല സംസ്ഥാന സർക്കാർ സ്വീകരിക്കുക. മറിച്ച് പ്രാദേശിക സർക്കാരുകളുടെ ഭരണഘടനാപരമായ ഉത്തരവാദിത്തം നിർവ്വഹിക്കാൻ അവയെ സഹായിക്കുന്ന തരത്തിലുള്ള അനുപൂരകമായ ഇടപെടൽ സംസ്ഥാന സർക്കാർ വകുപ്പുകളുടെ ഭാഗത്തുനിന്നും ഉണ്ടാവും. ആ തരത്തിലാണ് എല്ലാ മിഷനുകളുടെയും പ്രവർത്തനം വിഭാവനം ചെയ്യുന്നത്. മറ്റു വകുപ്പുകളും പ്രാദേശിക സർക്കാരുകളെ സഹായിക്കാൻ ഇപ്രകാരം മുന്നോട്ടു വരും.

സാങ്കേതികമികവും വിദഗ്ദ്ധരുടെ പങ്കാളിത്തവും ജനകീയാസൂത്രണപദ്ധതികളും പ്രോജക്ടുകളും അറിവിന്റെയും സാങ്കേതികവിദ്യയുടെയും ഉള്ളടക്കത്തിന്റെ കാര്യത്തിൽ പിന്നോക്കമാണെന്ന വിമർശനം തുടക്കം മുതൽ ഉണ്ട്. അറിവിന്റെ ശേഖരം നിരന്തരം വളർന്നു കൊണ്ടിരിക്കുകയാണ്. അത് തന്നെയാണ് സാങ്കേതികവിദ്യയുടെ കാര്യവും. അറിവും സാങ്കേതികവിദ്യയും ജീവിതത്തിലേക്കും ഉല്പാദനത്തിലേക്കും വിപണനത്തിലേക്കും ഉപഭോഗത്തിലേക്കും ഉൾക്കൊള്ളാൻ കഴിയുന്ന സമൂഹങ്ങളാണ് വേഗം വികസിച്ചു കൊണ്ടിരിക്കുന്നത്. പ്രാദേശിക ഗവൺമെന്റുകൾക്ക് വിദഗ്ദ്ധരുടേയും വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങളുടേയും സേവനം ഇപ്പോൾ ലഭ്യമല്ല. സർക്കാർ വകുപ്പുകളിലെ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം പോലും ആവശ്യത്തിനു ലഭ്യമല്ല എന്ന പരാതിയുണ്ട്. പതിമൂന്നാം പദ്ധതിയിൽ പ്രാദേശിക വികസനപദ്ധതികളും വിജ്ഞാനവും അഥവാ വൈദഗ്ധ്യവും തമ്മിലുള്ള ഈ വിടവ് നികത്താൻ കഴിയണം. അതിനു കഴിഞ്ഞാൽ പ്രാദേശിക സർക്കാരുകൾക്കു മാത്രമല്ല അറിവുല്പാദിപ്പിക്കാൻ ചുമതലപ്പെട്ട വിദ്യാഭ്യാസ - ഗവേഷണ സ്ഥാപനങ്ങൾക്കും നേട്ടമുണ്ടാവും. ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പഠനങ്ങളും ഗവേഷണവും അറിവിന്റെ അടിത്തറ കൂടുതൽ ശക്തമാക്കും.

പതിമൂന്നാം പദ്ധതിക്കാലത്ത് സംസ്ഥാന-ജില്ല-ബ്ലോക്കു തലങ്ങളിൽ സന്നദ്ധ സേവനവും ഉപദേശവും നൽകാൻ തയ്യാറുള്ള വിദഗ്ദ്ധന്മാരുടേയും സ്ഥാപനങ്ങളുടേയും പാനൽ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ വലിയ പങ്കാളിത്തം ഉണ്ടാകും എന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ഈ സന്ദർഭത്തിൽ ആവശ്യമില്ലാത്ത തെറ്റിദ്ധാരണ ഉണ്ടാവാതിരിക്കാൻ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. വിദഗ്

**പതിമൂന്നാംപദ്ധതിയിൽ നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾക്കു പ്രത്യേക പരിഗണന നൽകണം. നഗരങ്ങൾ വലുതാവുമ്പോൾ നഗരങ്ങളുടെ യഥാർത്ഥ അവകാശികളായ തൊഴിലാളികളും കൈവേലക്കാരും മറ്റു ദരിദ്രജനവിഭാഗങ്ങളും നഗരത്തിനു പുറത്തേക്കു സ്വന്തം ഇഷ്ടപ്രകാരമോ ബലപ്രയോഗത്തിലൂടെയോ പറിച്ചു നടപ്പെടുക എന്നത് ലോകമെമ്പാടും കണ്ടുവരുന്ന പ്രവണതയാണ്. ഇതിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ നഗരങ്ങളുടെ ഭാവിവികസനം എല്ലാ വിഭാഗം ജനങ്ങളേയും ഉൾക്കൊള്ളുന്നതാവണം.**

ദ്ധൻമാർക്കും സ്ഥാപനങ്ങൾക്കും വിഭാവനം ചെയ്യുന്ന പങ്ക് ഉപദേശത്തിന്റേതാണ്. ഏതു കാര്യത്തിലും അവസാന തീരുമാനം എടുക്കാനുള്ള അധികാരവും ഉത്തരവാദിത്തവും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളിൽ നിക്ഷിപ്തമായിരിക്കും.

കേരളമാതൃകയെകുറിച്ചു പറയുമ്പോൾ പൊതുസേവനങ്ങളുടെ വ്യാപനത്തിന്റെയും സാർവ്വത്രിക ലഭ്യതയുടെയും കാര്യം നാം എടുത്തുപറയാറുണ്ട്. എന്നാൽ, പൊതുസേവനങ്ങളുടെ ഗുണനിലവാരം നിലനിർത്തുന്നതിലും കാലോചിതമായി ഉയർത്തുന്നതിലും നാം വിജയിച്ചോ? ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്. പൂർണമായി വിജയിച്ചില്ല എന്നതാണു സത്യം. ഉയർന്ന ഫീസുകൾ ഈടാക്കുന്ന സ്വകാര്യമേഖലയെ ആശ്രയിക്കാൻ ജനങ്ങൾ നിർബന്ധിതരാവുന്ന സാഹചര്യം ഇതുമൂലം ഉണ്ടായി. സാമൂഹ്യനീതി, മതനിരപേക്ഷത തുടങ്ങി കേരളസമൂഹം വിലമതിക്കുന്ന നവോത്ഥാന മൂല്യങ്ങൾ നിലനിർത്താൻ പതിമൂന്നാം പദ്ധതിക്കാലത്ത് പൊതുസ്ഥാപനങ്ങളുടേയും സേവനങ്ങളുടേയും ഗുണനിലവാരം ഉയർത്തുക എന്നത് ഒരു പ്രധാന ലക്ഷ്യമായി സ്വീകരിക്കണം. ഇക്കാര്യത്തിലും സംസ്ഥാന സർക്കാരിന്റെ വകുപ്പുകളും മിഷനുകളും പ്രാദേശികസർക്കാരുകൾക്ക് എല്ലാ ഒത്താശയും ചെയ്യുന്നതായിരിക്കും.

## മിഷനുകൾ വികസനം ത്വരിതപ്പെടുത്തും

ജനകീയാസൂത്രണപ്രക്രിയയിൽ ഫലപ്രദമായി മുന്നേറാൻ തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തമാക്കുന്ന രീതിയിൽ വിവിധ വകുപ്പുകളുടെ സംസ്ഥാന ജില്ലാതല സംവിധാനങ്ങളെ സുസജ്ജമാക്കേണ്ടതുണ്ട്. വകുപ്പുകളുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഏകോപിപ്പിക്കുവാനും സംയോജിപ്പിക്കുവാനും മിഷനുകൾക്ക് സാധിക്കണം. പദ്ധതികൾ വിഭാവന ചെയ്തതുകൊണ്ടോ വിഭവങ്ങൾ വിനിയോഗിച്ചതുകൊണ്ടോ കാര്യക്ഷമമായി പ്രവൃത്തിപഥത്തിൽ എത്തിക്കുവാനും ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാനും സാധിക്കാതെ വരുന്ന പോരായ്മകൾ മുമ്പ് ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള വികസന പ്രവർത്തനങ്ങളിൽ മുൻഗണന നൽകേണ്ടുന്ന മേഖലകൾ കണ്ടെത്തിയാണ് മിഷനുകൾ പ്രവർത്തിക്കുക. ഓരോ മേഖലയിലും ലക്ഷ്യമിടുന്ന ഗുണഫലങ്ങൾ ഓരോ മിഷനുകളും ടാർജറ്റുകളായി ഏറ്റെടുത്ത് അവ സമയബന്ധിതമായി നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകും. മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിമാരും നേതൃത്വം വഹിക്കുന്ന രീതിയിലാണ് വിവിധ മിഷനുകൾ പ്രവർത്തിക്കുക. വിഷമയമല്ലാത്ത ഭക്ഷ്യവസ്തുക്കൾ തദ്ദേശീയമായി ഉല്പാദിപ്പിക്കുക, കുളങ്ങളും തോടുകളും ഉൾപ്പെടെയുള്ള ജലസമ്പത്ത് സംരക്ഷിക്കുന്നതിനും അടുത്ത തലമുറയ്ക്കുവേണ്ടി കാത്തുസൂക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുക, ശുചിത്വവും മാലിന്യസംസ്ക്കരണവും ഫലപ്രദമാക്കുക, പൊതുവിദ്യാഭ്യാസത്തിന്റെ കാലോചിതമായ മേന്മ വർദ്ധിപ്പിക്കുക, ഭൂരഹിതർ ഉൾപ്പെടെയുള്ള ഭവനരഹിതർക്ക് സുരക്ഷിത ഭവനങ്ങൾ നിർമ്മിച്ചുനൽകുക, ആയുർവ്വേദം ഉൾപ്പെടെയുള്ള ഏറ്റവും മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കുക എന്നിങ്ങനെ മിഷനുകൾ മുൻകൈയ്യെടുക്കുന്ന മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേക ശ്രദ്ധ പതിയണം. മിഷനുകളുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് നവംബർ 10ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനനേതാക്കൾക്കു വേണ്ടി നടത്തിയ സെമിനാറിൽ ലഭിച്ച വിവരങ്ങൾ ഇതിനായി പൂർണ്ണമായും പ്രയോജനപ്പെടുത്തണം. സമയബന്ധിതമായി പദ്ധതികൾ നിർവ്വഹിച്ചാൽ മാത്രമേ ഗുണഫലങ്ങൾക്കായുള്ള ജനങ്ങളുടെ കാത്തിരിപ്പിന് വിരാമമിടാനാകൂ. കഴിഞ്ഞ കാലങ്ങളിൽ നിരീക്ഷണ സംവിധാനത്തിലുണ്ടായിരുന്ന പോരായ്മകൾ പരിഗണിക്കുന്നതിന് പ്രത്യേക നിരീക്ഷണസംവിധാനവും മിഷനുകളുടെ ഭാഗമായി നടപ്പാക്കും.

## ഉല്പാദനമേഖലയും പ്രാദേശികവികസനവും

ജനകീയാസൂത്രണം സംബന്ധിച്ച് നടന്ന പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു പരിമിതി ഉത്പാദനമേഖലയിൽ പ്രതീക്ഷിച്ച ചലനങ്ങൾ സൃഷ്ടിക്കാൻ അതിന് കഴിഞ്ഞില്ല എന്നതാണ്. തീർച്ചയായും തൊഴിലവസരങ്ങളുടെ സൃഷ്ടിയേയും ഇത് ബാധിച്ചിട്ടുണ്ട്. പ്രാദേശികഗവൺമെന്റുകൾ സേവനമേഖലയ്ക്കും പശ്ചാത്തലമേഖലയ്ക്കുമാണ് കൂടുതൽ പ്രാധാന്യം നല്കിയത്. ഈ പോരായ്മയും പതിമൂന്നാം പദ്ധതിക്കാലത്ത് പരിഹരിക്കണം. ഉല്പാദനമേഖലയിൽ പ്രാദേശിക സർക്കാരുകൾ മാത്രം വിചാരിച്ചാൽ പരിഹരിക്കാൻ കഴിയാത്ത പല പ്രശ്നങ്ങളും ഉണ്ട് എന്ന കാര്യം നാം മനസ്സിലാക്കണം. ഉദാഹരണത്തിന് വിപണനത്തിന്റേയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന്റെയും. മുകൾ ഭരണതലങ്ങൾ അനുപൂരകമായ നടപടികൾ സ്വീകരിച്ചാൽ ഈ രംഗത്തെ പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും. ഉല്പാദന മേഖലയിൽ ഉണർവ് ഉണ്ടാക്കാൻ പ്രാദേശിക ഗവൺമെന്റുകളോടൊപ്പം മിഷനുകളും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും സഹകരിച്ച് പ്രവർത്തിക്കും.

## ജില്ലാ പദ്ധതി

ഭരണഘടനാ ഭേദഗതികൾ ജില്ലാപദ്ധതി രൂപീകരണം വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും അത് ഇതുവരെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ജില്ലാപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് വിവിധ തട്ട് പദ്ധതികൾ തമ്മിലുള്ള ഏകോപനമാണ്. പ്രാദേശികസർക്കാരുകൾ തമ്മിൽതമ്മിലും പ്രാദേശിക സർക്കാരുകളും മുകൾ ഭരണതലങ്ങളും തമ്മിലും കാര്യക്ഷമമായ ഏകോപനം ഉണ്ടാവണം. അതിനുള്ള ഒരു ശ്രമം പതിമൂന്നാം പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയണം. വിവിധ തട്ടു ഗവൺമെന്റുകൾ തയ്യാറാക്കുന്ന ഓരോ വർഷത്തേയും പ്രോജക്ടുകൾ പരിശോധിച്ച് വരും വർഷങ്ങളിൽ പരസ്പരം ദുർബലപ്പെടുത്തുന്ന പ്രോജക്ടുകൾ ഒഴിവാക്കാൻ നിർദ്ദേശിക്കാവുന്നതാണ്. അതുപോലെ പരസ്പരപൂരകമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഈ പ്രക്രിയ വർഷംതോറും ആവർത്തിക്കുന്നതിലൂടെ മെച്ചപ്പെട്ട ഏകോപനവും ഉദ്ഗ്രഥനവും സാദ്ധ്യമാവും എന്നുമാത്രമല്ല ദീർഘവീക്ഷണത്തോടുകൂടിയ ഭൂവിനിയോഗ സ്ഥലവിനിയോഗ ആസൂത്രണത്തിലേക്ക് നീങ്ങാനും കഴിയും.

## നഗരാസൂത്രണം

കേരളത്തിന്റെ ആസൂത്രണത്തിന്റെ മറ്റൊരു പോരായ്മ നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾക്ക് അർഹിക്കുന്ന പ്രത്യേക പരിഗണന നൽകിയില്ല എന്നതാണ്. ഇന്ത്യയിൽ ഏറ്റവും ഉയർന്ന വേഗത്തിൽ നഗരവൽക്കരണം നടക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. അതിവേഗം സംഭവിച്ചുകൊണ്ടിരിക്കുന്ന നഗരവൽക്കരണത്തെ യഥാർത്ഥത്തിൽ കേരളസമൂഹം വേണ്ടത്ര ഗൗരവത്തോടെ കണ്ടില്ല എന്നതാണ് യാഥാർത്ഥ്യം. മാലിന്യപ്രശ്നവും ഗതാഗതക്കുരുക്കും മറ്റ് നഗരവൽക്കരണ പ്രശ്നങ്ങളും രൂക്ഷമായപ്പോഴാണ് നാം നഗരാസൂത്രണത്തെക്കുറിച്ച് ചിന്തിക്കാൻ ആരംഭിച്ചത്. പതിമൂന്നാംപദ്ധതിയിൽ നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾക്കു പ്രത്യേക പരിഗണന നൽകണം. നഗരങ്ങൾ വലുതാവുമ്പോൾ നഗരങ്ങളുടെ യഥാർത്ഥ അവകാശികളായ തൊഴിലാളികളും കൈവേലക്കാരും മറ്റു ദരിദ്രജനവിഭാഗങ്ങളും നഗരത്തിനു പുറത്തേക്കു സ്വന്തം ഇഷ്ടപ്രകാരമോ ബലപ്രയോഗത്തിലൂടെയോ പറിച്ചു നടപ്പെടുക എന്നത് ലോകമെമ്പാടും കണ്ടുവരുന്ന പ്രവണതയാണ്. ഇതിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ നഗരങ്ങളുടെ ഭാവിവികസനം എല്ലാ വിഭാഗം ജനങ്ങളേയും ഉൾക്കൊള്ളുന്നതാവണം.

## ദീർഘവീക്ഷണവും പഞ്ചവത്സര സമീപനവും

ഭാവിയിലെ വെല്ലുവിളികളെയും സാദ്ധ്യതകളെയും മുൻകൂട്ടികണ്ട് വേണ്ട തയ്യാറെടുപ്പോടെ മുന്നോട്ടു പോകാനുള്ള ശ്രമത്തെയാണ് ആസൂത്രണം എന്നു പറയുന്നത്. താഴെത്തട്ടിൽ പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് ധാരാളം ചർച്ചകൾ നടന്നെങ്കിലും പ്രയോഗത്തിൽ കൊണ്ടുവരാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

വിശദമായ പഞ്ചവത്സരപദ്ധതിരേഖ തയ്യാറാക്കാൻ കഴിഞ്ഞില്ലെങ്കിലും ദീർഘകാല വികസന കാഴ്ചപ്പാട് ഉണ്ടാക്കാൻ കഴിയണം. ഗ്രാമത്തിന്റെ അഥവാ നഗരത്തിന്റെ ഭാവി വികസനം എങ്ങനെയാവണം എന്നതു സംബന്ധിച്ച് കൂടിയാലോചനകൾ നടക്കണം; കാഴ്ചപ്പാടുകൾ വികസിപ്പിച്ചെടുക്കണം. ഒപ്പം, വരുന്ന 5 വർഷക്കാലം കൊണ്ട് ഓരോ വികസനമേഖലയിലും എന്ത് നേട്ടം ഏതളവിൽ ലക്ഷ്യമിടുന്നു എന്നു പറയാൻ കഴിയണം.

പതിമൂന്നാം പദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ യുവതലമുറയുടെ വലിയ തോതിലുള്ള പങ്കാളിത്തം ഉറപ്പാക്കണം. യുവതലമുറയിൽ എനിക്ക് വലിയ പ്രതീക്ഷയാണുള്ളത്. പുതിയ അറിവുകളേയും മാറുന്ന സാങ്കേതികവിദ്യകളേയും നാടിന്റെ വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിക്കാൻ അവർക്കാണ് എളുപ്പം കഴിയുക. അതുകൊണ്ട് തീർച്ചയായും യുവജനപങ്കാളിത്തം ഉറപ്പാക്കാനുള്ള ബോധപൂർവ്വമായ ശ്രമം പ്രാദേശിക സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടാവണം.

ഇതു തന്നെയായിരിക്കണം പുതിയ സാങ്കേതിക വിദ്യകളോടും നവമാധ്യമങ്ങളോടും സർക്കാർ വകുപ്പുകളും പ്രാദേശികസർക്കാരുകളും സ്വീകരിക്കേണ്ട സമീപനം. മാറ്റങ്ങളോടു പുറംതിരിഞ്ഞു നിൽക്കുകയല്ല മറിച്ച് അവയെ തുറന്ന മനസ്സോടെ സമീപിക്കുകയാണ് അഭികാമ്യം. ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന്, പ്രത്യേകിച്ചും യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തണം. പ്രവാസി സമൂഹത്തെ പ്രാദേശികവികസനം സംബന്ധിച്ച ചർച്ചകളിൽ പങ്കെടുപ്പിക്കുന്നതിനും നവമാധ്യമങ്ങളെയും പുതിയ സാങ്കേതിക വിദ്യകളേയും ഉപയോഗപ്പെടുത്താനാവും. പ്രാദേശികസർക്കാരുകളുടെ സേവനങ്ങൾ നൽകുന്നതിനും നികുതി പിരിക്കുന്നതിനും പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണം.

ഇവിടെ എടുത്ത് പറയേണ്ട മറ്റൊരു കാര്യം, അഴിമതിയുടെ സാധ്യതകൾക്കെതിരായി പ്രത്യേക ജാഗ്രത പുലർത്തേണ്ടതുണ്ട് എന്നതാണ്. അധികാരവികേന്ദ്രീകരണം അഴിമതി കുറച്ചു എന്ന് വിശ്വസിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. എന്നാൽ ചില കാര്യങ്ങളിൽ പ്രത്യേകിച്ചും നിർമ്മാണപ്രവൃത്തികളിൽ അഴിമതി നിലനിൽക്കുന്നു എന്ന ആക്ഷേപം ഗൗരവമായി എടുക്കണം. അഴിമതിയുടെ സാധ്യതകൾ കണ്ടെത്തി പതിമൂന്നാം പദ്ധതിക്കാലത്ത് അവ പൂർണ്ണമായും ഒഴിവാക്കാൻ പ്രത്യേക ജാഗ്രത പുലർത്തണം.

കേരളം അതിന്റെ വികസന ചരിത്രത്തിലെ ഒരു പുതിയ ഘട്ടത്തിലേക്ക് നീങ്ങുകയാണ്. കേരളീയസമൂഹത്തിന്റെ എല്ലാ നന്മകളേയും പരിരക്ഷിച്ചു കൊണ്ടും കൂടുതൽ ബലപ്പെടുത്തിക്കൊണ്ടുമാണ് മുന്നോട്ട് പോകേണ്ടത്. ഒപ്പം നമ്മുടെ സംസ്ഥാനത്തിന്റെ പരിസ്ഥിതിരക്ഷയും പൂർണ്ണമായും ഉറപ്പ് വരുത്തണം. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ വകുപ്പുകളും കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ പ്രാദേശിക ഗവൺമെന്റുകളും ഒറ്റക്കെട്ടായി അണിനിരക്കും എന്നാണ് എന്റെ പ്രതീക്ഷ. ഇക്കാര്യത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള മുഴുവൻ കേരളീയരുടെയും അകമഴിഞ്ഞ സഹകരണം അഭ്യർത്ഥിക്കുന്നു.

*(2017 ജനുവരി 21ന് തൃശ്ശൂരിൽ നടന്ന പതിമൂന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിൽ നിന്ന്)*



# നവചൈതന്യമാർജ്ജിച്ച് മുന്നോട്ട്

## ഡോ: കെ. ടി. ജലീൽ

നവകേരളത്തിന് ജനകീയാസൂത്രണമെന്ന ഒരു പുതിയ വികസന കാഴ്ചപ്പാടിലേക്ക് കേരളം പ്രവേശിക്കുകയാണ്. നാടോടിജീവിതം അവസാനിപ്പിച്ച മനുഷ്യൻ കാർഷികവൃത്തിയിൽ ഏർപ്പെടുന്നതോടുകൂടിയാണ് സ്ഥിരതാമസം തുടങ്ങുന്നത്. കുടുംബങ്ങൾ ഒരുമിച്ചുകൂടിയപ്പോൾ അത് കുലങ്ങളായി രൂപപ്പെട്ടു. ഒരുപാട് കുലങ്ങൾ ചേർന്നപ്പോൾ ഗോത്രസമൂഹങ്ങളുടെ പിറവി യാഥാർത്ഥ്യമായി. അവിടെനിന്നാണ് പ്രാദേശിക ഭരണസംവിധാനത്തിന്റെ ആദ്യശബ്ദം നമ്മളോരോരുത്തരും കേട്ടത്. പ്രാചീന ഇന്ത്യയിൽ സഭകളും സമിതികളുമായി അത്തരമൊരു സംവിധാനം നിലനിന്നിരുന്നു. മധ്യകാലചരിത്രത്തിൽ രാജഭരണവാഴ്ചയെ താങ്ങിനിർത്തുന്നതിന് ഉപോൽബലകമായ രീതിയിലാണ് പ്രാദേശിക ഭരണസംവിധാനങ്ങൾ രൂപപ്പെട്ടുവന്നത്. അധിനിവേശകാലത്ത് സാമ്രാജ്യത്വതാല്പര്യങ്ങളുടെ പരിരക്ഷകരായി ചില ഘട്ടങ്ങളിൽ മർദ്ദനോപകരണങ്ങളുമായി പ്രാദേശിക ഭരണസംവിധാനം നിലനിന്നത് ചരിത്രത്തിലേക്ക് കണ്ണോടിച്ചാൽ നമുക്ക് ബോധ്യമാകും.

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് ആലോചനകൾ ഗൗരവപൂർവ്വം ആരംഭിച്ചു. ബൽവന്ത് റായ് മേത്താ കമ്മിറ്റിയും അശോക് മേത്താ കമ്മിറ്റിയും അധികാരവികേന്ദ്രീകരണവീഥിയിൽ സുപ്രധാനമായ നാഴികക്കല്ലുകളായിരുന്നു. മഹാത്മാഗാന്ധി എല്ലാ ഗ്രാമങ്ങളും സ്വയംപര്യാപ്തമാകണമെന്നാഗ്രഹിച്ചു. ആ ആഗ്രഹത്തിന്റെ സഫലീകരണമായിരുന്നു 1993ൽ പഞ്ചായത്ത് രാജ് സംവിധാനം ഇന്ത്യയിൽ നിലവിൽ വന്നതിലൂടെ ഉദ്ഘോഷിക്കപ്പെട്ടത്. 1994 ൽ കേരളത്തിൽ പഞ്ചായത്തിരാജ് നിയമം നിലവിൽ വന്നു. 1997ൽ ഒൻപതാം പഞ്ചവത്സരപദ്ധതി കാലയളവിലാണ് ജനകീയാസൂത്രണമെന്ന മഹാവിപ്ലവ സംസ്ക്കാരം-വികസനകാഴ്ചപ്പാട്- കേരളത്തിൽ രൂപപ്പെടുന്നത്. ജനകീയാസൂത്രണം കേവലമൊരു വികസന കാഴ്ചപ്പാട് മാത്രമായിരുന്നില്ല വിപ്ലവകരമായൊരു വികസന സംസ്ക്കാരമായിരുന്നു. അന്നേവരെ ഗൗനിക്കപ്പെടാത്തവർ, ഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെടാത്തവർ അവരൊക്കെത്തന്നെ ഭരണകൂടശ്രദ്ധയിലേക്ക് കടന്നുവരുന്നത് ജനകീയാസൂത്രണത്തിന്റെ സമാരംഭത്തോടുകൂടിയാണ്. പാർശ്വവത്കൃതരും അധഃസ്ഥിതരും ദുർബലരും നിരാശ്രയരും പ്രാദേശിക വികസനഭൂപടത്തിലേക്ക് കടന്നുവന്നു എന്നുള്ളതാണ് ജനകീയാസൂത്രണത്തിന്റെ ഏറ്റവും മഹത്തരമായിട്ടുള്ള കാര്യം.

ധനവിനിയോഗത്തിൽ ഒരു തരത്തിലുള്ള മാനദണ്ഡങ്ങളും പാലിക്കപ്പെടാതിരുന്ന കാലത്താണ് ജനകീയാസൂത്രണം യാഥാർത്ഥ്യമാകുന്നത്. ധനവിനിയോഗത്തിൽ മേഖലാ വിഭജനങ്ങളുണ്ടായി എന്നത് ജനകീയാസൂത്രണത്തി

**കേരളത്തിന്റെ സാമൂഹികപ്രശ്നങ്ങളെയും സാമ്പത്തികപ്രതിസന്ധിയേയും നേരിടുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഒരു വലിയ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നു. നാലു വിഷയങ്ങൾ പ്രവർത്തനക്ഷമമായിക്കഴി ഞ്ഞു. എല്ലാവർക്കും വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് 'ലൈഫ് പദ്ധതി', സർക്കാർ വിദ്യാലയങ്ങളെ പരിപോഷിപ്പിക്കുന്നതിന് 'പൊതുവിദ്യാഭ്യാസയജ്ഞം', സർക്കാർ ആശുപത്രികളെ മെച്ചപ്പെടുത്തുന്നതിന് 'ആർദ്രം മിഷൻ', കാർഷിക മേഖലയും ജലസംരക്ഷണ മേഖലയും പരിപോഷിപ്പി ക്കുന്നതിന് 'ഹരിതകേരള മിഷൻ'.**

ന്റെ ഏറ്റവും എടുത്തുപറയപ്പെട്ട നേട്ടമാണ്. അന്നത്തെ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുവാനും ജനകീയാസൂത്രണത്തിന് കഴിഞ്ഞു. 20 വർഷങ്ങൾ പിന്നിടുകയാണ്. കുതിപ്പും കിതപ്പും ജനകീയാസൂത്രണത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നമുക്കനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. 20 വർഷങ്ങൾക്കുശേഷം ജനകീയാസൂത്രണം നവചൈതന്യമാർജ്ജിക്കുകയാണ്. 20 കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രശ്നങ്ങളല്ല ഇന്ന് നാം നേരിടുന്നതെന്ന് നമുക്കറിയാം. അതുകൊണ്ടു തന്നെ പുതിയ പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ജനകീയാസൂത്രണം ഒരു പുതിയ ചൈതന്യത്തിലേക്ക് പ്രവേശിക്കുകയാണ്.

ഒരുപാടു പുതിയ പ്രശ്നങ്ങൾ നമ്മുടെ മുന്നിലുണ്ട്. മാലിന്യകൂമ്പാരങ്ങൾ, വർത്തമാനകേരളത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. രൂക്ഷമായ കുടിവെള്ളക്ഷാമം നമ്മൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രതിസന്ധിയാണ്. വിഷലിപ്ത ഭക്ഷണങ്ങളുടെ ഉപയോഗത്തെ തുടർന്ന് രോഗങ്ങളുടെ പ്രളയം കേരളത്തിൽ നമുക്കു കാണാനാകുന്നു. കാർഷികമേഖലയുടെ അപകടകരമായ തകർച്ച നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതുണ്ട്. ലക്ഷക്കണക്കിന് പ്രവാസികളുടെ തിരിച്ചുവരവ് നാട്ടിലുണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങളെയും നമുക്കിനി അവഗണിക്കാനാകില്ല. അത്യാർത്തി വരുത്തിവച്ച പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ നമ്മുടെ സമൂഹം ഇന്നു നേരിടുന്ന പ്രശ്നങ്ങളിൽ മുഖ്യമായതു തന്നെയാണ്. വർഗ്ഗീയശക്തികളുടെ ഇടപെടലിനെ തുടർന്ന് കലുഷിതമായ മതസാമൂഹ്യബന്ധങ്ങൾ തീർച്ചയായും പുതിയ കാലത്ത് അഭിസംബോധന ചെയ്യപ്പെടാതെ പോയ്ക്കൂട. വീടും സ്ഥലവുമില്ലാത്തവർ ഇപ്പോഴും നമ്മുടെ സംസ്ഥാനത്തുള്ളത് നാം കാണാതിരുന്നുകൂടാ. അങ്ങനെയുള്ള പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ജനകീയാസൂത്രണത്തെ എങ്ങനെയാണ് ഫലപ്രദമായി 13-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ ഉപയോഗപ്പെടുത്തുക എന്നുള്ളതാണ് സർക്കാരിന്റെ മുന്നിൽ വന്ന ചോദ്യം. അതിന്റെ ഉത്തരമാണ് ഇന്നത്തെ ഈ നവകേരളത്തിന് ജനകീയാസൂത്രണമെന്ന പ്രഖ്യാപന സമ്മേളനം.

കേരളത്തിന്റെ സാമൂഹികപ്രശ്നങ്ങളെയും സാമ്പത്തികപ്രതിസന്ധിയേയും നേരിടുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഒരു വലിയ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നു. നാലു വിഷയങ്ങൾ പ്രവർത്തനക്ഷമമായിക്കഴിഞ്ഞു. എല്ലാവർക്കും വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് 'ലൈഫ് പദ്ധതി', നമ്മുടെ സർക്കാർ വിദ്യാലയങ്ങളെ പരിപോഷിപ്പിക്കുന്നതിന് 'പൊതുവിദ്യാഭ്യാസയജ്ഞം', സർക്കാർ ആശുപത്രികളെ മെച്ചപ്പെടുത്തുന്നതിന് 'ആർദ്രം മിഷൻ', കാർഷിക മേഖലയും ജലസംരക്ഷണ മേഖലയും പരിപോഷിപ്പിക്കുന്നതിന് 'ഹരിതകേരള മിഷൻ'. ഈ മിഷനുകൾ ഒന്നും തന്നെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാരങ്ങളിലേക്ക് കടന്നുകയറാനുള്ള നീക്കങ്ങളല്ല. തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായിട്ടുള്ള സാങ്കേതികപിന്തുണയും മറ്റുതരത്തിലുള്ള സഹായസഹകരണങ്ങളും ചെയ്യലാണ് മിഷനുകളുടെ ലക്ഷ്യം. ആ മിഷനുകൾ ഫലപ്രാപ്തിയിലെത്തുന്നതോടെ ജനകീയാസൂത്രണം അതിന്റെ സമ്പൂർണ്ണതയിലേക്ക് പ്രവേശിക്കും എന്ന് നമുക്ക് ഉറപ്പിക്കാനാകും. ഈ മിഷനുകളുടെ പ്രവർത്തനം ഭംഗിയായും ചിട്ടയായും കൊണ്ടുപോകുന്നതിന് ബഹുമാന്യനായ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ തന്നെ നേതൃത്വത്തിൽ നല്ലൊരു മോണിട്ടറിംഗ് സംവിധാനം നിലവിലുണ്ട്. അദ്ദേഹത്തിന്റെ കർക്കശമായ നിലപാടുകൾ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ മിഷനുകളുടെ പ്രവർത്തനത്തെ കാര്യക്ഷമമാക്കിയിട്ടുണ്ട് എന്നത് പറയാതെ വയ്യ. ഇതിനു മുമ്പും ചില മിഷനുകളുടെ പ്രവർത്തനം നമ്മൾ കണ്ടിട്ടുള്ളതാണ്. സാക്ഷരതാ മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ഈ മിഷനുകളുടെ പ്രവർത്തനം തദ്ദേശസ്ഥാപനങ്ങളെ പരിപോഷിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്, ഒരിക്കലുമവയെ ദുർബലപ്പെടുത്തുകയല്ല. മിഷനുകളുടെ പ്രവർത്തനം, അവർക്ക് ആക്ഷൻ പ്ലാൻ ഉണ്ടാക്കൽ ഇവയെല്ലാം തന്നെ ജനകീയാസൂത്രണത്തിന്റെ നവചൈതന്യം ആർജ്ജിച്ചുകൊണ്ട് മുന്നോട്ടുള്ള പ്രയാണത്തിൽ പങ്കുവഹിക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും ആർക്കുമുണ്ടാകേണ്ട കാര്യമില്ല.

കക്ഷിരാഷ്ട്രീയം മറന്നുകൊണ്ട് നല്ല പദ്ധതികളെ നെഞ്ചേറ്റിയ പാരമ്പര്യമാണ് നമ്മുടെ സംസ്ഥാനത്തിന് ഉള്ളത്. തീർച്ചയായും ഈ സദസ്സും വേദിയും വിവിധ രാഷ്ട്രീയ വീക്ഷണങ്ങൾ വച്ചുപുലർത്തുന്നവരുടെ സംഗമമായി മാറിയതും അതുകൊണ്ടു തന്നെയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വികസനോന്മുഖമായിട്ടുള്ള നാളെ അതു യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിയിട്ടുള്ള വലിയൊരു യജ്ഞത്തിന്റെ തുടക്കം ഇവിടെ കുറിക്കപ്പെടുകയാണ്.

*(തൃശ്ശൂരിൽ 2017 ജനുവരി 21ന് ജനകീയാസൂത്രണം പതിമൂന്നാം പദ്ധതിയുടെ ഉദ്ഘാടന സമ്മേളനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നടത്തിയ പ്രസംഗത്തിൽ നിന്ന്)*

കേരളത്തിൽ അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമായിട്ട് രണ്ട് പതിറ്റാണ്ട് പിന്നിടുന്നു. അധികാരങ്ങളും വിഭവങ്ങളും ഉദ്യോഗസ്ഥ സംവിധാനവും ഒരുമിച്ച് കൈമാറുകയും തുടർന്ന് കാര്യപ്രാപ്തി വർദ്ധിപ്പിക്കുകയും അതോടൊപ്പം സംവിധാനങ്ങളും നടപടിക്രമങ്ങളും രൂപപ്പെടുത്തുകയും ചെയ്യുക എന്ന സമീപനമാണ് കേരളം സ്വീകരിച്ചത്. ജനകീയാസൂത്രണം എന്ന പേരിൽ കേരളം നടപ്പാക്കിയ വികേന്ദ്രീകരണ നടപടികൾക്ക് വ്യാപക അംഗീകാരം ലഭിച്ചു. അതുപോലെ, ജനപങ്കാളിത്തത്തോടെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് കേരളം രൂപപ്പെടുത്തിയ രീതിശാസ്ത്രവും അംഗീകരിക്കപ്പെട്ടു. പ്രാദേശിക സർക്കാരുകൾക്കുള്ള പതിനാലാം ധനകാര്യകമ്മീഷൻ അവാർഡ് തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' തയ്യാറാക്കുന്നതിന് അവലംബിക്കാൻ സംസ്ഥാനങ്ങളോട് കേന്ദ്രഗ്രാമവികസന മന്ത്രാലയം മാതൃകയായി നിർദ്ദേശിച്ചത് കേരളം രൂപപ്പെടുത്തിയ രീതിശാസ്ത്രമാണ് എന്നത് ജനകീയാസൂത്രണത്തിന് ലഭിച്ച ഏറ്റവും വലിയ അംഗീകാരങ്ങളിൽ ഒന്നാണ്.

വിവിധ തട്ടുകളിലെ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തന മേഖലകൾ നിയമത്തിലൂടെ തന്നെ വ്യക്തമായി നിർണ്ണയിച്ച ഒരു സംസ്ഥാനമാണ് കേരളം. പൊതുസേവനങ്ങൾ പ്രദാനം ചെയ്യുന്ന ഭൂരിഭാഗം സ്ഥാപനങ്ങളുടെയും നടത്തിപ്പ് ചുമതല പ്രാദേശിക സർക്കാരുകൾക്കാണ്. അതുപോലെ സാധാരണക്കാരായ ജനങ്ങളുടെ സാമൂഹിക സുരക്ഷിതത്വവും സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട ചുമതലകളും ഏറെക്കുറെ പൂർണ്ണമായി പ്രാദേശിക സർക്കാരുകൾക്കാണ് നൽകിയിട്ടുള്ളത്. സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിലും പ്രാദേശിക പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിലും കേരളത്തിലെ പ്രാദേശിക സർക്കാരുകൾ കാര്യമായി വിജയിച്ചിട്ടുണ്ട്.

## ജനകീയാസൂത്രണത്തിന്റെ ശക്തിയും നേട്ടങ്ങളും

1. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ഫണ്ട് അനുവദിക്കുകയെന്ന സമ്പ്രദായം

# നവകേരളത്തിന് ജനകീയാസൂത്രണം സ്ഥാപനവൽക്കരണ ശ്രമങ്ങൾ പൂർണ്ണമാക്കണം



എസ്. എം. വിജയാനന്ദ് ഐ. എ. എസ്.
ചീഫ് സെക്രട്ടറി

**വകുപ്പുകളുടെയും പരിപാടികളുടെയും സമന്വയം ഉണ്ടാകുന്നില്ല. മേഖലകൾ തമ്മിലുള്ള ബന്ധവും മുൻ–പിൻ ബന്ധങ്ങളും ഉറപ്പാക്കി സമഗ്രതയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിലേ പരിമിതമായ വിഭവം ചെലവഴിക്കുന്നതിന്റെ പൂർണ്ണ പ്രയോജനം ലഭിക്കുകയുള്ളൂ.**

വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കുന്നത് കാരണം സംസ്ഥാനത്തിന്റെ എല്ലാ പ്രദേശത്തും ഫണ്ട് ലഭിക്കുന്നുണ്ട്. മാനദണ്ഡങ്ങളിൽ പിന്നോക്കാവസ്ഥയ്ക്ക് കൂടുതൽ വെയിറ്റേജ് നൽകിയിട്ടുള്ളതിനാൽ പിന്നോക്ക പ്രദേശങ്ങൾക്കാണ് കൂടുതൽ ഫണ്ട് ലഭിക്കുന്നത്. എല്ലായിടത്തും ഫണ്ട് ലഭിക്കുന്നത് കാരണം പ്രാദേശിക വികസനത്തിന് കൂടുതൽ ഉത്തേജനം ലഭിക്കുകയും ജനങ്ങളുടെ സംതൃപ്തിയുടെ നിലവാരം ഉയരുകയും ചെയ്തിട്ടുണ്ട്.

2. ജനപങ്കാളിത്തം സുതാര്യത വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾ ബോധവാൻമാരാണ്.
3. പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് സമൂഹത്തോടുള്ള ഉത്തരവാദിത്വം വർദ്ധിച്ചു.
4. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അംഗവും ഏതെങ്കിലും ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അംഗമാകുന്നതിനാൽ തീരുമാനങ്ങൾ രൂപപ്പെടുത്തുന്നതിൽ കൂടിയാലോചനയും സഹവർത്തിത്വവും പുലർത്തുന്നുണ്ട്.
5. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ പ്രവർത്തിക്കുന്ന ജില്ലാ ആസൂത്രണ സമിതികളാണ് കേരളത്തിലുള്ളത്. മാത്രമല്ല അവയുടെ പ്രവർത്തനം തൃപ്തികരവുമാണ്.
6. ഭൂരിഭാഗം ജനപ്രതിനിധികളും വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുള്ളവരാണ്.
7. കുടുംബശ്രീ അയൽക്കൂട്ട സംവിധാനം പ്രാദേശിക സർക്കാരുകളോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന്റെ പ്രയോജനം രണ്ട് കൂട്ടർക്കും ലഭിക്കുന്നുണ്ട്.
8. ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും കാര്യപ്രാപ്തി വികസനത്തിന് താരതമ്യേന മികച്ച സംവിധാനം രൂപപ്പെടുത്താൻ കഴിഞ്ഞു.
9. ഇ-ഗവേണൻസ് രംഗത്ത് ശരാശരിയിലും മികച്ച നേട്ടം കൈവരിക്കാനായി.
10. വികസന പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും വലിയ തോതിൽ സംഭാവന പണമായും സാധനങ്ങളായും സമാഹരിക്കുന്നതിൽ ജനകീയാസൂത്രണത്തിന്റെ ആദ്യവർഷങ്ങളിൽ പ്രാദേശിക സർക്കാരുകൾ വിജയിച്ചിട്ടുണ്ട്. വിലയേറിയ ഭൂമി സൗജന്യമായി നൽകിയ ഉദാഹരണങ്ങളുമുണ്ട്.
11. കുടുംബങ്ങൾക്ക് അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളായ വീട്, ശുചിത്വകക്കൂസ്, കുടിവെള്ളം മുതലായവ ലഭ്യമാക്കുന്നതിൽ വലിയ തോതിൽ വിജയിച്ചിട്ടുണ്ട്.
12. പൊതുപശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ഗണ്യമായി വിജയിച്ചിട്ടുണ്ട്. ഉദാ: റോഡുകൾ, നടപ്പാതകൾ, പൊതുസ്ഥാപനങ്ങൾക്ക് (അംഗൻവാടികൾ, സ്കൂളുകൾ, ആശുപത്രികൾ മുതലായവ) കെട്ടിടം.
13. പരിരക്ഷയും കാരുണ്യവും ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികളിൽ മികച്ച വിജയം കൈവരിക്കാനായിട്ടുണ്ട്. ഉദാ: ആശ്രയ-അഗതി പുനരധിവാസ പദ്ധതി, ബഡ്സ് സ്കൂളുകളും പുനരധിവാസകേന്ദ്രങ്ങളും, സാന്ത്വനപരിചരണം.
14. വിവിധ വികസന മേഖലകളിൽ ശ്രദ്ധേയമായ മാതൃകകൾ നിരവധി പ്രാദേശിക സർക്കാരുകൾ വികസിപ്പിച്ചിട്ടുണ്ട്. ഉദാ: ഗുണഭോക്തൃ ഗ്രൂപ്പുകൾ പ്രവർത്തിപ്പിച്ച് പരിപാലിക്കുന്ന കുടിവെള്ള സ്കീമുകൾ, നെൽകൃഷിയുടെ പുനരുജ്ജീവനത്തിന് ഗ്രീൻ ആർമി, സ്കൂളുകളിൽ വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ.

## ജനകീയാസൂത്രണത്തിന്റെ ദൗർബല്യങ്ങളും പരാജയങ്ങളും

1. വികസന പദ്ധതികൾ തയ്യാറാക്കുന്നതിലും നിർവ്വഹണം പൂർത്തിയാക്കുന്നതിലും വലിയ കാലവിളംബം ഉണ്ടാകുന്നു.
2. മാലിന്യപരിപാലനം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ, തണ്ണീർത്തട സംരക്ഷണം തുടങ്ങി റഗുലേറ്ററി സംബന്ധമായ ചുമതലകൾ നിറവേറ്റുന്നതിൽ വിജയിക്കാൻ കഴിയുന്നില്ല.
3. തനത് വരുമാനം പിരിക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലും കാര്യമായി ശ്രദ്ധിക്കുന്നില്ല.
4. പരാതി പരിഹാര സംവിധാനങ്ങൾ ആവിഷ്കരിക്കുക, പങ്കാളിത്തം വർദ്ധിപ്പിക്കുക, സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, സുതാര്യത ഉറപ്പാക്കുക, സോഷ്യൽ ഓഡിറ്റ് നടത്തുക, ഉത്തരവാദിത്വം ഔദ്യോഗികമായി നിശ്ചയിക്കുക, അഴിമതി കുറയ്ക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ച് ഭരണ നിർവ്വഹണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്. സദ്ഭരണവും വികസനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സദ്ഭരണം നിലവിലുള്ളയിടങ്ങളിൽ വികസനം താരതമ്യേന വേഗത്തിൽ സാധ്യമാകുകയും ഗുണമേന്മയുള്ളതുമായിരിക്കും.
5. ഉദ്യോഗസ്ഥ സംബന്ധമായ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. ഉദാ: പ്രാദേശിക ഭരണ സംവിധാനങ്ങളോട് അനുകൂലമല്ലാത്ത നിലപാട് വകുപ്പുകൾ സ്വീകരിക്കുക, ഉദ്യോഗസ്ഥരെ കൂട്ടിയോജിപ്പിച്ച് സംയോജിത പ്രവർത്തനം നടത്താൻ കഴിയാതിരിക്കുക, ലഭ്യമായ പ്രൊഫഷണലുകളുടെ വൈദഗ്ധ്യം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാതിരിക്കുക.
6. വികസന രംഗത്ത് നിലനിൽക്കുന്ന ദൗർബല്യങ്ങൾ.

- പ്രാദേശിക സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി

സൂക്ഷിക്കുന്ന സമ്പ്രദായം വളരെ ദുർബലമാണ്. മാത്രമല്ല ലഭ്യമായ കണക്കുകൾ വിശ്വാസയോഗ്യവുമല്ല.

- ദീർഘകാല വികസന കാഴ്ചപ്പാട് രൂപപ്പെടുത്തി വികസന ലക്ഷ്യങ്ങൾ വ്യക്തമായി മുൻകൂട്ടി നിർണ്ണയിച്ച് അതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കപ്പെടുന്നില്ല.
- പദ്ധതി രൂപീകരണത്തിൽ വിദഗ്ധരുടെ പങ്കാളിത്തം കാര്യമായി ഉണ്ടാകുന്നില്ല.
- വികസന ആശയങ്ങളെ നിസാരവൽക്കരിക്കുന്ന പ്രവണതയും നടപടിക്രമങ്ങൾ ചടങ്ങുപോലെ പൂർത്തിയാക്കുന്ന രീതിയും വർദ്ധിക്കുന്നു. ഉദാ: ബസ്സ്റ്റാൻഡ് നിർമ്മാണം, മരുന്ന് വാങ്ങൽ എന്നിവ വൃദ്ധരുടെ പദ്ധതിയിൽ ഉൾപ്പെടുത്തുക, ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതിയുടെ അന്തസത്ത ഉൾക്കൊണ്ട് നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് അത് തയ്യാറാക്കാതെ ഏതാനും പ്രോജക്ടുകൾ കൂട്ടിച്ചേർത്ത് ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കിയതായി വ്യാഖ്യാനിക്കുക മുതലായവ.
- ലഭ്യമായ വിഭവങ്ങൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിച്ച് വിനിയോഗിക്കുന്ന തെറ്റായ പ്രവണത നിലനിൽക്കുന്നത് കാരണം കാര്യമായ വിഭവം വേണ്ട വലിയ പ്രോജക്റ്റുകൾ ഏറ്റെടുക്കാൻ കഴിയുന്നില്ല.
- വകുപ്പുകളുടെയും പരിപാടികളുടെയും സമന്വയം ഉണ്ടാകുന്നില്ല. മേഖലകൾ തമ്മിലുള്ള ബന്ധവും മുൻ-പിൻ ബന്ധങ്ങളും ഉറപ്പാക്കി സമഗ്രതയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിലേ പരിമിതമായ വിഭവം ചെലവഴിക്കുന്നതിന്റെ പൂർണ്ണ പ്രയോജനം ലഭിക്കുകയുള്ളൂ. ഉദാ: ശുചിത്വവും ആരോഗ്യവും, ജൈവമാലിന്യ സംസ്കരണവും കാർഷിക വികസനവും, നീർത്തട വികസനവും കാർഷിക വികസനവും മുതലായ മേഖലകൾ പരസ്പര ബന്ധിതമാണ്.
- സമാന സ്കീമുകൾ ഒന്നിലേറെ ഏജൻസികൾ ഏറ്റെടുക്കുന്ന അവസ്ഥ നിലനിൽക്കുന്നു.
- നഗരവൽക്കരണം ഉയർത്തുന്ന വലിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നില്ല.
- ചെലവ് രഹിത വികസനത്തിനുള്ള സാധ്യതകൾക്ക് വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല.
- ഗുണഫലങ്ങൾ (ഉദാ: വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, ആരോഗ്യം മെച്ചപ്പെടുത്തുക) ലക്ഷ്യമിട്ട് പ്രോജക്ടുകൾ നടപ്പാക്കുന്ന രീതിക്ക് പകരം ചെലവ് ശതമാനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.
- ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായും കാര്യക്ഷമമായും ചെലവഴിക്കുന്നതിന് കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. (ഉദാ: റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി ചെലവഴിക്കാതെ നഷ്ടപ്പെടുത്തുക).
- വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിച്ച് പ്രാദേശിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിൽ കാര്യമായി വിജയിച്ചിട്ടില്ല.

**ജനകീയാസൂത്രണം ആദ്യഘട്ടത്തിന്റെ കാതലായ സവിശേഷതകളായ പ്രാദേശിക വിഭവ സമാഹരണം, വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തം, സന്നദ്ധ സാങ്കേതിക വിദഗ്ധരുടെ പങ്കാളിത്തം, വികസനരേഖ തയ്യാറാക്കൽ തുടങ്ങിയവ തിരിച്ചുകൊണ്ടു വരണം.**



**പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കോമൺ സർവ്വീസ് യഥാർത്ഥ്യമാക്കുന്നതിനു വേണ്ട നടപടികൾ വേഗത്തിലാക്കണം.**

- പട്ടികവർഗ്7ക്കാർക്ക് വികേന്ദ്രീകരണത്തിന്റെ പൂർണ്ണ പ്രയോജനം ലഭിച്ചിട്ടില്ല. പട്ടികജാതിക്കാരുടെയും, മത്സ്യതൊഴിലാളികളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ മേഖലയിൽ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്നു.
- ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർണ്ണമായും നീതിപൂർവ്വമായാണ് നടക്കുന്നതെന്ന് പറയാൻ കഴിയുകയില്ല. പലപ്പോഴും ഏറ്റവും പാവപ്പെട്ടവർ ഒഴിവായിപ്പോകുന്നുണ്ട്.
- ഗുണഭോക്തൃ സമിതി സംവിധാനം ബിനാമി കമ്മിറ്റികളായി മാറി.

## ജനകീയാസൂത്രണം : ഇനി വേണ്ടത്.

കഴിഞ്ഞ രണ്ട് പതിറ്റാണ്ട് കാലത്തെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് നേട്ടങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയും ദൗർബല്യങ്ങൾ പരിഹരിച്ചും കേരളത്തിലെ വികേന്ദ്രീകൃത ഭരണ സംവിധാനങ്ങളെ ശക്തിപ്പെടുത്തി അവശേഷിക്കുന്ന സ്ഥാപനവൽക്കരണ നടപടികൾ പൂർണ്ണമാക്കുന്നതിനായിരിക്കണം പതിമൂന്നാം പദ്ധതിയിൽ ഊന്നൽ നൽകേണ്ടത്. പ്രധാന പരിഗണനാവിഷയങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

1. കുടുംബശ്രീ, ഇൻഫർമേഷൻ കേരള മിഷൻ, ശുചിത്വമിഷൻ തുടങ്ങിയവയുടെ സേവനം കാര്യക്ഷമമായി ഉപയോഗിക്കണം. ആസൂത്രണം, ജി.ഐ.എസ്. അധിഷ്ഠിത മോണിട്ടറിംഗ്, സ്ഥാപനങ്ങളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ, പദ്ധതി പരിശോധന തുടങ്ങിയവയ്ക്ക് മികവുറ്റ ഇ-ഗവേണൻസ് സോഫ്റ്റ് വെയറുകൾ (intelligent softwares) വികസിപ്പിക്കണം.
2. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹായം, പഠന പ്രക്രിയയുടെ ഭാഗമായി പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതിന് 'ഉന്നത് ഭാരത് അഭിയാൻ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിവക്ഷിക്കുന്ന സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം.
3. ജനകീയാസൂത്രണം ആദ്യഘട്ടത്തിന്റെ കാതലായ സവിശേഷതകളായ പ്രാദേശിക വിഭവ സമാഹരണം, വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തം, സന്നദ്ധ സാങ്കേതിക വിദഗ്ധരുടെ പങ്കാളിത്തം, വികസനരേഖ തയ്യാറാക്കൽ തുടങ്ങിയവ തിരിച്ചുകൊണ്ടു വരണം. സന്നദ്ധ സാങ്കേതിക വിദഗ്ധരെ സുതാര്യ നടപടിക്രമങ്ങളിലൂടെ കണ്ടെത്തി, വികസന പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുന്നതിന് ജനപ്രതിനിധികൾ തന്നെ നേരിട്ട് ക്ഷണിക്കുന്ന രീതി അവലംബിക്കണം. അവരുടെ വിലയേറിയ അഭിപ്രായങ്ങളും ആശയങ്ങളും അർഹമായ ഗൗരവത്തോടെ തദ്ദേശഭരണസ്ഥാപനം പരിഗണിക്കുകയും ചർച്ച ചെയ്യുകയും വേണം.
4. പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ.

- വാർഷികപദ്ധതികൾക്ക് പകരം പഞ്ചവത്സര പദ്ധതി സമീപനത്തിലേക്കും ജില്ലാ പദ്ധതി രൂപീകരണത്തിലേക്കും മാറണം.
- പദ്ധതിയുടെയും (Plan) പ്രോജക്ടുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തണം. അവ സ്ഥിതി വിവരക്കണക്കുകളെ അടിസ്ഥാനമാക്കിയുള്ളതും ലക്ഷ്യങ്ങൾ വ്യക്തമായി മുൻകൂട്ടി നിശ്ചയിക്കുന്നതുമായിരിക്കണം.
- നഗരവൽക്കരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തണം.
- സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ നിർവ്വഹണം തുടങ്ങാൻ കഴിയുംവിധം വാർഷികപദ്ധതിയും പ്രോജക്ടുകളും മുൻകൂട്ടി തയ്യാറാക്കുന്ന സമ്പ്രദായം പ്രാവർത്തികമാക്കണം. അതുപോലെ വാർഷിക പദ്ധതി ബജറ്റിന്റെ ഭാഗമാക്കുകയും വേണം. ഇവ ഉറപ്പാക്കുന്നതിന് പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ബജറ്റ് ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കണം.
- പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനൊപ്പം ജില്ലാ പദ്ധതി തയ്യാറാക്കുകയെന്ന ഭരണഘടനാ ചുമതല നിറവേറ്റുന്നതിന് പര്യാപ്തമാകുംവിധം ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തണം. ജില്ലാ ആസൂത്രണ സമിതിക്ക്, പ്രാദേശിക പദ്ധതികൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള അധികാരം നൽകാവുന്നതാണ്.
- പദ്ധതി പരിശോധനയും സാങ്കേതിക പരിശോധനയും ഉദ്യോഗസ്ഥ കേന്ദ്രീകൃതമായി നടത്തുന്ന രീതിക്ക് പകരം സന്നദ്ധ സാങ്കേതിക വിദഗ്ധരുടെ സേവനം കൂടി ഉപയോഗപ്പെടുത്തുന്നത് ഗുണമേന്മ മെച്ചപ്പെടുത്താൻ സാഹായിക്കും. സേവന സന്നദ്ധതയുള്ള വിദഗ്ധരെ ഒരു സെർച്ച് കമ്മിറ്റിയെ നിയോഗിച്ച് കണ്ടെത്തുന്ന രീതി ജില്ലാ ആസൂത്രണ സമിതിക്ക് സ്വീകരിക്കാവുന്നതാണ്.
- വിവിധ വകുപ്പുകളുടെയും പരിപാടികളുടെയും സമന്വയം ഫലപ്രദമായി ഉറപ്പാക്കണം. കൃഷി പോലെയുള്ള മേഖലകൾക്ക് പ്രാദേശിക സർക്കാർ തലത്തിൽ ഒറ്റപദ്ധതി (Single Plan) മാത്രമേ പാടുള്ളൂ.
- സാമൂഹിക നീതിക്ക് പ്രത്യേക ശ്രദ്ധ നൽകുകയും മാനവവികസനത്തിൽ വിവിധ വിഭാഗങ്ങൾക്കിടയിലുള്ള അന്തരം കുറയ്ക്കുന്നതിനുവേണ്ട ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുകയും വേണം.
- ചെറുകിട ഉത്പാദന മേഖലയിലെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കണം. നൈപുണ്യവികസനത്തിന് പ്രത്യേക പരിഗണന നൽകണം.
- ചെലവു കുറഞ്ഞ സാങ്കേതിക വിദ്യയുടെ ഉപയോഗം പ്രോൽസാഹിപ്പിക്കണം.
- ഗുണമേന്മ ഉറപ്പാക്കുന്നതിന് തേർഡ് പാർട്ടി ക്വാളിറ്റി

അഷ്വറൻസ് ടെക്നിക്കൽ ഏജൻസികളെ ചുമതലപ്പെടുത്തുന്ന സമ്പ്രദായം ആവിഷ്കരിക്കണം.

- പ്രാദേശിക സർക്കാരുകൾ നേരിട്ടും, സ്വതന്ത്ര ഏജൻസികൾ മുഖേനയും പെർഫോർമൻസ് മോണിട്ടറിംഗ് നടത്തുന്നതിനുള്ള സംവിധാനം നടപ്പാക്കണം.
- സംസ്ഥാന വികസന കൗൺസിലിനെ കർമ്മനിരതമായ സ്ഥാപനമാക്കി മാറ്റണം.

5. സദ്ഭരണ ഉദ്യമങ്ങൾ ഫലപ്രാപ്തിയിലെത്തിക്കൽ.

- സേവനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുകയും പരാതി പരിഹാര സംവിധാനം ആവിഷ്കരിക്കുകയും വേണം.
- സോഷ്യൽ ഓഡിറ്റ് വ്യവസ്ഥാപിതമാക്കണം.
- പൊതുജനങ്ങളുടെ സംതൃപ്തി നിർണ്ണയിക്കുന്നതിന് സിറ്റിസൺ സർവ്വേകൾ നടത്തണം.
- വിവരങ്ങൾ സ്വയം വെളിപ്പെടുത്തുന്ന സമ്പ്രദായം പ്രാവർത്തികമാക്കണം.
- ഓംബുഡ്സ്മാൻ, അപ്പലേറ്റ് ട്രൈബ്യൂണൽ തുടങ്ങിയ സ്ഥാപനങ്ങളെ അവയുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമാവും വിധം കർമ്മനിരതമായ സ്ഥാപനങ്ങളാക്കി മാറ്റണം.
- ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കണം.
- പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കോമൺ സർവ്വീസ് യഥാർത്ഥ്യമാക്കുന്നതിനു വേണ്ട നടപടികൾ വേഗത്തിലാക്കണം.
- കൈമാറിയ ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ദ്വിതലനിയന്ത്രണം തുടരേണ്ടി വരുമെങ്കിലും ഉദ്യോഗസ്ഥരും പ്രാദേശിക സർക്കാരുകളുമായുള്ള ജൈവബന്ധം ദൃഢമാക്കണം.
- സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഭരണ നിർവ്വഹണ സംവിധാനം പൂർണ്ണമായി പരിഷ്കരിക്കണം. സ്ഥാപനങ്ങളുടെ നടത്തിപ്പിന് മാന്വലുകൾ രൂപപ്പെടുത്തണം.
- തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ ധനാഗമമാർഗ്ഗങ്ങൾ അനുവദിച്ചു നൽകണം.
- പ്രാദേശിക സർക്കാരുകൾക്ക് കൂടുതൽ സ്വയംഭരണം അനുവദിക്കുകയും അധികം ചുമതലകളും അധികാരങ്ങളും നൽകുകയും വേണം.

6. ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നതിനും ഇന്ന് നേരിടുന്ന ദൗർബല്യങ്ങൾക്ക് പ്രായോഗിക പരിഹാരം കാണുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നാല് വികസന മിഷനുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഹ്രസ്വകാല-ദീർഘകാല ലക്ഷ്യങ്ങളും അവ ഓരോന്നും കൈവരിക്കേണ്ട സമയക്രമവും വ്യക്തമായി മുൻകൂട്ടി നിർണ്ണയിച്ച് പദ്ധതി തയ്യാറാക്കുകയും അനുയോജ്യവും നൂതനവുമായ സാങ്കേതികവിദ്യയും സാങ്കേതിക സഹായവും യഥാസമയം ലഭ്യമാക്കുകയും ചെയ്ത് ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യങ്ങൾ കൈവരിക്കുകയും അതുവഴി വികസനപ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക എന്ന

**വികേന്ദ്രീകൃത ഭരണ സംവിധാനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി വികസന പ്രവർത്തനരീതികൾ മെച്ചപ്പെടുത്തുന്നതിന് വകുപ്പുകൾ കൂടുതൽ താൽപ്പര്യം കാണിക്കുന്നുവെന്നത് പതിമൂന്നാം പദ്ധതിയിലെ അനുകൂല ഘടകമാണ്. ഇത് പ്രയോജനപ്പെടുത്തുന്നതിന് വിഷയ മേഖലകൾ കേന്ദ്രീകരിച്ച് നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കായിരിക്കണം ഈ ഘട്ടത്തിൽ ഊന്നൽ നൽകേണ്ടത്.**

സമീപനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. പ്രഖ്യാപിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർണ്ണമായും പ്രാദേശിക സർക്കാരുകളുടെ ചുമതലയിൽ ഉൾപ്പെട്ട വിഷയങ്ങളാണ്. ശുചിത്വ-മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളാകട്ടെ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും അനിവാര്യ ചുമതലയുമാണ്. മിഷനുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വികസന പദ്ധതികളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ഗുണഫലങ്ങൾ മുൻകൂട്ടി നിർണ്ണയിച്ച് വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന രീതി സ്വായത്തമാക്കുന്നതിനും പ്രാദേശിക സർക്കാരുകൾ ശ്രമിക്കണം.

വികേന്ദ്രീകൃത ഭരണ സംവിധാനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി വികസന പ്രവർത്തനരീതികൾ മെച്ചപ്പെടുത്തുന്നതിന് വകുപ്പുകൾ കൂടുതൽ താൽപ്പര്യം കാണിക്കുന്നുവെന്നത് പതിമൂന്നാം പദ്ധതിയിലെ അനുകൂല ഘടകമാണ്. ഇത് പ്രയോജനപ്പെടുത്തുന്നതിന് വിഷയ മേഖലകൾ കേന്ദ്രീകരിച്ച് നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കായിരിക്കണം ഈ ഘട്ടത്തിൽ ഊന്നൽ നൽകേണ്ടത്. മുൻഗണനാ മേഖലകളായ മാലിന്യ സംസ്ക്കരണം, കൃഷി വികസനം, പ്രകൃതി വിഭവമാനേജ്മെന്റ്, ആരോഗ്യം മെച്ചപ്പെടുത്തൽ തുടങ്ങി കൂടുതൽ മേഖലകളിൽ ഈ സമീപനം അവലംബിക്കാവുന്നതാണ്. വകുപ്പുകളും പ്രാദേശിക സർക്കാരുകളും തമ്മിലുള്ള ജൈവബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഈ സമീപനം സഹായിക്കും. അതോടൊപ്പം പ്രാദേശിക ഭരണ സംവിധാനത്തെ ദുർബലപ്പെടുത്തുന്നതിന് ഇട നൽകാൻ കഴിയാത്ത വിധം, അവശേഷിക്കുന്ന സ്ഥാപനവൽക്കരണ ശ്രമങ്ങൾ കൂടി പൂർത്തിയാക്കുകയും അതിന് നിയമങ്ങളുടെയും ചട്ടങ്ങളുടെയും പിൻബലം നൽകുകയും വേണം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഏറ്റവും വലിയ അവസരമായി പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിനെ ഉപയോഗപ്പെടുത്തേണ്ടതാണ്.

ഡോ. കെ.എൻ. ഹരിലാൽ



# ജനകീയാസൂത്രണം പതിമൂന്നാം പദ്ധതിയിൽ

കേരളത്തിന്റെ അഭിമാനമായ ജനകീയാസൂത്രണം നാലു പഞ്ചവൽസര പദ്ധതികൾ പിന്നിട്ടിരിക്കുന്നു. ഒൻപതാം പദ്ധതിക്കാലത്താണ് ആസൂത്രണത്തിന്റെ ജനാധിപത്യവൽക്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ പരിപാടി ആരംഭിക്കുന്നത്. ഗവൺമെന്റുകൾ മാറി വന്നെങ്കിലും ചില വെള്ളം ചേർക്കലുകൾ ഉണ്ടായെങ്കിലും പത്തും പതിനൊന്നും പന്ത്രണ്ടും പദ്ധതികളിൽ ജനകീയാസൂത്രണം അഭംഗുരം തുടർന്നു. താഴേത്തട്ടിൽ ജനപങ്കാളിത്തത്തോടെ നടക്കുന്ന ജനകീയാസൂത്രണം ഇപ്പോൾ കേരളത്തിലെ ഭരണവ്യവസ്ഥയുടെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. ഒരു ഘട്ടത്തിൽ പോലും ഒരു പിന്നോട്ടുപോക്കിനെക്കുറിച്ച് കേരളം ചിന്തിച്ചിട്ടില്ല. അത്രത്തോളം സ്വീകാര്യമായ ഒരു മാറ്റമാണ് ജനകീയാസൂത്രണം കേരളത്തിൽ സാദ്ധ്യമാക്കിയത്. ജനകീയാസൂത്രണത്തെ കൂടുതൽ ശക്തിപ്പെടുത്തും എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടാണ് പുതിയ സംസ്ഥാനസർക്കാർ അധികാരത്തിൽ എത്തിയത്. സംസ്ഥാനസർക്കാർ ആദ്യത്തെ മന്ത്രിസഭായോഗത്തിൽ എടുത്ത പ്രധാന തീരുമാനങ്ങളിൽ ഒന്ന് കേരളത്തിൽ പഞ്ചവത്സരപദ്ധതികളും ആസൂത്രണവും ആസൂത്രണത്തിലെ ജനകീയതയും തുടരും എന്നതാണ്.

ജനകീയാസൂത്രണം തുടരും എന്നതും അതിന്റെ

നടപടിക്രമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തും എന്നതും തെരഞ്ഞെടുപ്പു പ്രകടനപത്രികയിൽ തന്നെ വ്യക്തമാക്കിയിരുന്നെങ്കിലും ഉണ്ടാവാൻ പോകുന്ന മാറ്റങ്ങളുടെ വിശദാംശം മുൻകൂട്ടി തീരുമാനിച്ചിരുന്നില്ല. കേരള പഠനകോൺഗ്രസിലും ഇതര സംവാദവേദികളിലും ഇതു സംബന്ധിച്ച ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ ഉയർന്നുവന്നിരുന്നു. പക്ഷെ, അവ സംബന്ധിച്ച് അവസാന തീരുമാനം എടുക്കാനുള്ള ഉത്തരവാദിത്തവും അധികാരവും പുതിയ സർക്കാരിൽ നിക്ഷിപ്തമായിരുന്നു. അതുകൊണ്ടുതന്നെ ജനകീയാസൂത്രണം സംബന്ധിച്ച സർക്കാർ തീരുമാനങ്ങളെ വളരെ ആകാംക്ഷയോടെയാണ് ബന്ധപ്പെട്ട എല്ലാവരും കാത്തിരുന്നത്. ആ ആകാംക്ഷയ്ക്ക് ഇപ്പോൾ അറുതിവന്നിരിക്കുന്നു. പ്രാദേശിക സർക്കാരുകളുടെ തലത്തിൽ നടക്കുന്ന പദ്ധതിരൂപീകരണത്തിന്റെയും നടത്തിപ്പിന്റെയും കാര്യത്തിൽ മാത്രമല്ല സംസ്ഥാനസർക്കാരിന്റെ വിവിധ വകുപ്പുകളും മിഷനുകളും തമ്മിലുള്ള ഏകോപനത്തിന്റെ കാര്യത്തിലും വ്യക്തമായ ചിത്രം ഉരുത്തിരിഞ്ഞിരിക്കുന്നു.

2017 ജനുവരി 21ന് തൃശ്ശൂരിൽ വെച്ചു നടന്ന മഹാസമ്മേളനത്തിൽ പതിമൂന്നാം പദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നടത്തിയ പ്രസംഗം വികസനാസൂത്രണത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ എടുക്കുന്ന അടിസ്ഥാന സമീപനത്തിന്റെ പ്രഖ്യാപനമാണ്.

ജനകീയാസൂത്രണം പുതിയ ഒരു ഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്. ജനകീയാസൂത്രണം തുടരും എന്നല്ല മറിച്ചു വർധിതവീര്യത്തോടെയും കൂടുതൽ ജനകീയമായും തുടരും എന്നാണ് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. എന്നാൽ പതിമൂന്നാം പദ്ധതിയിലെ ജനകീയാസൂത്രണം പഴയതിന്റെ തനിയാവർത്തനമായിരിക്കില്ല. കഴിഞ്ഞ ഇരുപത് വർഷക്കാലത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ കാലം ആവശ്യപ്പെടുന്ന അടിസ്ഥാന മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് ജനകീയാസൂത്രണം പതിമൂന്നാം പദ്ധതിയിലേക്കു കടക്കുന്നത്. അതുകൊണ്ടാണ് പലരും ഇതിനെ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം എന്നു വിശേഷിപ്പിക്കുന്നത്. ഒൻപതു മുതൽ പന്ത്രണ്ടാം പദ്ധതിവരെയുള്ള കാലത്തെ അതായത് ആദ്യത്തെ ഇരുപതു വർഷത്തെ ഒന്നാം ഘട്ടം എന്നും പതിമൂന്നാം പദ്ധതി മുതൽ തുടങ്ങുന്ന കാലത്തെ ജനകീയാസൂത്രണത്തിന്റെ രണ്ടാ ഘട്ടം എന്നും വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. തീർച്ചയായും, ഒരു പുതിയ ഘട്ടത്തെ അടയാളപ്പെടുത്തുന്ന മാറ്റങ്ങളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിൽ, വരാൻ പോകുന്ന പ്രധാനപ്പെട്ട മാറ്റങ്ങൾ എടുത്തു പറഞ്ഞിരുന്നു. ഇതിനോടൊപ്പം മിഷനുകൾ സംബന്ധിച്ച പ്രഖ്യാപനങ്ങളും സർക്കാർ ഉത്തരവുകളും കൂട്ടിവായിച്ചാൽ ആസൂത്രണത്തിന്റെയും വികസനഭരണത്തിന്റേയും രംഗത്ത് സംസ്ഥാന സർക്കാർ നടത്തുന്ന പൊളിച്ചെഴുത്തുകളുടെ ആകെത്തുക വ്യക്തമാവും.

ആസൂത്രണത്തിലും വികസനഭരണത്തിലും



ഇപ്പോൾ നിർദ്ദേശിക്കപ്പെടുന്ന മാറ്റങ്ങൾ ആകാശത്തുനിന്ന് പെട്ടെന്ന് പൊട്ടിവീണ തരത്തിലുള്ളതല്ല, മറിച്ച് ജനകീയാസൂത്രണപ്രസ്ഥാനത്തിനകത്തു നടന്ന വിമർശന-സ്വയംവിമർശനങ്ങളുടെയും കേരളസമൂഹത്തിൽ പൊതുവെ നടന്ന സംവാദങ്ങളുടെയും കൂടുതൽ ഔപചാരിക സ്വഭാവമുള്ള പഠനങ്ങളുടെയും പരിണതഫലമാണ് ഇപ്പോൾ നിർദ്ദേശിക്കപ്പെടുന്ന മാറ്റങ്ങൾ.

ജനകീയാസൂത്രണത്തിന്റെ കടുത്ത വിമർശകർക്കുപോലും ഒരു പിന്നോട്ടുപോക്കിനെക്കുറിച്ചു പറയാൻ ഇടം നൽകാത്തവിധം വലുതാണ് അതിന്റെ നേട്ടങ്ങൾ എന്ന് തുടക്കത്തിൽ തന്നെ സൂചിപ്പിച്ചല്ലോ. മാറ്റങ്ങളെക്കുറിച്ചു പറയുമ്പോൾ ഇക്കാര്യം അടിവരയിട്ടു പറയേണ്ടത് അത്യാവശ്യമാണ്. എന്നാൽ മറ്റ് ഏതൊരു പ്രസ്ഥാനത്തെയും പോലെ ജനകീയാസൂത്രണത്തിനും അതിന്റേതായ കുറ്റങ്ങളും കുറവുകളും ഉണ്ടായിരുന്നു. ജനകീയാസൂത്രണത്തിൽ മുഴുവൻ സാധ്യതകളും ഉപയോഗിക്കാൻ നമുക്കു കഴിയാതെവന്നത് ഈ പോരായ്മകൾ മൂലമാണ്. അതുകൊണ്ട് കഴിഞ്ഞ ഇരുപതുവർഷക്കാലത്തെ സഞ്ചിത അനുഭവങ്ങളുടെ വെളിച്ചത്തിൽ പോരായ്മകൾ നികത്തി കൂടുതൽ കരുത്താർജ്ജിച്ചു മുന്നോട്ടുപോകാനാണ് പതിമൂന്നാം പദ്ധതിക്കാലത്ത് ശ്രമിക്കേണ്ടത്. ജനകീയാസൂത്രണത്തെ ശക്തിപ്പെടുത്താൻ താഴെപ്പറയുന്ന മാറ്റങ്ങളാണ് മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ എടുത്തു പറഞ്ഞത്.

ഒന്ന്: താഴെത്തട്ടിൽ നിന്നുള്ള പദ്ധതിരൂപീകരണത്തിന്റെയും നടത്തിപ്പിന്റെയും നടപടിക്രമങ്ങൾ ലളിതമാക്കണം. ലക്ഷ്യങ്ങൾക്കാണ്, നടപടിക്രമങ്ങൾക്കല്ല പ്രാധാന്യം നൽകേണ്ടത്. നടപടിക്രമങ്ങൾ ലക്ഷ്യങ്ങളെ ചങ്ങലയ്ക്കിടുന്നതിനെയാണ് ഉദ്യോഗസ്ഥമേധാവിത്വം എന്നു പറയുന്നത്. ജനകീയാസൂത്രണത്തെ നടപടിക്രമങ്ങളുടെ ബാഹുല്യത്തിൽ നിന്ന് അതായത് ഉദ്യോഗസ്ഥമേധാവിത്വത്തിൽ നിന്നും രക്ഷിക്കണം.

രണ്ട്: ജനപങ്കാളിത്തം എണ്ണത്തിലും ഗുണത്തിലും ഏറെ മെച്ചപ്പെടണം. നാമമാത്രമായ പങ്കാളിത്തത്തിൽ നിന്നും അർത്ഥവത്തായ പങ്കാളിത്തത്തിലേക്ക് മുന്നേറണം. ജനങ്ങളുടെ പങ്കാളിത്തം തങ്ങളുടെ പ്രതിനിധികളേയും ഗവൺമെന്റിനേയും തെരഞ്ഞെടുക്കുന്നതിൽ ഒതുങ്ങരുത്. പൊതുകാര്യങ്ങളിൽ പൗരന്മാർ തുടർച്ചയായ താൽപര്യമെടുക്കുകയും ഇടപെടുകയും വേണം. എല്ലാ പൊതുകാര്യങ്ങളിലും പൊതുജനാഭിപ്രായം രൂപപ്പെടുത്തിയെടുക്കണം; അതിനാവശ്യമായ ചർച്ച നടക്കണം; സംവാദത്തിനു വേദി ഉണ്ടാവണം; പൊതുജനാഭിപ്രായം രൂപീകരിക്കപ്പെട്ടാൽ അത് ഭരണത്തിൽ കൃത്യമായി പ്രതിഫലിക്കണം. അതിനു ജനങ്ങളുടെ തുടർച്ചയായ ഇടപെടലുണ്ടാകണം.



മൂന്ന്: പതിമൂന്നാം പദ്ധതിയിലെ ജനകീയാസൂത്രണപ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാനസവിശേഷത അത് ബഹുതലാസൂത്രണത്തിനു നൽകുന്ന വലിയ ഊന്നലായിരിക്കും. ഗവൺമെന്റുകൾ തമ്മിൽ, അതായത് ഒരേ തട്ടിലും വിവിധ തട്ടുകൾക്കിടയിലുമുള്ള ഏകോപനത്തെക്കുറിച്ചു ബോധ്യമുണ്ടായിരുന്നെങ്കിലും അതിനു സാധിച്ചിരുന്നില്ല. സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന നവകേരള മിഷനുകൾ ഇത്തരത്തിലുള്ള സംയോജനം സാദ്ധ്യമാക്കും. വികസന പ്രശ്നങ്ങളെ ഇനി മുതൽ നേരിടുന്നത് വിവിധ തട്ട് ഗവൺമെന്റുകളും ഏജൻസികളും ഒറ്റക്കെട്ടായി നിന്നുകൊണ്ടായിരിക്കും.

നാല്: ജനകീയാസൂത്രണത്തിലെ പ്രോജക്ടുകളുടെ വിജ്ഞാന അടിത്തറ അഥവാ അറിവുള്ളടക്കം ഗണ്യമായി ഉയർത്തണം. നാം ജീവിക്കുന്നത് വിജ്ഞാന സമൂഹത്തിലാണ്. കേരളത്തിലും അറിവിന്റെ ലഭ്യത ഉയരുകയാണ്. വികസനപ്രശ്നങ്ങൾക്ക് സാങ്കേതിക പരിഹാരം നിർദ്ദേശിക്കാൻ കഴിയുന്ന ധാരാളം വിദഗ്ധൻമാരെ നാട്ടുംപുറങ്ങളിൽ പോലും ലഭ്യമാണ്. ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ കഴിയുന്ന സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ഒരു വലിയ നിരയും നമുക്കു ലഭ്യമാണ്. ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി പ്രാദേശികപദ്ധതികളും ലഭ്യമായ അറിവും തമ്മിലുള്ള വിടവ് ഇല്ലാതാക്കാൻ നമുക്കു കഴിയണം.

അഞ്ച്: ഉത്പാദനമേഖലയ്ക്കു കൂടുതൽ പ്രാധാന്യം നൽകണം. ജനകീയാസൂത്രണത്തിൽ പ്രത്യേകിച്ചും ഒൻപതാം പദ്ധതിക്കുശേഷം ഉത്പാദനമേഖലയ്ക്കു വലിയ പ്രാധാന്യം നൽകാൻ കഴിഞ്ഞില്ല. പശ്ചാത്തലമേഖലയ്ക്കും പിന്നീട് സേവനമേഖലയ്ക്കുമായിരുന്നു ഊന്നൽ. കൃഷിയെയും അനുബന്ധ മേഖലകളെയും വ്യവസായത്തേയും വലിയ തോതിൽ പ്രോൽസാഹിപ്പിക്കാൻ കഴിയണം.

ആറ്: പൊതുസേവനങ്ങളുടെ ഗുണനിലവാരം ഉയർത്തണം.

അടിസ്ഥാനാവശ്യങ്ങളിൽ ഊന്നുന്ന ഒരു വികസനസമീപനമാണ് കേരളം ഇതുവരെ സ്വീകരിച്ചത്. എല്ലാവർക്കും അടിസ്ഥാന ജീവിത സൗകര്യങ്ങളും സേവനങ്ങളും എത്തിക്കുക എന്നതിനോടൊപ്പം ഏറ്റവും മെച്ചപ്പെട്ട, ഉയർന്ന ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും നൽകാൻ നമുക്കു കഴിയണം. ലഭ്യമാവുന്ന ഭക്ഷണം വിഷരഹിതവും സുരക്ഷിതവുമായിരിക്കണം. സർക്കാർ ആശുപത്രികളും പൊതുവിദ്യാലയങ്ങളും ഉന്നത ഗുണനിലവാരം പുലർത്തണം.

ഏഴ്: ദീർഘകാല വികസനലക്ഷ്യങ്ങൾ പ്രഖ്യാപിക്കാതെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നത് ആസൂത്രണത്തിനു ഭൂഷണമല്ല. വിശദമായ പഞ്ചവത്സര പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞില്ലെങ്കിലും എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ദീർഘകാല വികസന പരിപ്രേക്ഷ്യവും പഞ്ചവത്സരപദ്ധതിക്കാലത്തെ ലക്ഷ്യങ്ങളും നിർവ്വചിക്കണം.

എട്ട്: പതിമൂന്നാം പദ്ധതിക്കാലത്ത് ജില്ലാ പദ്ധതിയുണ്ടാക്കുക എന്നത് യാഥാർത്ഥ്യമാവണം. ജില്ലാപദ്ധതി എന്നത് വിവിധ തട്ടുകളെ അടിച്ചേൽപിച്ചു നടപ്പാക്കുന്ന പ്രോജക്ടുകളുടെ ഒരു കൂട്ടമല്ല. മറിച്ച് ജില്ലയുടെ വികസന സാധ്യതകളുടേയും വെല്ലുവിളികളുടേയും വെളിച്ചത്തിൽ വിവിധ തട്ടു ഗവൺമെന്റുകൾ ജില്ലയിൽ നടപ്പിലാക്കുന്ന വ്യത്യസ്ത ഇടപെടലുകൾ വിശകലനം ചെയ്ത് അവയിൽ വേണ്ട മാറ്റം വരുത്തുന്നതിനുള്ള ഒരു ഉപകരണമാണ്. വിവിധ തട്ടുകൾക്കിടയിൽ അനുപൂരകബന്ധം ഉറപ്പിക്കുകയാണ് ലക്ഷ്യം. ഒപ്പം സ്ഥലപരമായ ആസൂത്രണൺത്തയും സാമൂഹ്യ-സാമ്പത്തിക ആസൂത്രണത്തെയും പരസ്പരം കൂട്ടിയിണക്കാനും ജില്ലാ പദ്ധതി സഹായിക്കും.

ഒൻപത്: നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ വലിയ മുൻഗണന നൽകി ഏറ്റെടുക്കണം. കേരളം വളരെ വേഗം നഗരവൽക്കരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. എന്നാൽ കേരളസമൂഹം നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങളെ മുൻകൂട്ടി കാണുന്നതിൽ പരാജയപ്പെടുകയാണ് ഉണ്ടായത്.

പത്ത്: ജനകീയാസൂത്രണത്തെ അഴിമതിമുക്തമാക്കണം. താഴേത്തട്ടിൽ നടക്കുന്ന പദ്ധതി പ്രവർത്തനങ്ങളിൽ വിശേഷിച്ചും നിർമ്മാണരംഗത്ത് നിലനിൽക്കുന്ന അഴിമതി പൂർണമായും ഒഴിവാക്കണം.

പതിനൊന്ന്: പ്രാദേശികപദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ യുവജനങ്ങളെ വലിയ തോതിൽ പങ്കെടുപ്പിക്കണം. യുവജനങ്ങളുടെ താൽപര്യങ്ങൾക്കു മുൻഗണന നൽകുന്ന പദ്ധതികൾ ഏറ്റെടുക്കണം. ഉദാഹരണത്തിനു കലാ-കായിക-വിനോദ-രംഗങ്ങൾക്കു പ്രാധാന്യം നൽകിയാൽ യുവജനങ്ങളെ കൂടുതലായി



ആകർഷിക്കാൻ കഴിയും.

പന്ത്രണ്ട് : നവമാധ്യമങ്ങളേയും നവസാങ്കേതികവിദ്യകളേയും കൂടുതലായി ഉപയോഗപ്പെടുത്തണം. യുവജനങ്ങളെ പദ്ധതി പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കാൻ ഇതു സഹായിക്കും. പ്രാദേശികഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും നവമാധ്യമങ്ങളുടെ ഉപയോഗം സഹായകരമാവും.

ജനകീയാസൂത്രണത്തിൽ നിർദ്ദേശിക്കപ്പെട്ട ഈ മാറ്റങ്ങൾ പൂർണ്ണമല്ല. കൂടുതൽ സമഗ്രമായ മാറ്റങ്ങളോടുകൂടിയാവണം പതിമൂന്നാം പദ്ധതിക്കാലത്ത് താഴേത്തട്ടിൽ പദ്ധതി രൂപീകരണവും നടത്തിപ്പും നടത്തേണ്ടത്. എന്നാൽ ഉദ്ഘാടന സമ്മേ

ഉനത്തിൽ നിർദ്ദേശിക്കപ്പെട്ട ഈ മാറ്റങ്ങൾ വ്യക്തമായ ഒരു സമീപനം ഉയർത്തിപ്പിടിക്കുന്നുണ്ട്. സൈദ്ധാന്തിക ചർച്ചകളുടെയും പ്രായോഗികജ്ഞാനത്തിന്റെയും ശക്തമായ അടിത്തറയിലാണ് പതിമൂന്നാം പദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ – അഥവാ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിന്റെ – ഈ സമീപനം രൂപപ്പെടുത്തിയിരിക്കുന്നത്. സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റേയും ഈ അടിത്തറ വളരെ ഹ്രസ്വമായി അവതരിപ്പിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം.

## ജനകീയാസൂത്രണം രണ്ടാം ഘട്ടം: – സിദ്ധാന്തവും പ്രയോഗവും

ജനകീയാസൂത്രണം തുടരുകയാണ്. എന്നാൽ ആ തുടർച്ച ചില സുപ്രധാന മാറ്റങ്ങളോടുകൂടിയാണ് സംഭവിക്കുന്നത്. മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ച മാറ്റങ്ങൾ എല്ലാംതന്നെ കഴിഞ്ഞ ഇരുപതു വർഷത്തെ പ്രയോഗത്തിൽ നിന്നും ഉണ്ടായ അനുഭവജ്ഞാനത്തെ അടിസ്ഥാനമാക്കി നിർദ്ദേശിക്കുന്നതാണ്. നടപടിക്രമങ്ങൾ ലളിതമാക്കുകയും ഉദ്യോഗസ്ഥമേധാവിത്തം അവസാനിപ്പിക്കുകയും വേണം. ജനപങ്കാളിത്തം എണ്ണത്തിലും ഗുണത്തിലും ഉയർത്തണം, പ്രോജക്ടുകളുടെ വിജ്ഞാന ഉള്ളടക്കം ഉയർത്തണം, ബഹുതല ആസൂത്രണത്തിലേക്കു മാറണം, ദീർഘകാല പരിപ്രേക്ഷ്യം ഉണ്ടാവണം; ജില്ലാ പദ്ധതി തയ്യാറാക്കണം; നഗരവത്കരണത്തിന്റെ പ്രശ്നങ്ങൾ ഗൗരവത്തിലെടുക്കണം; ഉത്പാദനമേഖലയിൽ ഊന്നണം; പൊതുസേവനങ്ങളുടെ ഗുണനിലവാരം ഉയർത്തണം; അഴിമതി ഇല്ലാതാക്കണം; യുവജനങ്ങൾക്കും നവമാധ്യമങ്ങൾക്കും പുതിയ സാങ്കേതികവിദ്യകൾക്കും പ്രാധാന്യം നൽകണം തുടങ്ങിയ കാര്യങ്ങൾ എല്ലാംതന്നെ പ്രയോഗത്തിലൂടെ ഉരുത്തിരിഞ്ഞ പാഠങ്ങളാണ്.

ഇനി സിദ്ധാന്തത്തിലേക്ക് വരാം. വിസ്താരഭയത്താൽ ഒരു ചെറിയ ഉദാഹരണം മാത്രം മുൻനിർത്തി വിശദീകരിക്കാം. ലോകബാങ്കും ഇതര സാമ്രാജ്യത്വ ധനകാര്യസ്ഥാപനങ്ങളും അധികാരവികേന്ദ്രീകരണത്തെ പ്രോൽസാഹിപ്പിക്കാൻ തുടങ്ങിയത് നവഉദാരവത്കരണ നയങ്ങൾ വ്യാപകമായി നടപ്പിലാക്കി തുടങ്ങിയതോടെയാണ്. വികേന്ദ്രീകരണത്തോടും ജനപങ്കാളിത്തത്തോടും സാമ്രാജ്യത്വ ഏജൻസികൾക്കുണ്ടായ ഈ പുത്തൻ പ്രേമം യാദൃശ്ചികം ആയിരുന്നില്ല. നിയോലിബറലിസം ഏറ്റവും ചെറുതായ, അഥവാ ചുരുങ്ങിയ സർക്കാരാണ് ഏറ്റവും നല്ല സർക്കാർ എന്ന നിലപാടാണ് എടുക്കുന്നത്. സർക്കാരിന്റെ ജോലി ക്രമസമാധാനം പാലിക്കലും വിപണികൾ അഥവാ കമ്പോളങ്ങളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ വിടുകയുമാണ് എന്ന നിലപാടാണ് അത് സ്വീകരിക്കുന്നത്. സ്വാഭാവികമായും സാമൂഹികനീതി, സാമൂഹ്യക്ഷേമം, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം തുടങ്ങിയ കാര്യങ്ങളിൽ നിന്നെല്ലാം ഭരണകൂടം പിന്മാറണം. ഭരണകൂടത്തിന്റെ വ്യാപകമായ പിന്മാറ്റം സ്വാഭാവികമായും ജനരോഷത്തിനു കാരണമാവും. പല രാജ്യങ്ങളിലും ജനങ്ങൾ എതിരായി പ്രതികരിക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് അധികാരവും ഒപ്പം വികസനത്തിന്റെയും പൊതുജനക്ഷേമത്തിന്റെയും ഉത്തരവാദിത്തവും ജനങ്ങളിലേക്കും താഴേത്തട്ടു ഗവൺമെന്റുകളിലേക്കും കൈമാറുന്നതിനെക്കുറിച്ച് സാമ്രാജ്യത്വ ഏജൻസികളും ആലോചിക്കുന്നത്. ഈ തന്ത്രം വിജയിപ്പിക്കുന്നതിന് ജനപങ്കാളിത്തത്തെയും പങ്കാളിത്ത ജനാധിപത്യത്തെയും കാൽപ്പനികവൽക്കരിക്കുന്നതിനും ഉദാത്തവൽകരിക്കുന്നതിനും വലിയ ശ്രമം ഉണ്ടായി. ഒപ്പം പ്രാതിനിധ്യ ജനാധിപത്യത്തെ ഇകഴ്ത്താനും മുകൾത്തട്ടു ഗവൺമെന്റുകളെ കാര്യക്ഷമതാരാഹിത്യത്തിന്റെ ഇരിപ്പിടങ്ങളായി വ്യാഖ്യാനിക്കാനും ശ്രമം ഉണ്ടായി.

എന്നാൽ മേൽപ്പറഞ്ഞ ഭലോകബാങ്ക് മോഡൽ വികേന്ദ്രീകരണമല്ല കേരളത്തിലെ ഇടതുപക്ഷസർക്കാർ ഒൻപതാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയത്. ഉത്തരവാദിത്തങ്ങൾ താഴേത്തട്ടു സർക്കാരുകളേയും ഗ്രാമസഭകളേയും അയൽക്കൂട്ടങ്ങളേയും ഏൽപ്പിച്ച് കൈകഴുകാനല്ല സംസ്ഥാന സർക്കാർ തയ്യാറായത്. മറിച്ച് വിഭവങ്ങളും അധികാരങ്ങളും കൈമാറി ജനാധിപത്യവേദികളെ കൂടുതൽ ശക്തമാക്കി ഭരണത്തെ കൂടുതൽ ജനാധിപത്യവൽക്കരിക്കാനാണ് ശ്രമിച്ചത്. താഴേത്തട്ടിലാണ് എല്ലാ പ്രശ്നങ്ങളും പരിഹരിക്കേണ്ടത് എന്ന പിന്തിരിപ്പൻ നിലപാട് സ്വീകരിക്കാനും അന്നത്തെ സർക്കാർ തയ്യാറായില്ല. പക്ഷെ, ഓരോ തട്ടിലെയും, വിവിധ തട്ടുകളിലേയും സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ സംയോജനത്തിനും ഉദ്ഗ്രഥനത്തിനും വേണ്ട മുൻകരുതൽ എടുത്തിരുന്നില്ല. തുടക്കത്തിൽ ഉദ്ഗ്രഥനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിരുന്നെങ്കിലും പ്രയോഗത്തിൽ കാര്യമായ പുരോഗതി ഉണ്ടായില്ല. ഓരോ വകുപ്പും സ്വതന്ത്ര സാമ്രാജ്യമായി നിൽക്കുന്ന പ്രവണത സംസ്ഥാന സർക്കാരിലും തുടർന്നു. വെള്ളം കടക്കാത്ത അറകളായി വകുപ്പുകളും വിവിധ തട്ടു ഗവൺമെന്റുകളും തുടരുന്നത് വലിയ നഷ്ടമാണ് സംസ്ഥാന അടിസ്ഥാനത്തിൽ ഉണ്ടാക്കുന്നത്. ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതും ജില്ലാ പ്ലാൻ ഉണ്ടാക്കുന്നതും ഉദ്ഗ്രഥനത്തെ സഹായിക്കും. മിഷനുകളുടെ രൂപീകരണത്തെ ഇതിനോടു കൂട്ടിവായിക്കണം. മിഷനുകൾ വകുപ്പുകളുടെ പ്രവർത്തനത്തെ കൂട്ടിയോജിപ്പിക്കുന്നതിനുള്ള ശ്രമമാണ്. ഒപ്പം പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനത്തേയും സംയോജിപ്പിക്കാനാണ് നീക്കം. താഴേത്തട്ടിൽ മിഷനുകളുടെ ഏകോപനം പ്രാദേശിക ഗവൺമെന്റുകളുടെ നേതൃത്വത്തിലാണ് നടക്കുക.

വിവിധ തട്ടുഗവൺമെന്റുകളുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും പ്രവർത്തനങ്ങളും എങ്ങനെ സംയോജിപ്പിക്കണം എന്നതു സംബന്ധിച്ച് ആഗോളതലത്തിൽ തന്നെ ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. ഇതു സംബന്ധിച്ച വിജ്ഞാന സാഹിത്യവും ലോകബാങ്ക് നിലപാടും ഒരുമിച്ചു പോകില്ല. മുകൾത്തട്ടു സർക്കാരുകളുടെ പ്രസക്തിയും പ്രാതിനിധ്യ ജനാധിപത്യത്തിന്റെ പ്രാധാന്യവും വിവിധ തട്ടുകൾക്കിടയിലുള്ള സംയോജനത്തിന്റെ അനിവാര്യതയും അംഗീകരിക്കുന്ന നിലപാടുകൾക്ക് മാത്രമാണ് ശാസ്ത്രീയത അവകാശപ്പെടാനാവുക. ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടവും നവകേരള മിഷനുകളും ഉറച്ച സൈദ്ധാന്തിക അടിത്തറയിലാണ് രൂപപ്പെടുത്തിയിട്ടുള്ളത് എന്ന് സാരം.

*(ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡ് അംഗമാണ്)*




*ഫോർ ദി പീപ്പിൾ വെബ്പോർട്ടലിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു. മന്ത്രി കെ.ടി. ജലീൽ സമീപം*

# ഫോർ ദി പീപ്പിൾ
# സുതാര്യം ഈ തദ്ദേശഭരണം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നാഷണൽ ഇൻഫർമാറ്റിക്ക്സ് സെന്ററിന്റെയും ഐ.ടി മിഷന്റെയും സാങ്കേതിക സഹായത്തോടെ ഒരു സമ്പൂർണ്ണ പൊതുജന പരാതി പരിഹാര സംവിധാനം, ഫോർ ദി പീപ്പിൾ (For the people) വെബ്പോർട്ടൽ ആരംഭിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങളിൽ ഉള്ള കാലതാമസം എന്നിവ സംബന്ധിച്ചുള്ള പരാതികളും നിർദ്ദേശങ്ങളും വെബ്പോർട്ടലിൽ പൊതുജനങ്ങൾക്ക് ഓൺലൈനായി ലോകത്ത് എവിടെ നിന്നും ആഡിയോ, വീഡിയോ ക്ലിപ്പിംഗ് ഉൾപ്പെടെ രേഖപ്പെടുത്താവുന്നതാണ്. രേഖപ്പെടുത്തുമ്പോൾ പരാതിയുടെ നമ്പർ എസ്.എം.എസ് ആയി പരാതിക്കാരന്റെ മൊബൈൽ ഫോണിൽ ലഭിക്കും. തദ്ദേശസ്വയംഭരണ സംവിധാനത്തെ സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവുമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്. സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക കൂടിയുണ്ട് ഈ ശ്രമത്തിന് പിന്നിൽ.

**ഫോർ ദി പീപ്പിൾ എന്ന പരാതി പരിഹാര സംവിധാനത്തിലേക്ക് പരാതികളും നിർദ്ദേശങ്ങളും അയയ്ക്കുന്നതിന് http//pglsgd.kerala.gov.in എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്. ഈ സംവിധാനം വഴി ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ചുള്ള രണ്ടുതരം പരാതികൾക്ക് പരിഹാരം തേടാവുന്നതാണ്.**

### പ്രവർത്തനം


പൊതുജനങ്ങൾക്ക് ഫോർ ദി പീപ്പിൾ പോർട്ടലിൽ പരാതികൾ ഓൺലൈനായി നൽകാം. അത് ചുമതലപ്പെട്ട ഉദ്യോഗസ്ഥന് ഓൺലൈനായി ലഭിക്കും. ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആ പരാതി പരിശോധിച്ച്, സ്വീകരിച്ച നടപടി വിവരം ഓൺലൈനായി തന്നെ പരാതിക്കാരന് നൽകും. സമയബന്ധിതമായി പരാതികൾ പരിഹരിക്കുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യുവാനുള്ള

സംവിധാനവും ഈ വെബ്പോർട്ടലിൽ ലഭ്യമാണ്.

- ഫോർ ദി പീപ്പിൾ എന്ന പരാതി പരിഹാര സംവിധാനത്തിലേക്ക് പരാതികളും നിർദ്ദേശങ്ങളും അയയ്ക്കുന്നതിന് http//pglsgd.kerala.gov.in എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്.
- ഈ സംവിധാനം വഴി ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ചുള്ള രണ്ടുതരം പരാതികൾക്ക് പരിഹാരം തേടാവുന്നതാണ്.
    1. സ്ഥാപനത്തിൽ നിന്നും സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ.
    2. അഴിമതി സംബന്ധിച്ച പരാതികൾ.
- വ്യാജപരാതികൾ ഒഴിവാക്കുവാൻ പരാതിക്കാരന്റെ ആധാർ/ഇലക്ഷൻ ഐ.ഡി നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ അഴിമതി സംബ്ധിച്ച പരാതികൾ നൽകുമ്പോൾ O T P (ONE TIME PASSWORD) സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അഴിമതി സംബന്ധിച്ച പരാതി നൽകുന്നവർക്ക് അവരുടെ വ്യക്തിവിവരങ്ങൾ രഹസ്യമാക്കി വയ്ക്കുന്നതിനുള്ള സൗകര്യവും ഇതിലുണ്ട്.

### സവിശേഷതകൾ

1. പരാതിക്കാരന്, പരാതി പരിഹാര നടപടിക്രമങ്ങൾ ഓൺലൈനായി തന്നെ അറിയുവാൻ കഴിയും.
2. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിലും മറ്റു മുകൾതട്ട് ഓഫീസുകൾക്കും വെബ്പോർട്ട




**പൊതുജനങ്ങൾക്ക് ഫോർ ദി പീപ്പിൾ പോർട്ടലിൽ പരാതികൾ ഓൺലൈനായി നൽകാം. അത് ചുമതലപ്പെട്ട ഉദ്യോഗസ്ഥന് ഓൺലൈനായി ലഭിക്കും. ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആ പരാതി പരിശോധിച്ച്, സ്വീകരിച്ച നടപടി വിവരം ഓൺലൈനായി തന്നെ പരാതിക്കാരന് നൽകും.**


ലിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും പരാതി പരിഹരിക്കുന്നതിന് അനാവശ്യ കാലതാമസം നേരിട്ടാൽ ഇടപെടുന്നതിനുമുള്ള സംവിധാനവും ഈ വെബ്പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് Android Mobile Applicationഉം തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യവകുപ്പ്, നഗരഗ്രാമാസൂത്രണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ വെബ്പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ സംവിധാനത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഫോർ ദി പീപ്പിൾ വെബ്സൈറ്റിന് മികച്ച പ്രതികരണം

അഴിമതി തടയുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കിയ ഫോർ ദി പീപ്പിൽ വെബ്സൈറ്റിന് മികച്ച പ്രതികരണം ലഭിക്കുന്നതായി തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി കെ.ടി.ജലീൽ പറഞ്ഞു. നിരവധി പരാതികളാണ് പൊതുജനങ്ങൾ ഈ വെബ്സൈറ്റ് വഴി നൽകുന്നത്. കോഴിക്കോടുള്ള ഒരു ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ ലഭിച്ച പരാതിയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ നൽകിയതായും മന്ത്രി പറഞ്ഞു. സെക്രട്ടറി അനധികൃതമായി ലക്ഷങ്ങളുടെ സമ്പാദ്യം ഉണ്ടാക്കിയെന്നാണ് പരാതി. കൂടുതൽ അന്വേഷണത്തിനായി പരാതി വിജിലൻസിന് കൈമാറുമെന്നും മന്ത്രി പറഞ്ഞു. ഓഫീസുകളിൽ വൈകിയെത്തുന്നവർക്കെതിരെ പരാതി പോസ്റ്റ് ചെയ്യാൻ ഈ വെബ്സൈറ്റ് ഉപയോഗിക്കാം. തീർച്ചയായും സർക്കാരിന്റെ ഭാഗത്ത് നിന്ന് തക്കതായ മറുപടി ഉണ്ടാവുമെന്നും മന്ത്രി പറഞ്ഞു.

# നാരായണഗുരുവിന്റെ ശുചിത്വപ്രബോധനങ്ങൾ

എം. വിജയകുമാരൻ നായർ



ശ്രീനാരായണഗുരു അനേകം പ്രത്യേകതകളുള്ള ഒരു സന്ന്യാസിയാണ്. സന്ന്യാസി എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഒരു സങ്കല്പം ഊറിവരുമല്ലോ. അത്തരത്തിലൊരു സന്ന്യാസിയല്ല നാരായണഗുരു. ഗുരുക്കന്മാർ പൊതുവിൽ മനുഷ്യരുടെ ഭൗതികപ്രശ്നങ്ങൾക്ക് വലിയ പ്രാധാന്യം നല്കാറില്ല. നാരായണഗുരു തപശക്തികൊണ്ട് നേടിയ ജ്ഞാനത്തെയും ധൈര്യത്തെയും ആത്മസോദരർക്കു സമർപ്പിക്കുകയാണ് ചെയ്തത്. ഇന്ത്യയുടെ ഗുരുപരമ്പരയിൽ അത്യപൂർവമായ ഒരു കർമ്മപദ്ധതിക്കാണ് നാരായണഗുരു തുടക്കംകുറിച്ചത്.

ഗുരു സമൂഹമദ്ധ്യത്തിലേക്ക് ഇറങ്ങിവരുമ്പോൾ കാണുന്നത് നരന് നരൻ അശുദ്ധവസ്തുവായി മാറിയ അവസ്ഥയാണ്. മറ്റ് ഗുരുക്കൻമാരിൽ നിന്ന് വ്യത്യസ്തമായി നാരായണഗുരു താഴേക്ക് ഇറങ്ങിവരികയായിരുന്നു. നിരൂപകനായ കെ.പി.അപ്പൻ പറഞ്ഞതുപോലെ ചരിത്രത്തെ അഗാധമാക്കാനുള്ള വരവ്. യുക്തിയുടെ പടവാളും അറിവിന്റെ പരിചയുമായി ആദ്ധ്യാത്മിക സോഷ്യലിസത്തിന്റെ കൊടിയും പിടിച്ചുള്ള ഗുരുവിന്റെ വരവിൽ കേരളത്തിൽ നിലനിന്ന ഭ്രാന്തുകളെല്ലാം ഇളകിമാറി. എന്തു കാരണത്താലാണോ സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചത് അതേകാരണങ്ങൾക്കുള്ള ചികിത്സയാണ് ഗുരു നടത്തിയത്. ആർക്കും സങ്കല്പിക്കാൻ കഴിയാത്ത മഹത്തും ബൃഹത്തുമായ ഒരു കർമ്മകാണ്ഡമാണ് ഗുരു പൂർത്തിയാക്കിയത്. ആദ്ധ്യാത്മികാചാര്യന്മാർക്ക് അപാരമായ ഒരു ശക്തിയുണ്ട്. ജനം അവരിൽ ആകൃഷ്ടരായി പിറകേനടക്കും. പാഠം ഒന്ന്, രണ്ട്, മൂന്ന് എന്ന കണക്കിൽ ഗുരു, തന്നെ അനുഗമിച്ചവരെ പഠിപ്പിച്ചുകൊണ്ടിരുന്നു.

മനുഷ്യന്റെ നിത്യജീവിതത്തിനാവശ്യമായ കാര്യങ്ങളാണ് ഗുരു പഠിപ്പിച്ചത്.

ഇതിന് അദ്ദേഹം സ്വീകരിച്ചത് ശാസ്ത്രീയവും പുരോഗമനപരവുമായ നിലപാടുകളാണ്. ശിവഗിരിമഠം സ്ഥാപിച്ച 1904-ൽ അദ്ദേഹം നൽകിയ ഒരു സന്ദേശത്തിൽ ഇങ്ങനെ പറയുന്നു. 'ലൗകീകവും ആത്മീയവും രണ്ടും രണ്ടല്ല. രണ്ടും വാസ്തവത്തിൽ ഒരേ ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നു. ശരീരത്തിന്റെ എല്ലാ അംഗങ്ങളുടേയും ഒത്തുള്ള പ്രവർത്തിയാൽ ശരീരം സുഖം അനുഭവിക്കുന്നു. അതുപോലെ മനുഷ്യസമുദായത്തിന്റെ പരമലക്ഷ്യമായ സുഖപദത്തെ പ്രാപിക്കുവാൻ ആത്മീയമായും ലൗകീകമായും ഉള്ള സർവ്വവിധ ഏർപ്പാടുകളുടേയും ഏകോപിച്ചുള്ള പ്രവൃത്തി ആവശ്യമാണ്.' സന്ന്യാസിമാർ വെറും ആത്മിയവാദികൾ ആണെന്നും ലൗകികകാര്യങ്ങളിൽ അവർ താൽപര്യം കാണിക്കരുതെന്നുമുള്ള പരമ്പരാഗത സങ്കൽപ്പത്തിന്റെ അടിവേരുമുറിക്കുന്നതാണ് ഈ സന്ദേശമെന്നതിൽ സംശയമില്ല.

ഗുരു എന്തൊക്കെയാണ് നമ്മെ പഠിപ്പിച്ചത്! ഗർഭകാലപരിപാലനത്തിൽ ശ്രദ്ധവേണമെന്നും പ്രസവമുറി വായുവിന്റെയും സൂര്യപ്രകാശത്തിന്റെയും വരവിനു പാകമായ വാതായനങ്ങളോടുകൂടിയതും വിസ്താരമേറിയതുമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇതു പറയുമ്പോൾ നമ്മിൽ എത്രമാത്രം കരുണയും ശ്രദ്ധയുമുള്ള ആളായിരുന്നു ഗുരു എന്ന് നാം മനസ്സിലാക്കണം. മനുഷ്യന്റെ ഉയർച്ചയും സമൂഹത്തിന്റെ വളർച്ചയും ലക്ഷ്യമാക്കി കൃഷി, കച്ചവടം, കൈത്തൊഴിൽ, വ്യവസായം, കമ്പനികൾ, യന്ത്രങ്ങൾ, ആധുനികസാങ്കേതിക വിദ്യ, മൂല്യവർദ്ധിത ഉൽപന്നം തുടങ്ങിയവയുടെ അഭിവൃദ്ധിപ്പെടുത്തലിനെപ്പറ്റി ഗുരു പറഞ്ഞ കാര്യങ്ങളാണ് ഇപ്പോഴത്തെ ഭരണാധികാരികൾക്കും പറയാനുള്ളത്. 100 വർഷങ്ങൾക്കു മുമ്പാണ് ഗുരു ഇതൊക്കെ പറഞ്ഞതെന്നറിയുമ്പോഴാണ് ഗുരുവിന്റെ ദീർഘദർശനം നാം അറിയുന്നത്.

കേരളം അഭിമുഖീകരിക്കുന്ന ഇപ്പോഴത്തെ ഏറ്റവും വലിയ പ്രശ്നം മാലിന്യനിർമ്മാർജനമാണല്ലോ. ശുചിത്വമിഷനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മാലിന്യമുക്തകേരളത്തിനായി അഹോരാത്രം പണിയെടുക്കുന്നു. ഈ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ മുൻകൂട്ടി മനസ്സിലാക്കിയിട്ടായിരിക്കാം ഗുരു ഇങ്ങനെ പറഞ്ഞത്. 'വീടിനകം സൂര്യപ്രകാശവും ശുദ്ധവായുവും പ്രവേശിക്കുന്നതിന് പര്യാപ്തമായിരിക്കണം. മലിനവസ്തുക്കളെ ഉപേക്ഷിക്കണം. നിത്യവും എല്ലായിടവും അടിച്ചുവൃത്തിയാക്കണം'.

മാലിന്യങ്ങൾ കുന്നുകൂടാതിരുന്ന കാലത്താണ് ഗുരുജീവിച്ചത്. ശുദ്ധവായുവിനും ശുദ്ധജലത്തിനും ഒരു കുറവുമുണ്ടായിരുന്നില്ല. പ്ലാസ്റ്റിക് കവറുകളിൽ മാലിന്യം വലിച്ചെറിയുന്ന അവസ്ഥയും ഇല്ലാതിരുന്നു. എന്നിട്ടും ഗുരു പറയുന്നു ഗൃഹശുദ്ധിക്ക് ചില കാര്യങ്ങൾ പാലിക്കണമെന്ന്. വീടിന്റെ പരിസരങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്താതിരിക്കൽ, വൃത്തിയാക്കൽ, മാലിന്യങ്ങളെ ഉപേക്ഷിക്കൽ, ശുദ്ധവായുവിന്റേയും സൂര്യപ്രകാശത്തിന്റേയും പ്രവേശനം തുടങ്ങിയവയാണ് ആ കാര്യങ്ങൾ. നിത്യവും ശുദ്ധജലത്തിൽ കുളിക്കണമെന്നും ഇന്ദ്രിയങ്ങൾ, പല്ല്, നഖം മുതലായവ വൃത്തിയാക്കണമെന്നും അലക്കിയെടുത്ത വസ്ത്രങ്ങൾ ധരിക്കണമെന്നും അദ്ദേഹം ഉപദേശിക്കുന്നു.

ഖരമാലിന്യസംസ്കരണത്തിനാണല്ലോ ഇപ്പോൾ പ്രാധാന്യം നല്കുന്നത്. എന്നാൽ കക്കൂസ് മാലിന്യങ്ങൾ സംസ്കരിക്കുക എന്നത് പുതിയ വെല്ലുവിളിയാണ്. കേന്ദ്രീകൃത സ്വീവറേജ് സംസ്കരണപ്ലാന്റുകളാണ് ഇതിന് പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നത്. ഇതിന് വലിയതോതിലുള്ള പ്രശ്നങ്ങൾ നേരിടേണ്ടിവരും. ബയോഗ്യാസ് പ്ലാന്റുകൾ കക്കൂസ് മാലിന്യങ്ങൾകൂടി ഉൾപ്പെടുത്തി സംസ്കരിക്കുന്നത് പ്രശ്നം ലഘൂകരിക്കാൻ സഹായകമാകും. പക്ഷെ സമൂഹത്തിന്റെ മനോഭാവത്തിൽ കൂടി മാറ്റം ഉണ്ടായാലേ ഇത് നടപ്പാക്കാൻ കഴിയുകയുള്ളൂ. ബയോഗ്യാസ് പ്ലാന്റിലെ ഗ്യാസ് ആണ് ഉപയോഗിക്കുന്നതെന്നും കക്കൂസ് മാലിന്യവും ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നുണ്ടെന്നും വീട്ടിൽ വന്ന സുഹൃത്തിനോട് ഒരു ആർക്കിടെക്റ്റ് പറഞ്ഞപ്പോൾ കുടിച്ചുകൊണ്ടിരുന്ന ചായ താഴെവച്ച് സുഹൃത്ത് എഴുന്നേറ്റുപോയ സംഭവം ആർക്കിടെക്റ്റ് തന്നെ ഒരിക്കൽ വിവരിക്കുകയുണ്ടായി. പക്ഷേ നാരായണഗുരു ഇക്കാര്യവും മുൻകൂട്ടി അറിഞ്ഞിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. അദ്ദേഹം ഒരിക്കൽ സംഭാഷണമദ്ധ്യേ ഇങ്ങനെ പറയുകയുണ്ടായി. രണ്ടു കാര്യങ്ങളാണ് വലിയ പ്രയാസം. മലവും ശവവും. സകല ദിക്കിലും ദുർഗന്ധമേയുള്ളൂ. മനുഷ്യനുള്ള പ്രദേശമെല്ലാം മലമായി തീർന്നിരിക്കുന്നു. ഇതിനൊരു മാർഗ്ഗവുമില്ലേ. നല്ല വളമാണ്. പക്ഷേ ദുർഗന്ധം സഹിക്കയില്ല. മൃഗങ്ങൾക്കു കൂടി ഇത്ര നാറ്റമില്ലല്ലോ. മനുഷ്യൻ വല്ലാത്ത ജീവിയാണ്. സയൻസുകാർ വിദ്യയൊന്നും കണ്ടുപിടിച്ചിട്ടില്ലേ. ദുർഗന്ധം കളയുവാൻ അവർ എന്തെങ്കിലും വഴി കണ്ടുപിടിക്കും. എന്നാൽ നന്നായി. എന്തെങ്കിലും ഒരു മരുന്നൊഴിച്ചാൽ ദുർഗന്ധമെല്ലാം പോകണം. പിന്നെ സുഖമായല്ലോ. എന്തിനെങ്കിലും ഉപയോഗിക്കാം. വീണ്ടും ഭക്ഷണമാക്കി കൂടെ? എന്താ അറപ്പുണ്ടോ? വീണ്ടും ഭക്ഷണം ആവുന്നുണ്ട്. സസ്യങ്ങളിൽ കൂടിയും ജലത്തിൽകൂടിയും വീണ്ടും ഭക്ഷണമാകുന്നുണ്ട്. ഇതാണ് ഗുരുവിന്റെ ശാസ്ത്രബോധത്തിനുള്ള ഒന്നാംതരം തെളിവായി നാം കാണേണ്ടത്.

**സന്ന്യാസിമാർ വെറും ആത്മിയ വാദികൾ ആണെന്നും ലൗകികകാര്യങ്ങളിൽ അവർ താൽപര്യം കാണിക്കരുതെന്നുമുള്ള പരമ്പരാഗത സങ്കൽപ്പത്തിന്റെ അടിവേരുമുറിക്കുന്നതാണ് ഈ സന്ദേശമെന്നതിൽ സംശയമില്ല.**

നാരായണഗുരു നൂറ് വർഷങ്ങൾക്കു മുൻപ് പറഞ്ഞ ഒരുകാര്യം ഇപ്പോഴും നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ലല്ലോ. അല്ലെങ്കിൽ ആർക്കിടെക്റ്റിന്റെ സുഹൃത്ത് ചായ ഉപേക്ഷിച്ച് പോകുമായിരുന്നോ? ഒരു സന്ന്യാസി വലിയ നർമ്മബോധത്തോടുകൂടി അരുളി ചെയ്ത മഹാകാര്യങ്ങൾ സയൻസിന്റെയും ടെക്നോളജിയുടേയും വർത്തമാനകാലത്തു പോലും നമുക്ക് പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ കഴിയുന്നില്ല. കഷ്ടംതന്നെ.എന്നിട്ട് നാം ആധുനികർ എന്ന് അഭിമാനിച്ച് നടക്കുകയുംചെയ്യുന്നു. നാരായണഗുരുവിന്റെ ശുചിത്വ പ്രബോധനങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞാൽ സമൂഹവും പരിസരവും ശുചിയാകുമെന്നതിൽ സംശയം വേണ്ട.

*(ലേഖകൻ കേരള ലോക്കൽ ഗവൺമെൻറ് കമ്മിഷനിൽ കൺസൾട്ടന്റാണ്.)*

7-ാം പേജിൽ നിന്നും തുടർച്ച

തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തണം. മാലിന്യ സംസ്കരണ ബോധവത്ക്കരണത്തിന് പ്രധാന മാധ്യമം കുട്ടികളാണ്. ഹരിത കേരളം എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ ആമുഖാവതരണം നടത്തി. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ.ടി.ജയരാമൻ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. വാസുകി, ശാസ്ത്ര സാഹിത്യ പരിഷത്ത് മുൻ ജനറൽ സെക്രട്ടറി പി.കെ. രവീന്ദ്രൻ, ഡോ. ഗിരിജ, ഡോ.വിജയകുമാർ, ഡോ. ഫ്രാൻസിസ് സേവ്യർ തുടങ്ങിയവർ സംസാരിച്ചു.

## വിദ്യാഭ്യാസ നവീകരണം

മൂന്ന് വർഷത്തിനുള്ളിൽ ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയായി കേരളം മാറുമെന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്. വിദ്യാഭ്യാസ നവീകരണം എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ ആമുഖ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസരംഗത്ത് ജനകീയവത്ക്കരണം നടപ്പിലാക്കിയാൽ മാത്രമേ വിദ്യാഭ്യാസനവീകരണം സാധ്യമാകൂ. ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസമാണ് കേരളത്തിന്റെ തനത് രീതി. വി.വി.രമേശൻ (ചെയർമാൻ, കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി), കെ.കെ. രാജൻ (ഹെഡ്മാസ്റ്റർ ഗവ. ഹൈസ്കൂൾ, നന്തിക്കര), ഡോ.വിമൽ കുമാർ (പ്രൊഫ. സെന്റ് തോമസ് കോളേജ്, തൃശൂർ) എന്നിവർ വിഷയത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ അവതരിപ്പിച്ചു.

## വ്യവസായങ്ങളുടെ വികാസവും സംഘാടനവും

ഉത്പാദനരംഗത്ത് അഭിവൃദ്ധി ഉണ്ടാകുന്ന തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം ജനകീയമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് വ്യവസായ വകുപ്പു മന്ത്രി എ.സി.മൊയ്തീൻ പറഞ്ഞു. സാമൂഹികാഭിവൃദ്ധിക്ക് സഹായകമാകുന്ന കാഴ്ചപ്പാടുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുണ്ടാകണം. അതിന് സർക്കാർ അനുകൂലനിലപാട് സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. 'സിംഗിൾ വിൻഡോ ക്ലിയറൻസ്' സംവിധാനം പ്രാവർത്തികമാക്കാൻ ചട്ടങ്ങളിലും നിയമങ്ങളിലും മാറ്റങ്ങൾ വരുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബി.ഡി.ദേവസ്സി എം.എൽ.എ, ജോഷി ഫിലിപ്പ് (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കോട്ടയം) എൻ. ജഗജീവൻ (ജനകീയാസൂത്രണ പ്രവർത്തകൻ) എന്നിവർ സംസാരിച്ചു.

## സുസ്ഥിര സമ്പൂർണ്ണ പാർപ്പിട പദ്ധതി

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും പാർപ്പിടം ഒരുക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ഇ.ചന്ദ്രശേഖരൻ. ഈ ലക്ഷ്യം കൈവരിക്കുന്നതിനാണ് 'സമ്പൂർണ്ണ പാർപ്പിട സുരക്ഷാ മിഷൻ' എന്ന പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. 'സുസ്ഥിര സമ്പൂർണ്ണ പാർപ്പിട പദ്ധതി' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ ആമുഖാവതരണം നടത്തുകയായിരുന്നു അദ്ദേഹം. യു.ആർ.പ്രദീപ്..എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. തിരുവനന്തപുരം മേയർ വി.കെ. പ്രശാന്ത്, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ.സുഭാഷ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ കെ.കെ.സതീശൻ, സി.കെ.വിനോദ് തുടങ്ങിയവർ പങ്കെടുത്തു

## കാർഷിക – അനുബന്ധമേഖലയിലെ ഇടപെടൽ സാധ്യതകൾ

കർഷകതൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കാൻ സംസ്ഥാന തലത്തിൽ കാർഷിക കർമ്മസേനയുടെ ഏകോപനം നടത്തുമെന്ന് മന്ത്രി വി.എസ്.സുനിൽകുമാർ എല്ലാ പഞ്ചായത്തുകളിലും ഏകീകൃതമായ കർമ്മസേന രൂപീകരിക്കും. 'കാർഷിക-അനുബന്ധ മേഖലയിലെ ഇടപെടൽ സാധ്യതകൾ' എന്ന വിഷയത്തിൽ ഞാറ്റടി വേദിയിൽ ആമുഖാവതരണം നടത്തുകയായിരുന്നു അദ്ദേഹം. മുരളി പെരുനെല്ലി എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, സംസ്ഥാന ആസൂത്രണബോർഡ് അംഗം ഡോ. ആർ. രാംകുമാർ, ഡോ. എസ്. എസ്റ്റിലിറ്റ, ഡോ. എ.അനിൽകുമാർ എന്നിവർ സംസാരിച്ചു.

## നഗരാസൂത്രണം

ഓരോ പ്രദേശത്തിന്റേയും വികസനപ്രവർത്തനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആസൂത്രണപദ്ധതികൾ തയ്യാറാക്കാൻ കഴിയണമെന്ന് തദ്ദേശഭരണവകുപ്പു മന്ത്രി കെ.ടി.ജലീൽ പറഞ്ഞു. നിറവ് വേദിയിൽ 'നഗരാസൂത്രണത്തെ'ക്കുറിച്ചുള്ള സെമിനാറിൽ ആമുഖാവതരണം നടത്തുകയായിരുന്നു അദ്ദേഹം. നിലവിലുള്ള ബിൽഡിങ്ങ് നിയമങ്ങളിൽ കാതലായ ഭേദഗതികൾ വരുത്തും. മാലിന്യസംസ്കരണ സംവിധാനം ഹൈടെക് ആക്കി മാറ്റുമെന്നും അദ്ദേഹം പറഞ്ഞു. മേയർ അജിത ജയരാജൻ അദ്ധ്യക്ഷത വഹിച്ചു.

## ലിംഗനീതിയും ആസൂത്രണവും

'ലിംഗനീതിയും ആസൂത്രണവും' എന്ന വിഷയത്തിൽ നടത്തിയ സെമിനാറിൽ ഗീത ഗോപി എം.എൽ.എ അധ്യക്ഷത വഹിച്ചു. കേരള പി.എസ്.സി അംഗം ആർ.പാർവതിദേവി ആമുഖാവതരണം നടത്തി. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ.എം.ആർ.സുഭാഷിണി, തൃശൂർ കോർപ്പറേഷൻ കൗൺസിലർ എം.എസ്.സമ്പൂർണ്ണ, ഒല്ലൂർ ആയുർവേദ കോളേജ് പ്രൊഫസർ എ.എസ്.ചന്ദ്രകാന്ത, നാട്ടിക പഞ്ചായത്ത് പ്രസിഡന്റ് പി.വിനു, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ.മൃദുൽ ഈപ്പൻ തുടങ്ങിയവർ സംസാരിച്ചു.

## ജലസുരക്ഷ

ഉറവ് വേദിയിൽ 'ജലസുരക്ഷ' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് തുളസി പത്മനാഭൻ അധ്യക്ഷത വഹിച്ചു. ശാസ്ത്രജ്ഞനായ ശ്രീകുമാർ ചതോപാദ്ധ്യായ (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) ആമുഖാവതരണം നടത്തി. മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി പ്രോഗ്രാം ഓഫീസർ ബി. സജിത്, ജില്ലാ മണ്ണ്സംരക്ഷണ ഓഫീസർ മറയാമ്മ. കെ. ജോർജ്ജ് തുടങ്ങിയവർ സംസാരിച്ചു.

## സമഗ്ര ആരോഗ്യ സുരക്ഷ

'സമഗ്ര ആരോഗ്യ സുരക്ഷ' എന്ന വിഷയത്തിൽ നടന്ന സെമിനാറിന്

## യുവതയ്ക്കൊരുണർത്തുപാട്ട്

പരിപാടിയോടനുബന്ധിച്ച് തൃശ്ശൂർ നന്ദനം ഓഡിറ്റോറിയത്തിൽ ''നവകേരളത്തിന് യുവത" യുവജന-വിദ്യാർഥി സംഗമം നടന്നു. സാമൂഹ്യ പ്രശ്നങ്ങളിൽ വിദ്യാർത്ഥികൾ ഇടപെടണമെന്ന് പ്രോത്സാഹന സന്ദേശം നൽകിക്കൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാമൂഹിക പ്രവർത്തനങ്ങളിൽ ഇടപെടാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല. ഇവിടെ മാതൃകാപരമായ ഇടപെടലുകൾ വിദ്യാർത്ഥികളുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. പൊതുകാര്യങ്ങളിൽ ഇടപെടേണ്ടതില്ലെന്നുള്ള ചിന്ത വിദ്യാർത്ഥികളിൽ വളർന്നു വരുന്നത് ആശങ്കാജനകമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, കെ. വി അബ്ദുൾഖാദർ എം.എൽ.എ, ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, മുൻ സ്പീക്കർ കെ.രാധാകൃഷ്ണൻ, പ്രൊഫ.എം മുരളീധരൻ, ഡോ.കെ.എൻ. ഹരിലാൽ എന്നിവർ പങ്കെടുത്തു.

കെ.യു.അരുണൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൽ ഡോ.പ്രവീൺലാൽ ആമുഖാവതരണം നടത്തി. ഡോ.എ.എം.അബ്ദുൾ ഷെരീഫ്, പി.ശാന്തകുമാരി, ഡോ.എം.കെ. അജയകുമാർ, ഡോ.വിജയകുമാർ തുടങ്ങിയവർ സംസാരിച്ചു.

### സാർവ്വത്രിക സാമൂഹ്യസുരക്ഷ

'സാർവ്വത്രിക സാമൂഹ്യസുരക്ഷ' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ അഡ്വ.വി.ആർ. സുനിൽ കുമാർ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. സി.പി.നാരായണൻ എം.പി ആമുഖാവതരണം നടത്തി. പ്രൊഫ.ടി.പി. കുഞ്ഞിക്കണ്ണൻ, പ്രൊഫ.എൻ.രമാകാന്തൻ തുടങ്ങിയവർ സംസാരിച്ചു.

### പട്ടികജാതി പട്ടികവർഗ്ഗ വികസനം

പട്ടികജാതി-പട്ടികവർക്ഷ വികസനം എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ സി.കെ.ശശീന്ദ്രൻ എം.എൽ.എ അദ്ധ്യക്ഷനായി. ആസൂത്രണബോർഡ് വൈസ് ചെയർമാൻ വി.കെ. രാമചന്ദ്രൻ ആമുഖാവതരണം നടത്തി. ടി. കെ.വാസു, എം.കെ.സുദർശനൻ, സി.ചന്ദ്രബാബു തുടങ്ങിയവർ പങ്കെടുത്തു.

സെമിനാറുകളുടെ സമാപനയോഗം മന്ത്രി തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. മന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷനായി.

അധികാരവികേന്ദ്രീകരണത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് ഏറ്റവും ഉത്തമമായ മാതൃക പഞ്ചായത്തുകളാണെന്നും നവകേരള ജനകീയാസൂത്രണത്തിലൂടെ രണ്ടാം വികസന വിസ്ഫോടനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും തോമസ് ഐസക് പറഞ്ഞു. കക്ഷിരാഷ്ട്രീയത്തിന് അതീതമായി പതിമൂന്നാം പദ്ധതിക്ക് മുസ്ലീംലീഗിന്റെ എല്ലാവിധ പിന്തുണയുമുണ്ടാകുമെന്ന് യോഗത്തിൽ പങ്കെടുത്ത തദ്ദേശസ്വയംഭരണ വകുപ്പ് മുൻ മന്ത്രി കുട്ടി അഹമ്മദ്കുട്ടി പറഞ്ഞു. മന്ത്രി കെ.ടി.ജലീൽ, ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം കെ.എൻ ഹരിലാൽ, നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ചെയർമാൻ ഡോ. എം.എ.ഉമ്മൻ, എം.വി.വിശാലാക്ഷി, ഇ.പത്മാവതി, ഉമ്മർ അറക്കൽ എന്നിവർ സംസാരിച്ചു. ജില്ലാ കളക്ടർ ഡോ.എ.കൗശിഗൻ നന്ദി പറഞ്ഞു. ഭാവി ദർശനം ചെയ്തുള്ള അവിരാമക്കുതിപ്പിന്റെ നാന്ദികുറിച്ച വികസനോജ്ജ്വല സുദിനം തുടർച്ചകൾക്കായി പിരിഞ്ഞപ്പോൾ ജനമനസ്സുകളിൽ നല്ല പ്രതീക്ഷകളുടെ വസന്തം പൂവിട്ടിരുന്നു.

## അറിവനുഭവങ്ങളുടെ പ്രദർശനനഗരി

വികസനവൈവിധ്യത്തിന്റെ നേർചിത്രങ്ങൾ വരച്ചുകാട്ടുന്ന 50 ഓളം സ്റ്റാളുകളടങ്ങുന്ന പ്രദർശനവും ഒരുക്കിയിരുന്നു. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ പദ്ധതി പ്രവർത്തനങ്ങളിൽ പുത്തൻപരീക്ഷണഫലമായുണ്ടായ വിസ്മയനേട്ടങ്ങൾ പ്രദർശനനഗരി പൊതുജനങ്ങളുമായി പങ്കുവെച്ചു. കേരള കാർഷിക സർവ്വകലാശാലയുടേയും മറ്റത്തൂർ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും പങ്കാളിത്തം വ്യത്യസ്ത അനുഭവമായി. പ്രദർശന നഗരിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് മന്ത്രി. എ.സി. മൊയ്തീനാണ്.സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യൂതീകരിച്ച പഞ്ചായത്തായ പാലക്കാട് ജില്ലയിലെ കണ്ണാടി, ആരോഗ്യകേരളം പുരസ്കാരം നേടിയിട്ടുള്ള ചപ്പാരപ്പടവ് പഞ്ചായത്ത്, മീൻവെല്ലം ചെറുകിട വൈദ്യൂതി പദ്ധതി നടപ്പിലാക്കിയ പാലക്കാട് ജില്ലാ പഞ്ചായത്ത്, സമ്പൂർണ്ണ ശുചിത്വ മിഷൻ പുരസ്കാരം ആദ്യമായി നേടിയ പിലിക്കോട് ഗ്രാമപഞ്ചായത്ത്, പ്രധാനമന്ത്രിയുടെ പൊതുഭരണ അവാർഡ് കരസ്ഥമാക്കി ലിംക ബുക്സിൽ ഇടം നേടിയ ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് മുതലായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസനനേട്ടങ്ങളുമായി ബന്ധപ്പെട്ട വിശദീകരണങ്ങളും ഒരുക്കിയിരുന്നു.

## ജനകീയ ചിത്രകലാ സംഗമം

നവകേരളത്തിന് ജനകീയാസൂത്രണം പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനത്തോടനുബന്ധിച്ച് വികസനപ്രവർത്തന രംഗത്തെ വ്യത്യസ്ത സമീപനങ്ങൾ എന്ന വിഷയത്തിൽ ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ജനകീയ ചിത്രരചന സംഘടിപ്പിച്ചു. ശിൽപി കെ.എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഇരുപത് മീറ്റർ നീളമുള്ള ക്യാൻവാസിൽ ഇരുപതോളം ചിത്രകാരന്മാർ ചിത്രങ്ങൾ വരച്ചു. ജനകീയാസൂത്രണ പ്രവർത്തനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തേണ്ട ആവശ്യകത മനസ്സിലാക്കിത്തരുന്ന ചിത്രങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. അക്കാദമി ചെയർമാൻ, സെക്രട്ടറി പൊന്ന്യം ചന്ദ്രൻ, ബൈജു ദേവ്, ശ്രീജ പള്ളം, കെ. എൻ ദാമോദരൻ, പി.പി. പ്രേംജി തുടങ്ങിയവർ സംബന്ധിച്ചു.



# ദിശ 2017

പ്രമോദ്.കെ.വി

കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ ഇടങ്ങളിൽ കുടുംബശ്രീ നടത്തിയ ഇടപെടലുകൾ വലിയ മാറ്റങ്ങൾക്കാണ് വഴിതെളിച്ചത്. യഥാർത്ഥത്തിൽ ഇതൊരു നിശബ്ദവിപ്ലവം തന്നെയായിരുന്നു. സാമ്പത്തിക - സാമൂഹ്യശാക്തീകരണത്തിനും അതിലൂടെ രാഷ്ട്രീയ ശാക്തീകരണത്തിലേക്കും കേരളത്തിലെ സ്ത്രീകളെ നയിക്കുവാൻ കഴിഞ്ഞുവെന്നത് കുടുംബശ്രീയുടെ മുന്നേറ്റത്തിന്റെ തിളക്കം വർദ്ധിപ്പിക്കുന്നു.

അധികാരവികേന്ദ്രീകരണത്തെ അർത്ഥവത്തും ഫലപ്രദവുമാക്കുന്നതിൽ അയൽക്കൂട്ടങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. കേവലം സാമ്പത്തിക പ്രവർത്തനത്തിനപ്പുറം സാമൂഹികവികസനം, കൃഷി, മണ്ണ് സംരക്ഷണം, നാട്ടറിവുകളുടെ സംരക്ഷണം തുടങ്ങി കുടുംബശ്രീ ഇടപെടാത്ത മേഖലകൾ ഇന്ന് ചുരുക്കമാണ്. ഓരോ അയൽക്കൂട്ടവും കേരളത്തിന്റെ മതേതര മനസ്സ് എന്താണെന്ന് ലോകത്തിന് കാട്ടികൊടുക്കുന്ന ഇടങ്ങൾകൂടിയാണ്. കുഞ്ഞാമിനയും സാറാമ്മയും കാർത്തിയാനിയുമൊക്കെ ഒന്നിച്ചിരുന്ന് സുഖ-ദുഖങ്ങൾ പങ്കിടുന്ന അയൽക്കൂട്ടങ്ങൾ നമ്മുടെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിലും വലിയ പങ്കുവഹിക്കുന്നുണ്ട്. 2.70 ലക്ഷം അയൽക്കൂട്ടങ്ങൾ (പുതിയ കണക്കനുസരിച്ച്) 50 ലക്ഷം വരുന്ന അംഗസംഖ്യ-ലോകത്തിലെ ഏറ്റവും വലിയ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനം തന്നെയാണ് കുടുംബശ്രീ. ഈ നേട്ടങ്ങൾ എല്ലാം പറയുമ്പോഴും സംഘടനാരംഗത്ത് നിരവധി വെല്ലുവിളികളും അനഭിലഷണീയമായ പ്രവണതകളും കഴിഞ്ഞ കുറെക്കാലമായി കുടുംബശ്രീ സംഘാടന സംവിധാനത്തിന്റെ പ്രവർത്തനത്തെ പിന്നോട്ടടുപ്പിച്ചു. ഈ പോരായ്മകൾ നികത്തുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷൻ ജനുവരി മാസം നടപ്പാക്കിയ ബഹുജനക്യാമ്പയിനായിരുന്നു - ദിശ 2017.

## പ്രധാന ലക്ഷ്യങ്ങൾ

- അയൽക്കൂട്ട പ്രവർത്തനം സമയബന്ധിതമായി സ്വയം വിലയിരുത്തൽ നടത്തി പോരായ്മകൾ പരിഹരിക്കുക.
- അയൽക്കൂട്ട അംഗസംഖ്യ 50 ലക്ഷമായി ഉയർത്തുക.
- ഭിന്നശേഷിയുള്ളവരുടെ അമ്മമാരെ ഉൾപ്പെടുത്തി പരമാവധി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക.
- വയോജന അയൽക്കൂട്ടങ്ങളുടെ എണ്ണം 3000 ആയി വർദ്ധിപ്പിക്കുക.
- എസ്.സി/എസ്.ടി അയൽക്കൂട്ട

അംഗസംഖ്യ വർദ്ധിപ്പിക്കുക.

- ന്യൂനപക്ഷവിഭാഗങ്ങളെ പരമാവധി അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കുക.
- ട്രാൻസ്ജെന്റർ വിഭാഗത്തിൽ 20 അയൽക്കൂട്ടങ്ങൾ പുതുതായി ആരംഭിക്കുക.
- പ്രവാസികളായിരുന്നതും ഇപ്പോൾ സ്വദേശത്ത് മടങ്ങിയവരുമായ സ്ത്രീകൾ/പ്രവാസികളുടെ കുടുംബാംഗങ്ങൾ എന്നിവരെ പരമാവധി അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കുക. ഇവരുടെ 1000 പുതിയ അയൽക്കൂട്ടങ്ങൾ പുതുതായി രൂപീകരിക്കുക.
- നവകേരള ആക്ഷൻ പ്ലാൻ മുന്നോട്ടുണ്ടാക്കുന്ന വിശാല ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും ഏറ്റെടുക്കുന്നതിനും അയൽക്കൂട്ടങ്ങളെ പ്രാപ്തമാക്കുക.

## രീതിശാസ്ത്രം

ജനുവരി 28 ന്റെ പ്രത്യേക അയൽക്കൂട്ടയോഗത്തിനു മുന്നോടിയായി സംസ്ഥാനത്തെ എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും ഉപസമിതി കൺവീനർമാർക്കും മൂന്ന് ദിവസത്തെ പരിശീലനം പൂർത്തിയാക്കി. 2015-ൽ ചുമതലയേറ്റ നിലവിലുള്ള സിഡിഎസ് ഭാരവാഹികൾക്ക് ആദ്യമായിട്ടായിരുന്ന ഇത്തരമൊരു പരിശീലനം ലഭിച്ചത് എന്ന കാര്യം എടുത്തുപറയേണ്ടതാണ്. തുടർന്ന് എഡിഎസ് തലത്തിൽ വിലയിരുത്തൽ ഫോറം പരിചയപ്പെടുത്തി. ഒരു മുഴുവൻ ദിവസ അയൽക്കൂട്ടയോഗമാണ് ആസൂത്രണം ചെയ്തിരുന്നത്. രാവിലെ പത്തു മണിക്ക് ആരംഭിച്ച യോഗത്തിൽ ഓരോ അയൽക്കൂട്ടവും തങ്ങളുടെ രേഖകളുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് വിലയിരുത്തൽ ഫോറം പൂരിപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം അംഗങ്ങളുടെ കലാപരിപാടികൾ നടന്നു. തുടർന്ന് നവകേരള ആക്ഷൻ പ്ലാനിൽ വിഭാവനം ചെയ്ത ഹരിതകേരള മിഷൻ, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ യജ്ഞം എന്നീ മിഷനുകളെക്കുറിച്ച് അംഗങ്ങൾ ചർച്ച ചെയ്തു. 3.30 നോടുകൂടി വിശിഷ്ടാതിഥികൾ പങ്കെടുത്തുകൊണ്ടുള്ള പൊതുയോഗം ആരംഭിച്ചു. മുഖ്യമന്ത്രി കൊല്ലം ജില്ലയിലെ ഭാഗ്യം, കൈരളി അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുത്തു. കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. കുടുംബശ്രീ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും കുടുംബശ്രീ അംഗങ്ങളുടെ ചുമതലകളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. നിയമസഭാ സ്പീക്കർ ശ്രീരാമകൃഷ്ണൻ, മന്ത്രിമാരായ ഡോ. കെ.ടി ജലീൽ, ജെ. മേഴ്സിക്കുട്ടിയമ്മ, ഇ. ചന്ദ്രശേഖരൻ, ഡോ. തോമസ് ഐസക്, ജി. സുധാകരൻ, എ.കെ. ബാലൻ, എ.സി. മൊയ്തീൻ, കടകംപള്ളി സുരേന്ദ്രൻ, വി.എസ്. സുനിൽകുമാർ, മാത്യൂ.ടി.തോമസ്, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ വിവിധ അയൽക്കൂട്ടങ്ങളിൽ പങ്കെടുത്തു.

## നേട്ടങ്ങൾ

കഴിഞ്ഞ ആറുവർഷമായി പ്രവർത്തന രംഗത്തുണ്ടായിരുന്ന മാന്ദ്യത അകറ്റുന്നതിനും കുടുംബശ്രീ അംഗങ്ങൾക്ക് ആത്മവിശ്വാസം നൽകുന്നതിനും പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുന്നതിനും ദിശ ക്യാമ്പയിന്റെ പ്രവർത്തനഫലമായി കഴിഞ്ഞു. ഈ പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും നൽകിയ പിന്തുണയും പ്രോത്സാഹനവും വലിയ ആവേശമാണ് കുടുംബശ്രീ പ്രസ്ഥാനത്തിന് പകർന്നത്.

258035 അയൽക്കൂട്ടങ്ങൾ 271000 ആയി വർദ്ധിച്ചു. പ്രത്യേക വിഭാഗത്തിൽപ്പെട്ട 3500 അയൽക്കൂട്ടങ്ങൾ പുതുതായി രൂപീകരിച്ചു എന്നത് ഈ ക്യാമ്പയിന്റെ പ്രധാന നേട്ടങ്ങളിലൊന്നാണ്. അയൽക്കൂട്ടാംഗങ്ങളുടെ പങ്കാളിത്തം, ജനാധിപത്യ സ്വഭാവം, ബൈലാ/പദ്ധതികളെക്കുറിച്ചുള്ള അറിവ്, സുതാര്യത, സാമ്പത്തിക പ്രവർത്തനങ്ങൾ, പൗരാവകാശങ്ങളും ചുമതലകളും, കുട്ടികളുടെയും സ്ത്രീകളുടെയും ഉന്നതിക്കായുള്ള പ്രവർത്തനങ്ങൾ, ഗ്രാമസഭാ പങ്കാളിത്തം, ഉപജീവന പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലയിൽ ഓരോ അയൽക്കൂട്ടവും നടത്തുന്ന പ്രവർത്തനങ്ങൾ സ്വയം വിലയിരുത്തുകയും നേട്ടങ്ങളും കോട്ടങ്ങളും മനസ്സിലാക്കി ഭാവി പ്രവർത്തനം ആസൂത്രണം ചെയ്യുന്നതിനും ഈ ക്യാമ്പയിനിലൂടെ കഴിഞ്ഞു. മന്ത്രിമാരുൾപ്പെടെ 120 എംഎൽഎമാരും ഒമ്പത് പാർലമെന്റ് അംഗങ്ങളും ക്യാമ്പയിന്റെ ഭാഗമായി അയൽക്കൂട്ടയോഗങ്ങളിൽ പങ്കെടുത്തു.

## ഭാവി പ്രവർത്തനങ്ങൾ

ദിശ ക്യാമ്പയിന്റെ ഫലമായി കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ചിട്ടയായ തുടർ പരിശീലനത്തിന്റെ ആവശ്യകത ബോധ്യപ്പെട്ടു. സംഘാടനരീതികൾ, കുടുംബശ്രീ പദ്ധതികൾ, സൂക്ഷ്മതല സാമ്പത്തിക പ്രവർത്തനങ്ങൾ, രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുക, സ്ത്രീകളും കുട്ടികളും നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ, നിയമപരമായ അറിവ്, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ, പ്രാദേശിക ആസൂത്രണം, നവകേരള ആക്ഷൻ പ്ലാൻ തുടങ്ങിയ വിഷയങ്ങളിൽ എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും പരിശീലനം നൽകുന്നതിനായി കുടുംബശ്രീ സ്കൂൾ എന്ന സങ്കല്പം ആലോചിച്ചു വരുന്നു. സൂക്ഷ്മതല സംരംഭപ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യകത ഈ ക്യാമ്പയിന്റെ ഭാഗമായി മനസ്സിലായി. ഇതിനായി അടുത്ത സാമ്പത്തികവർഷം Year of Micro Enterprises ആയി ആചരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി വരുന്നു.

## ഉപസംഹാരം

കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് പുത്തൻദിശയും ലക്ഷ്യവും നിർണ്ണയിക്കുന്നതിൽ ദിശ ക്യാമ്പയിൻ വഹിച്ച പങ്ക് വലുതാണ്. കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ നൽകുന്ന പിന്തുണയും സഹായവും ഒന്നുകൂടി ഉറപ്പിക്കുവാൻ ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞു. കുടുംബശ്രീക്ക് പുതിയ കാഴ്ചപ്പാടും പ്രവർത്തനങ്ങളും രൂപീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. 18 വയസ്സ് പൂർത്തിയാക്കുന്ന കുടുംബശ്രീയെ സംബന്ധിച്ച് അതിന്റെ വളർച്ചയിലെ പുതിയ ഘട്ടമാണ് 'ദിശ' പ്രവർത്തനങ്ങളിലൂടെ ആരംഭം കുറിച്ചതെന്ന് നിസ്സംശയം പറയാം.

*ലേഖകൻ കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസറാണ്*

# ബഡ്സ് കലോത്സവം

കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ കലോത്സവം സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നായി 2500 ഓളം കുട്ടികൾ പങ്കെടുത്ത കലോത്സവം തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി.ജലീൽ ഉത്ഘാടനം ചെയ്തു. സംസ്ഥാനത്ത് മാനസിക വെല്ലുവിളി നേരിടുന്ന എല്ലാ കുട്ടികളെയും ബഡ്സ് സ്കൂളുകളിലും റീഹാബിലിറ്റേഷൻ സെന്ററുകളിലുമെത്തിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലെത്താൻ പ്രാപ്തരാക്കുക കുടുംബശ്രീയുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ് ഉത്ഘാടന പ്രസംഗത്തിൽ മന്ത്രി കെ.ടി.ജലീൽ പറഞ്ഞു.

സംസ്ഥാനത്ത് ഓരോ പഞ്ചായത്തിലും ശരാശരി 90 ഭിന്നശേഷിക്കാരുണ്ട്. ഇവരെയെല്ലാം ബഡ്സ് സ്കൂളുകളിൽ എത്തിക്കാനുള്ള ശ്രമങ്ങളാണ് കുടുംബശ്രീ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനായി എല്ലാ ജില്ലകളിലും റീഹാബിലിറ്റേഷൻ സെന്ററുകളും ബഡ്സ് സ്കൂളുകളും ആരംഭിക്കും. നിരന്തര പരിശീലനം നൽകി ഈ കുട്ടികളെ മിടുക്കന്മാരും മിടുക്കികളുമാക്കും. എല്ലാ കുട്ടികളെയും ബഡ്സ് സ്കൂളുകളിലെത്തിക്കാൻ ബൃഹത്തായ പദ്ധതിക്ക് കുടുംബശ്രീ ശ്രമിക്കുകയാണ്. ബഡ്സ് സ്കൂൾ അധ്യാപകർക്ക് മികച്ച പരിശീലനം നൽകാനും പദ്ധതിയുണ്ട്.



*സംസ്ഥാന ബഡ്സ് സ്കൂൾ കലോത്സവം മന്ത്രി കെ.ടി. ജലീൽ ഉദ്ഘാടനം ചെയ്യുന്നു*

സംസ്ഥാനത്തെ എട്ടുലക്ഷത്തോളം വരുന്ന ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ അയൽക്കൂട്ടങ്ങളിൽ ചർച്ച ചെയ്ത് പരിഹാര നടപടികളെടുക്കും. ഭിന്നശേഷിക്കാരെ പരിഗണിക്കാതെ തദ്ദേശസ്ഥാപനങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയില്ലെന്നും മന്ത്രി പറഞ്ഞു. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിലുള്ള രണ്ടാം ജനകീയാസൂത്രണത്തിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന നൽകും. ചടങ്ങിൽ കേരളത്തിന്റെ കുടുംബശ്രീ എന്ന മാസിക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോറിന് നൽകി മന്ത്രി പ്രകാശനം ചെയ്തു. കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോഗ്രാം ഓഫീസർ ജി.അമൃത, മജീഷ്യൻ ഗോപിനാഥ് മുതുകാട്, പ്രോഗ്രാം ഓഫീസർ ഡോ.സലിം എന്നിവർ ഉത്ഘാടന സമ്മേളനത്തിൽ സംബന്ധിച്ചു.

# കെ. പി. എം. നവാസിന് ഖസാക്ക് പുരസ്ക്കാരം

കെ.പി.എം.നവാസിന്റെ ‘അബി എന്ന ഹബീബ് റഹ്മാൻ’ എന്ന കഥാസമാഹാരം 2016 ലെ “ആത്മായനങ്ങളുടെ ഖസാക്ക് പുരസ്ക്കാരത്തിന്” അർഹമായി. പ്രശസ്ത സാഹിത്യ നിരൂപകൻ എം.കെ.ഹരികുമാറിന്റെ “ആത്മായനങ്ങളുടെ ഖസാക്ക്” എന്ന കൃതിയുടെ പേരിൽ ഏർപ്പെടുത്തിയ അവാർഡ് സാഹിത്യം, ദർശനം, ആത്മീയത തുടങ്ങിയ മേഖലകളിലെ മികച്ച മലയാള കൃതികൾക്ക് 1984 മുതൽ നല്കിവരുന്നു. പഞ്ചായത്ത്വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറിയായ കെ.പി.എം.നവാസിന്റെ അഞ്ചാമത്തെ പുസ്തകമാണ് കോഴിക്കോട് ലിപി പബ്ളിക്കേഷൻസ് പ്രസിദ്ധീകരിച്ച “അബി എന്ന ഹബീബ് റഹ്മാൻ.”



സതീഷ് കിടാരക്കുഴി കഥ
ഫോൺ: 9495038113

# ചെന്നായ

ആത്മഹത്യക്കായി കുന്നുകയറുകയായിരുന്ന അവനെ പിന്തിരിപ്പിച്ചത് കുഞ്ഞാടുകളുടെ ഹൃദ്യമായ സൗഹൃദമായിരുന്നു.


അങ്ങനെ അവൻ കുഞ്ഞാടുകളുടെ ഒപ്പം കൂടി. അവയെ പരിപാലിച്ച് ഇടയനായി. സൗഹൃദത്തിന്റെഞ്ഞ പുതിയ അടരുകൾ പിറന്നു.

ക്രമേണ അവനിൽ മാറ്റങ്ങളുണ്ടായി. അധികാരത്തിന്റെ ഭർത്സനങ്ങളും ചാട്ടവാറുകളും അവൻ പ്രയോഗിച്ചുതുടങ്ങി. കുഞ്ഞാടുകളുടെ സ്വാതന്ത്ര്യത്തിനുമേൽ വിലങ്ങുകൾ വീണു.

സഹനവും അസ്വാതന്ത്ര്യവും കുഞ്ഞാടുകളെ നിരാശരാക്കി. അങ്ങനെ അനിവാര്യമായത് സംഭവിച്ചു. കുഞ്ഞാടുകൾ ഒളിപ്പിച്ചുവച്ചിരുന്ന ചെന്നായയെ പുറത്തെടുത്തു.



# കലഹം



കലഹത്തിനൊടുവിൽ അവൻ പറഞ്ഞു:
‘ നീ സുന്ദരി നല്ലവൾ‘
കലഹം അവസാനിച്ചു.
കലഹത്തിനൊടുവിൽ അവൾ പറഞ്ഞു:
‘ നീ സുന്ദരൻ നല്ലവൻ ‘
കലഹം അവസാനിച്ചു.
കലഹങ്ങൾക്കൊടുവിൽ അവർ പറഞ്ഞു:
‘ ലോകം എത്ര സുന്ദരം നല്ലത്.‘

ലോകത്തിനെന്തോ ആ പ്രസ്താവം ഇഷ്ടപ്പെട്ടില്ല.അതുകൊണ്ട് ലോകം കലഹത്തിനു കോപ്പുകൂട്ടി.

# മികവിന്റെ വിദ്യാലയങ്ങളൊരുക്കാൻ

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് തുടക്കമായി

നവകേരളമിഷന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തി'ന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് മലയിൻകീഴ് ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. കേരളത്തിന് വിദ്യാഭ്യാസമേഖലയിൽ യശസ് നേടാനായത് പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനഫലമായാണെന്ന് മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കവെ അഭിപ്രായപ്പെട്ടു. പൊതുവിദ്യാലയങ്ങൾക്ക് കാലാനുസൃതമായ പുരോഗതി ഉണ്ടാകാത്തതാണ് അൺഎയ്ഡഡ് സ്കൂളുകളിലേക്ക് ആകർഷണം വർധിച്ചതെന്നും അദ്ദേഹം പറഞ്ഞു. പുതിയ പഠനസമ്പ്രദായങ്ങളുമായി വിദ്യാലയങ്ങൾ കാലാനുസൃതമാക്കും.

സ്വാശ്രയകോളേജുകൾ വന്നതോടെ വിദ്യാഭ്യാസ സ്ഥാപനമെന്നത് ലാഭമുണ്ടാക്കാനുള്ള സ്ഥാപനമെന്ന കണക്കുകൂട്ടലിലേക്ക് ആളുകൾ മാറി. ഒരുഘട്ടം കഴിഞ്ഞപ്പോൾ ഈ നില പ്രീ-പ്രൈമറിതലം തൊട്ട് വ്യാപിച്ചു. നേരത്തെ നാടിനോടും സമൂഹത്തോടുമുള്ള താത്പര്യം കൊണ്ട് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാനത്ത് കൂടുതൽ ലാഭം കിട്ടുന്ന കച്ചവടം എന്ന നിലയായി. പൊതുവിദ്യാലയത്തിൽ നിന്ന് പഠിച്ച് ഉയർന്നുവന്ന ആളുകളടക്കം തങ്ങളുടെ മക്കളെ അൺ-എയ്ഡഡിൽ അയച്ചാലേ ഗുണംപിടിക്കൂ എന്ന് ചിന്തിക്കുന്ന അവസ്ഥവന്നു. എന്നാൽ, അക്കാദമിക മികവ് നോക്കിയാൽ പൊതുവിദ്യാലയങ്ങൾ തന്നെയാണ് മികച്ചുനിൽക്കുന്നത്. സർക്കാർതല നിയന്ത്രണങ്ങളാണ് കാരണം.

ഈ പദ്ധതിയുടെ ഉദ്ദേശ്യം ഏതെങ്കിലും ചിലതിനെ മികവിന്റെ കേന്ദ്രമാക്കലല്ല. എല്ലാം മികവിന്റെ കേന്ദ്രങ്ങളാകണം. നേതൃത്വം നൽകാൻ മാതൃകാപരമായി ആ രംഗത്ത് പ്രവർത്തിച്ച ഒരാളെത്തന്നെ മന്ത്രിയായി ലഭിക്കുകയും ചെയ്തു. പ്രീ-പ്രൈമറിതലം മുതൽ അക്കാദമിക് രംഗത്തും പശ്ചാത്തല സൗകര്യരംഗത്തുമുള്ള പ്രവർത്തനങ്ങൾ ചേർന്നതാണ് ഈ പ്രവർത്തനം. ഇതിന്റെ ഭാഗമായി ഒന്നുമുതൽ 12 വരെ വിദ്യാർഥികൾ പുതിയ രീതിയിലുള്ള പഠനസമ്പ്രദായങ്ങൾ സ്വീകരിക്കും. ഇന്നുള്ളതാകെ ഉടച്ചുവാർക്കുന്നു



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു

**പ്രീ-പ്രൈമറിതലം മുതൽ അക്കാദമിക് രംഗത്തും പശ്ചാത്തല സൗകര്യ രംഗത്തുമുള്ള പ്രവർത്തനങ്ങൾ ചേർന്നതാണ് ഈ പ്രവർത്തനം. ഇതിന്റെ ഭാഗമായി ഒന്നുമുതൽ 12 വരെ വിദ്യാർഥികൾ പുതിയ രീതിയിലുള്ള പഠനസമ്പ്രദായങ്ങൾ സ്വീകരിക്കും. ഇന്നുള്ളതാകെ ഉടച്ചുവാർക്കുന്നു എന്ന് ഇതിനർഥമില്ല.**

എന്ന് ഇതിനർഥമില്ല.

കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് നല്ല പരിജ്ഞാനം ലഭിക്കണം. ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസുകളാകുകയും സ്കൂളുകൾ ഹൈടെക്കായി മാറുകയും പശ്ചാത്തല സൗകര്യം വർധിക്കുകയും വേണം. സർക്കാരിന്റെ പണത്തിനൊപ്പം പൂർവ വിദ്യാർഥികൾ, അധ്യാപക – രക്ഷാകർതൃസമിതി, എം.എൽ.എ, എം.പി, നല്ല മനസുള്ള ഒട്ടേറെപ്പേർ തുടങ്ങിയവർ ഇതിന്റെ കൂടെ ചേരണം. ഇതിനായി വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ മാസ്റ്റർപ്ലാൻ മാതൃകയാക്കണം. അധ്യാപകർക്കും പരിശീലനം നൽകി കാലാനുസൃതമാക്കണം. അതിന് പ്രത്യേകമായി വിദ്യാഭ്യാസവകുപ്പ് ശ്രദ്ധിക്കും.

ഗുണഭോക്താവായ വിദ്യാർഥി കേന്ദ്രീകൃതമായാണ് പദ്ധതി നടപ്പാക്കുക. എല്ലാ കുട്ടികളെയും ശരാശരിക്ക് മുകളിൽ നിലവാരത്തിലേക്ക് എത്തിക്കുകയാണ് ഉദ്ദേശ്യം. തുടർപ്രവർത്തനം ഉണ്ടാകും എന്നതാണ് പദ്ധതിയുടെ ഗുണം. ഒപ്പം അധ്യാപകർ ഇന്നത്തെ കാലത്തിനനുസരിച്ച് കൂടുതൽ കഴിവുകൾ നേടുകയും ചെയ്യും. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടുന്ന യജ്ഞത്തിനുപുറമേ, ഉന്നതവിദ്യാഭ്യാസമേഖലയെ പ്രത്യേകമായി പരിഗണിക്കും. വിദ്യാർഥികൾ ഉയർന്ന രീതിയിൽ വിദ്യ അഭ്യസിക്കാനുള്ള സാഹചര്യം ഉണ്ടാകണം.

അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ പോകുന്നതിന് ഇടയാക്കുന്ന ഒരു കാരണം ഇംഗ്ലീഷിനോടുള്ള അതിരുകവിഞ്ഞ പ്രതിപത്തിയാണ്. നമ്മുടെ നാട്ടിലെ കുട്ടി മലയാളം നന്നായി പഠിക്കണം. ഇംഗ്ലീഷും ഹിന്ദിയും കുട്ടി നിർബന്ധമായി അറിഞ്ഞിരിക്കുകയും വേണം. നമ്മുടെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഭാഷയുടെ കഴിവും സ്വാധീനവും വർദ്ധിപ്പിക്കുന്നുണ്ട്. ഈ യജ്ഞത്തെ സഹായിക്കാനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഓരോ മണ്ഡലത്തിലേയും ഓരോ എൽ.പി. സ്കൂൾ കാലാനുസൃതമാക്കാനുള്ള പദ്ധതി ഏറ്റെടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ സുമനസുകൾ മുന്നോട്ടുവരണമെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു.

ചടങ്ങിൽ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. മൂന്നു വർഷത്തിനുള്ളിൽ എല്ലാ സ്കൂളുകളും ആധുനിക വിദ്യാഭ്യാസം നൽകുന്ന ഡിജിറ്റൽ വിദ്യാലയങ്ങളാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി





അറിയിച്ചു. മറ്റെവിടെയും ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട വിദ്യാഭ്യാസം പൊതു വിദ്യാലയങ്ങളിൽ ലഭ്യമാക്കും. അക്കാദമിക ഇതര മേഖലകളിലും സർഗ്ഗശേഷി വളർത്തുന്ന പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമാകുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

പ്രത്യേക കൈപ്പുസ്തക പ്രകാശനം ഡോ. എ. സമ്പത്ത് എം.പി. നിർവഹിച്ചു, പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ. വി. മോഹൻകുമാർ ഏറ്റുവാങ്ങി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു ഗ്രീൻ പ്രോട്ടോകോൾ പ്രഖ്യാപനം നിർവഹിച്ചു. ഐ.ബി. സതീഷ് എം.എൽ.എ ചടങ്ങിന് സ്വാഗതം പറഞ്ഞു. പൊതു വിദ്യാഭ്യാസ സെക്രട്ടറി ഡോ. ഉഷാ ടൈറ്റസ് പദ്ധതി വിശദീകരിച്ചു.

ചടങ്ങിൽ പങ്കെടുത്ത വിശിഷ്ടാതിഥികളും വിദ്യാർഥികളും നാട്ടുകാരും ചേർന്ന് പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രതിജ്ഞയെടുത്തു. എസ്.എസ്.എ ഡയറക്ടർ ഡോ. എ.പി. കുട്ടികൃഷ്ണൻ, സീമാറ്റ് ഡയറക്ടർ ഡോ. പി.എ. ഫാത്തിമ, ഐ.ടി. അറ്റ് സ്കൂൾ ഡയറക്ടർ അൻവർ സാദത്ത്, നേമം ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ. അനിത, ജില്ലാ പഞ്ചായത്തംഗം രമകുമാരി, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ചന്ദ്രൻ നായർ, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ - സാമൂഹ്യ നേതാക്കൾ തുടങ്ങിയവർ സംബന്ധിച്ചു.

**ഗുണഭോക്താവായ വിദ്യാർഥി കേന്ദ്രീകൃതമായാണ് പദ്ധതി നടപ്പാക്കുക. എല്ലാ കുട്ടികളെയും ശരാശരിക്ക് മുകളിൽ നിലവാരത്തിലേക്ക് എത്തിക്കുകയാണ് ഉദ്ദേശ്യം. തുടർ പ്രവർത്തനം ഉണ്ടാകും എന്നതാണ് പദ്ധതിയുടെ ഗുണം. ഒപ്പം അധ്യാപകർ ഇന്നത്തെ കാലത്തിനനുസരിച്ച് കൂടുതൽ കഴിവുകൾ നേടുകയും ചെയ്യും. പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടുന്ന യജ്ഞത്തിനുപുറമേ, ഉന്നത വിദ്യാഭ്യാസമേഖലയെ പ്രത്യേകമായി പരിഗണിക്കും.**

## മലയിൻകീഴിന്റെ വിദ്യാഭ്യാസ വികസനത്തിന് മുഖ്യമന്ത്രിയുടെ സമ്മാനമായി കലാ–സാംസ്കാരിക പാർക്ക്

മലയിൻകീഴിലെ വിവിധതരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സമുച്ചയത്തിൽ കലാ-സാംസ്കാരിക പാർക്ക് അനുവദിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചു.

മാധവകവി മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജ്, ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, ബോയ്സ് സ്കൂൾ, ഐ.ടി.ഐ തുടങ്ങി ഏഴ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. ഇവിടം പ്രത്യേക വിദ്യാഭ്യാസ മേഖലയായി പ്രഖ്യാപിക്കണമെന്ന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സ്വാഗത പ്രസംഗത്തിൽ ഐ.ബി. സതീഷ് എം.എൽ.എ അഭ്യർഥിച്ചിരുന്നു.

ഇത് പരിഗണിച്ചായിരുന്നു മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഇത്തരത്തിലൊരു കുന്ന് കേരളത്തിൽ അത്യപൂർവമായിരിക്കുമെന്ന് ചൂണ്ടിക്കാട്ടിയാണ് ഉദ്ഘാടനപ്രസംഗത്തിൽ മുഖ്യമന്ത്രി കലാ- സാംസ്കാരിക പാർക്ക് അനുവദിച്ചത്. ഇവിടെ പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും വിദ്യാർഥികളുടെ സമഗ്രവികസനത്തിന് പാർക്ക് ഉപകരിക്കുമെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.




# മികവിന് അംഗീകാരം

## 2015–16 വർഷത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തു

2015–16 വർഷം മികച്ച പ്രവർത്തനം കാഴ്ചവെച്ച് സ്വരാജ് ട്രോഫിക്കും പ്രത്യേക ധനസഹായത്തിനും അർഹത നേടിയ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തി മഹാത്മാ പുരസ്കാരത്തിന് അർഹത നേടിയ ഗ്രാമപഞ്ചായത്തുകളെയും തെരഞ്ഞെടുത്തു.

**സംസ്ഥാനതലം (ഗ്രാമപഞ്ചായത്ത്)**

| | |
|---|---|
| ഒന്നാം സ്ഥാനം | ചെമ്പിലോട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല) |
| | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല) |
| മൂന്നാം സ്ഥാനം | പെരിങ്ങോംവയക്കര ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല) |

സംസ്ഥാനതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ഒന്നാം സ്ഥാനം പങ്കിട്ട ചെമ്പിലോട്, ശ്രീകൃഷ്ണപുരം എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് 22.5 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും മൂന്നാം സ്ഥാനം നേടിയ പെരിങ്ങോംവയക്കര ഗ്രാമപഞ്ചായത്തിന് 15 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും. ഒന്നാം സ്ഥാനം രണ്ടു ഗ്രാമപഞ്ചായത്തുകൾ പങ്കിട്ടതിനാൽ രണ്ടാം സ്ഥാനത്തിന് പ്രത്യേക അവാർഡ് നൽകിയിട്ടില്ല.

**ജില്ലാതലം ഗ്രാമപഞ്ചായത്തുകൾ**

| ജില്ല | സ്ഥാന ക്രമം | ഗ്രാമപഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | 1 | മാണിക്കൽ |
| കൊല്ലം | 1 | കുലശേഖരപുരം |
| | 2 | തഴവ |
| പത്തനംതിട്ട | 1 | തുമ്പമൺ |
| ആലപ്പുഴ | 1 | വീയപുരം |
| | 2 | കുമാരപുരം |
| കോട്ടയം | 1 | മുത്തോലി |

| | | |
|---|---|---|
| എറണാകുളം | 1 | ചോറ്റാനിക്കര |
| തൃശ്ശൂർ | 1<br>2 | പൂമംഗലം<br>ഒരുമനയൂർ |
| മലപ്പുറം | 1<br>2 | പുലാമന്തോൾ<br>മാറാഞ്ചേരി |
| കോഴിക്കോട് | 1<br>2 | അരിക്കുളം<br>നാദാപുരം |
| വയനാട് | 1 | വൈത്തിരി |

പാലക്കാട്, കണ്ണൂർ ജില്ലകളിൽ അർഹതാ മാനദണ്ഡങ്ങൾ പാലിച്ച പഞ്ചായത്തുകൾ സംസ്ഥാനതലത്തിൽ സമ്മാനത്തിന് അർഹരായി. പ്രസ്തുത ജില്ലകളിൽ ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് ആരും യോഗ്യത നേടിയിട്ടില്ല. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ അർഹതാ മാനദണ്ഡം പാലിച്ച പഞ്ചായത്തുകൾ ഇല്ലാത്തതിനാൽ ആരേയും തെരഞ്ഞെടുത്തിട്ടില്ല. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ അർഹതാ മാനദണ്ഡങ്ങൾ പാലിച്ച മറ്റ് ഗ്രാമപഞ്ചായത്തുകൾ ഇല്ലാത്തതിനാൽ രണ്ടാം സ്ഥാനത്തിനുള്ള അവാർഡ് നൽകിയിട്ടില്ല.

ജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾക്കുള്ള അവാർഡ് നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 10 ലക്ഷം, 5 ലക്ഷം രൂപ വീതം പ്രത്യേക ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.

### മികച്ച ബ്ലോക്ക് പഞ്ചായത്ത് (സംസ്ഥാനതലം)

| | |
|---|---|
| ഒന്നാം സ്ഥാനം | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് (കണ്ണൂർ ജില്ല) |
| രണ്ടാം സ്ഥാനം | കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് (കൊല്ലം ജില്ല) |
| മൂന്നാം സ്ഥാനം | പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് (എറണാകുളം ജില്ല) |

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് യഥാക്രമം 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.

### മികച്ച ജില്ലാ പഞ്ചായത്ത്

| | |
|---|---|
| ഒന്നാം സ്ഥാനം | കൊല്ലം ജില്ലാ പഞ്ചായത്ത് |
| രണ്ടാം സ്ഥാനം | മലപ്പുറം ജില്ലാ പഞ്ചായത്ത് |

ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 25 ലക്ഷം, 20 ലക്ഷം രൂപ വീതം എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.

### മഹാത്മാ പുരസ്താരം

2015-16 സാമ്പത്തിക വർഷം മഹാത്മാ ഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തി മഹാത്മാ പുരസ്കാരം കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾ.

### സംസ്ഥാനതലം

| | |
|---|---|
| ഒന്നാം സ്ഥാനം | തളിക്കുളം ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല) |
| രണ്ടാം സ്ഥാനം | എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല) |
| മൂന്നാം സ്ഥാനം | കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല) |

### ജില്ലാതലം

| ജില്ല | സ്ഥാന ക്രമം | ഗ്രാമപഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | 1<br>2 | കടയ്ക്കാവൂർ<br>പള്ളിച്ചൽ |
| കൊല്ലം | 1<br>2 | നെടുവത്തൂർ<br>മയ്യനാട് |
| പത്തനംതിട്ട | 1<br>2 | മൈലപ്ര<br>കുറ്റൂർ |
| ആലപ്പുഴ | 1<br>2 | ബുധനൂർ<br>വെൺമണി |
| കോട്ടയം | 1<br>2 | മീനച്ചൽ<br>കുറവിലങ്ങാട് |
| ഇടുക്കി | 1<br>2 | ഇടമലക്കുടി<br>മണക്കാട് |
| എറണാകുളം | 1<br>2 | എടവനക്കാട്<br>ചേരാനല്ലൂർ |
| തൃശ്ശൂർ | 1<br>2 | നാട്ടിക<br>വാടാനപ്പള്ളി |
| പാലക്കാട് | 1<br>2 | കാരക്കുറിശ്ശി<br>നാഗലശ്ശേരി |
| മലപ്പുറം | 1<br>2 | തേഞ്ഞിപ്പാലം<br>വള്ളിക്കുന്ന് |
| കോഴിക്കോട് | 1<br>2 | കൊടിയത്തൂർ<br>മടവൂർ |
| വയനാട് | 1<br>2 | പൊഴുതന<br>എടവക |
| കണ്ണൂർ | 1<br>2 | കോളയാട്<br>ആറളം |
| കാസർഗോഡ് | 1<br>2 | ബേളൂർ<br>പടന്ന |

മഹാത്മാ പുരസ്കാരം നേടിയ സ്ഥാപനങ്ങൾക്ക് സാക്ഷ്യപത്രവും, മെമെന്റോയും നൽകും.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം (വികേന്ദ്രീകൃത ആസൂത്രണം). ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ എന്നിവർ അംഗങ്ങളും പഞ്ചായത്ത് ഡയറക്ടർ കൺവീനറുമായ സമിതിയാണ് അവാർഡിനർഹമായ തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത്. സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന അവാർഡ് തുകകളിൽ ഏറ്റവും ഉയർന്ന തുകയാണ് സ്വരാജ് ട്രോഫിയോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത്.

# അദ്ധ്വാനം = നേട്ടം



ഇത് ടിംപിൾ മാഗി - കഠിനാദ്ധ്വാനത്തിന്റെ പര്യായം. ഇപ്പോൾ എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ (ചാർജ്ജ്) ആയി സേവനമനുഷ്ഠിക്കുന്നു. അദ്ധ്വാനനിറവിന്റെ അംഗീകാരമായി 2017 റിപ്പബ്ലിക് ദിനത്തിൽ ഈ പ്രതിഭയുടെ സ്തുത്യർഹസേവനത്തിന് "കളക്ടേഴ്സ് അപ്രീസിയേഷൻ ഫോർ മെറിട്ടോറിയസ് സർവ്വീസ് 2017" എന്ന പുരസ്കാരം ധനകാര്യവകുപ്പ് മന്ത്രി ഡോ.തോമസ് ഐസക് സമ്മാനിച്ചു. ഇത് ടിംപിളിന്റെ സഫലയാത്രയിലെ ഒരു സുപ്രധാന വഴിക്കല്ല്. പഞ്ചായത്ത് സർവ്വീസിൽ ഇതുവരെ താണ്ടിയ ദൂരം കുറവെങ്കിലും നേടിയ നേട്ടം അനല്പം.

ജനനം ഇടുക്കി-തൊടുപുഴ-വെള്ളിയാമറ്റത്ത്. വക്കീൽകുപ്പായത്തിലാണ് കർമ്മയാത്ര ആരംഭിച്ചത്. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി ജനസ്നേഹം പിടിച്ചുപറ്റി. 100% ഫണ്ടുവിനിയോഗം നടത്താനായത് ശ്രദ്ധേയമാണ്. അങ്ങനെ 1998-99 ൽ ജില്ലയിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തായി വെള്ളിയാമറ്റം.

പ്രസിഡന്റ് കസേരയിൽ നിന്നും സെക്രട്ടറി കസേരയിലേക്ക് ദൂരമില്ലായിരുന്നു. കേരളത്തിൽ ആദ്യമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായത് ടിംപിളിലൂടെ. 2002 ഡിസംബർ 13-ന് കീരംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്ഥാനത്തെത്തി.

സർക്കാർ സേവനങ്ങൾക്കായി നടപ്പിലാക്കിയ സോഫ്റ്റ്‌വെയറുകളെക്കുറിച്ചുള്ള ബോധവത്കരണാർത്ഥം 2016ൽ 'Digital India' എന്ന പേരിൽ ഡോക്യുമെന്ററി ഫിലിം സംവിധാനം ചെയ്ത് കേരള ഡിജിറ്റൽ മേളയിൽ കേരള സർക്കാരിനെ പ്രതിനിധീകരിച്ച് അവതരിപ്പിക്കാനും ടിംപിളിനു കഴിഞ്ഞു.

ഹരിതകേരളം എറണാകുളം ജില്ലാ കോ-ഓർഡിനേറ്ററായ ടിംപിൾ, മിഷന് പുതുജീവൻ നൽകി. ജില്ലയിലെ മൂവായിരത്തോളം പ്രവർത്തകരെ ഉൾപ്പെടുത്തി പ്രാദേശിക Administration Management രൂപപ്പെടുത്തി പ്രവർത്തനങ്ങൾ നടപ്പിലാക്കി.

ഹരിതകേരള മിഷനു വേണ്ടി, 'ഹരിതപോണിക്സ്' എന്ന പേരിൽ മണ്ണില്ലാതെയും, ഒരു വട്ടം ഉപയോഗിച്ച ജലം വീണ്ടും ഉപയോഗിച്ചുകൊണ്ടും, കൃഷി ചെയ്യുന്ന രീതി വികസിപ്പിക്കുന്നതിന് മുൻകൈയെടുത്തു.

**പുരസ്ക്കാര സമ്പന്നത**

1) 1998-99ൽ ഇടുക്കി ജില്ലയിലെ മികച്ച പഞ്ചായത്ത് - വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്
2) 1998ൽ ഏറ്റവും നല്ല സോഷ്യൽ വർക്കർക്കുള്ള കേരള സർക്കാരിന്റെ പുരസ്കാരം
3) 2009-10ൽ കോട്ടയം സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായിരിക്കെ മികച്ച സ്പോർട്സ് ജില്ലാ പുരസ്കാരം കോട്ടയത്തിന്
4) 2016ൽ എറണാകുളത്ത് കോതമംഗലം ബ്ലോക്ക് നോഡൽ ഓഫീസറായിരിക്കെ കാഴ്ചവെച്ച വികസനപ്രവർത്തനങ്ങൾക്ക് ടിംപിൾ കൂടി പ്രവർത്തിച്ച വനസംരക്ഷണ സമിതിക്ക് സംസ്ഥാന സർക്കാർ പുരസ്കാരം

# വരൾച്ച:

## പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാം 24 മണിക്കൂറും പ്രവർത്തിക്കുന്ന വരൾച്ചാ പരിഹാര സെൽ

സംസ്ഥാനം അതിരൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട ജലദൗർലഭ്യം, കുടിവെള്ള ചോർച്ച തുടങ്ങിയ പരാതികൾ സ്വീകരിക്കുന്നതിനും സത്വരനടപടികൾ കൈക്കൊള്ളുന്നതിനുമായി കേരള വാട്ടർ അതോറിറ്റിയുടെ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന വരൾച്ചാ പരാതിപരിഹാര സെൽ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ ആരംഭിച്ചു. ടോൾഫ്രീ നമ്പരായ 1800-425-5313-ൽ വിളിച്ചറിയിച്ച് പൊതുജനങ്ങൾക്ക് ഈ സേവനം പ്രയോജനപ്പെടുത്താമെന്ന് അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ജില്ലാതലങ്ങളിൽ അടിയന്തര നടപടികൾക്കായി താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാം. പ്രവർത്തന സമയം രാവിലെ ഒൻപത് മുതൽ രാത്രി ഒൻപത് വരെ.

തിരുവനന്തപുരം - 0471 - 2322303, 2328652, 8547638181, കൊല്ലം - 0474 - 2742993, ആലപ്പുഴ - 0477 - 2242073, പത്തനംതിട്ട - 0468 - 2222670, കോട്ടയം - 0481 - 2563701, ഇടുക്കി, തൊടുപുഴ - 0486 - 2222812, എറണാകുളം - 0484 - 2361369, മൂവാറ്റുപുഴ - 0485 - 2832252, തൃശൂർ - 0487 - 2333070, പാലക്കാട് - 0491 - 2546632, മലപ്പുറം - 0483 - 2734857, കോഴിക്കോട്, വയനാട് - 0495 - 2370095, കണ്ണൂർ - 0497 -2707080, കാസർഗോഡ് - 0499 - 4255544.

# ശുചിത്വ മിഷൻ: വെബ്പോർട്ടൽ ഉദ്ഘാടനം ചെയ്തു

ശുചിത്വമിഷൻ നടപ്പിലാക്കി വരുന്ന ഹരിത കേരളം ക്യാമ്പയിന്റെ ഭാഗമായി വികസിപ്പിച്ച വെബ്പോർട്ടലിന്റെയും ശുചിത്വ കേരളം വാർത്താപത്രികയുടെയും ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ നിർവഹിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ സന്നദ്ധരായിട്ടുള്ള വോളന്റിയർമാർക്ക് വെബ്പേജിൽ പേരുവിവരങ്ങൾ രജിസ്റ്റർ ചെയ്യാം. ശുചിത്വമിഷൻ വെബ്സൈറ്റായ sanitationkerala.gov.inൽ ഈ പേജ് ലഭ്യമാണ്.

സൗജന്യ വാർത്താപത്രിക തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ. ജോസിന് നൽകിയാണ് പ്രകാശനം ചെയ്തത്. വാർത്താപത്രിക തപാലിലോ നേരിട്ടോ ലഭ്യമാക്കുന്നതിന് ശുചിത്വ മിഷൻ സംസ്ഥാന ഓഫീസുമായി ബന്ധപ്പെടണം. ഫോൺ- 0471-2339831, 2327730

# ആധാർ അനുബന്ധ സേവനങ്ങൾക്ക് ഐടി മിഷനുമായി ബന്ധപ്പെടണം.

അംഗപരിമിതികൾ ഉള്ളവർക്ക് ആധാറിൽ പേര് ചേർക്കാൻ ഭാരതീയ സവിശേഷ തിരിച്ചറിയൽ അതോറിറ്റി പ്രത്യേക പരിഗണന നൽകുമെന്ന് സ്റ്റേറ്റ് ഐ.ടി. മിഷൻ ഡയറക്ടർ അറിയിച്ചു.

നവജാതശിശുക്കൾ ഉൾപ്പെടെ അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ പേര് ചേർക്കാനും ഇപ്പോൾ സംവിധാനമുണ്ട്. കൂടാതെ ഐ.ടി. മിഷൻ നൽകുന്ന eKYC, ഓതന്റിക്കേഷൻ തുടങ്ങിയ ആധാർ അധിഷ്ഠിത സേവനങ്ങൾ സംസ്ഥാന സർക്കാരിനു കീഴിലുള്ള സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും പ്രയോജനപ്പെടുത്താമെന്നും ഡയറക്ടർ അറിയിച്ചു.

പൊതുജനങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ക്ഷേമ ബോർഡുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, അംഗൻവാടികൾ, സ്കൂൾ-കോളേജുകൾ, അനാഥ മന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ, രജിസ്റ്റർ ചെയ്ത കമ്പനികൾ എന്നിവയ്ക്ക് ആധാർ പേര് ചേർക്കൽ, കുട്ടികളുടെ പേര് ചേർക്കൽ, ആധാർ വിവരങ്ങൾ പുതുക്കൽ, ആധാർ സ്ഥിതി പരിശോധിക്കൽ, പേര് ചേർക്കൽ സ്ലിപ്പ്, ആധാർ മുതലായവ നഷ്ടപ്പെട്ടാൽ ഉള്ള സഹായങ്ങൾ, ഇ-ആധാർ ഡൗൺലോഡ് എന്നീ സേവനങ്ങൾക്ക് അക്ഷയകേന്ദ്രങ്ങൾ സന്ദർശിക്കാവുന്നതാണ്.

കുട്ടികൾക്ക് അംഗൻവാടികളിലും അംഗപരിമിതർ, കിടപ്പിലായവർ മുതലായവർക്ക് വീട്ടിൽ ചെന്നുമുള്ള ആധാർ പേര് ചേർക്കൽ, പൊതു ആധാർ ക്യാമ്പുകൾ സംഘടിപ്പിക്കൽ എന്നീ സേവനങ്ങൾക്ക് അക്ഷയകേന്ദ്രങ്ങളെയും അക്ഷയ ജില്ലാ ഓഫീസുകളെയും സമീപിക്കാം.

പൊതുജനങ്ങൾക്ക് ആധാർനില പരിശോധിക്കൽ, പേര് ചേർക്കൽ സ്ലിപ്, ആധാർ മുതലായവ നഷ്ടപ്പെട്ടാൽ ഉള്ള സഹായങ്ങൾ, പേര് ചേർക്കൽ കേന്ദ്രങ്ങളുടെ വിവരങ്ങൾ എന്നിവ ലഭ്യമാകാൻ സിറ്റിസൺ കാൾ സെന്ററിൽ (ഫോൺ: 1800-4251-1800 (സൗജന്യം), 155300) ബന്ധപ്പെടാം. പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ആധാർ പേര് ചേർക്കൽ, അംഗപരിമിതരുടെയും കിടപ്പിലായവരുടെയും പേര് ചേർക്കൽ, ആധാർ ഓതന്റിക്കേഷൻ, eKYC എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും ഡാറ്റാബേസിൽ ആധാർ ബന്ധിപ്പിക്കുന്നതിനു വേണ്ടി ആധാർ സ്ഥിതി അറിയാനും ആധാർ ഹെൽപ് ഡസ്കിൽ (ഇ-മെയിൽ: uidhelpdesk@kerala.gov.in) ബന്ധപ്പെടാം. ആധാർ ഓതന്റിക്കേഷൻ, eKYC, സേവനങ്ങളുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ഇ-ഗവേണൻസ് സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുമായി സംയോജിപ്പിക്കുന്നതിന് ആധാർ പ്രോജക്ടുമായി (ഇ-മെയിൽ: aadhaar.ksitm@kerala.gov.in) ബന്ധപ്പെടണമെന്നും ഐടി മിഷൻ ഡയറക്ടർ അറിയിച്ചു.

# വാർത്തകളും വിശേഷങ്ങളും

## സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE)– മുന്നൊരുക്കപ്രവർത്തനങ്ങൾ അംഗീകരിച്ച് ഉത്തരവായി

അടുത്ത അഞ്ചു വർഷം കൊണ്ട് കേരളത്തിലെ മുഴുവൻ ഭൂരഹിത- ഭവനരഹിതർക്കും ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതു വഴി കേരളത്തിന്റെ സാമൂഹിക/പശ്ചാത്തല മേഖലയിൽ കാര്യമായ മാറ്റം ഉണ്ടാക്കുന്നതിനും ഭവനരഹിതർക്ക് മാന്യവും സുരക്ഷിതവുമായ ഭവനത്തോടൊപ്പം ജീവനോപാധി ഉറപ്പാക്കാൻ കഴിയുന്ന ഭവനസംവിധാനമൊരുക്കുന്നതിനുമായി ആവിഷ്ക്കരിച്ചിരിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(LIFE) നടപ്പാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ അംഗീകരിച്ച് ഉത്തരവായി (സ.ഉ(സാധാ) നം. 328/17/തസ്വഭവ തീയതി 6-2-2017)

## കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾ ചട്ടം 76 ബി പ്രകാരം കമ്മിറ്റി രൂപീകരിച്ചു

2014 ലെ കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 76 ബി പ്രകാരം പഞ്ചായത്തുകളിലെ വൻകിട വികസനപദ്ധതികൾക്ക് സർക്കാർ അനുമതി നൽകുന്നതിനായുള്ള ശുപാർശ നൽകുന്നതിനായി (സ.ഉ.(എം.എസ്) നം.28/2017/തസ്വഭവ, തീയതി 01-02-2017) കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി.

## വസ്തു നികുതി കുടിശ്ശിക ഒറ്റതവണയായി അടയ്ക്കുന്നവർക്ക് 31–03–2017 വരെ പിഴപ്പലിശ ഒഴിവാക്കി ഉത്തരവായി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഒറ്റ തവണയായി അടയ്ക്കുന്നപക്ഷം പിഴപലിശ ഒഴിവാക്കി നൽകുന്ന നടപടി 31-3-2017 വരെ ദീർഘിപ്പിച്ച് ഉത്തരവായി (സ.ഉ(സാധാ) നം.278/2017/തസ്വഭവ തീയതി 01-02-2017)

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി – ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും പരിഷ്ക്കരിച്ച് ഉത്തരവായി

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ/ഭേദഗതികൾ അംഗീകരിച്ച് പരിഷ്ക്കരിച്ച് ഉത്തരവായി (സ.ഉ(സാധാ)നം. 268/2017/തസ്വഭവ തീയതി 31-01-2017), (സ.ഉ(സാധാ)നം. 397268/2017/തസ്വഭവ തീയതി 13-02-2017)

## സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തനത് ഫണ്ടിന് പകരം വികസന ഫണ്ട് വകയിരുത്താവുന്നതാണ്


മുൻ വർഷങ്ങളിൽ ഏറ്റെടുത്ത തനത് ഫണ്ട് പ്രോജക്ടുകൾക്ക് പണം അനുവദിക്കുന്നതിന് മതിയായ തനത് ഫണ്ട് ലഭ്യമല്ലെങ്കിൽ 2016-17 വാർഷിക പദ്ധതിയിലെ നിർവ്വഹണം ആരംഭിക്കാത്ത തനത് ഫണ്ട് പ്രോജക്ടുകൾ ഉപേക്ഷിച്ച് ആ പ്രോജക്ടുകളുടെ വിഹിതം സ്പിൽ ഓവർ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണെന്നും അപ്രകാരം തുക കണ്ടെത്താൻ കഴിയില്ലെങ്കിൽ മാത്രം വികസന ഫണ്ടിൽ നിന്നും മേഖലാതല മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തുക കണ്ടെത്തുന്നതിനും നിർദ്ദേശം പുറപ്പെടുവിച്ചു. (സർക്കുലർ നം. 26/ഡി.ബി3/2017/തസ്വഭവ തീയതി 07-02-2017)

## സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (LIFE) സർവ്വേയ്ക്കുള്ള മാർഗ്ഗരേഖ അംഗീകരിച്ചു ഉത്തരവായി

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (LIFE) സർവ്വേയ്ക്കുള്ള മാർഗ്ഗരേഖ, സർവ്വേയ്ക്കുള്ള പരിശോധനാ ഫോറം, ഭൂരഹിത ഭവനരഹിത സർവ്വേ മാന്വൽ എന്നിവ അംഗീകരിച്ചു ഉത്തരവായി. (സ.ഉ(സാധാ)നം. 391/17/തസ്വഭവ തീയതി 09-02-2017)

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by P. Bala Kiran IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYAT RAJ** (Monthly) February 2017
Annual Subscription ₹ 120/-, Published on 20th February 2017
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licenced Post without Prepayment No. KL/TV(N) WPP-85/2015-17



# ഫോർ ദി പീപ്പിൾ

## പരാതിപ്പെടാം .... ഓൺലൈനിലൂടെ

- പൊതുജനങ്ങൾക്ക് ''For the people'' പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ONLINE ആയി നൽകാം.
- ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം
  - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ
  - അഴിമതി സംബന്ധിച്ച പരാതി
- വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം
- പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം
- പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗരഗ്രാമാസൂത്രണ വകുപ്പ്, LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ web portal ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Printed & Published by P. Bala Kiran IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: P. Bala Kiran IAS